Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മകരം 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഫെബ്രുവരി 3 | ലക്കം 23

## പത്താം പീയൂസ്

### ചെരിപ്പുകുത്തുതൊഴിലാളിയുടെ മകൻ പാപ്പാസ്ഥാനംവഴി വിശുദ്ധപദത്തിലേക്കു്

(ഫാദർ ജേക്കബ് കല്ലറയ്ക്കൽ)

അടുത്ത മേയ് 29-ാംതീയതി നടക്കുന്ന പത്താംപീയൂസ് പാപ്പായുടെ വിശുദ്ധപദപ്രഖ്യാപനമായിരിക്കും ഈ മരിയവത്സരത്തിലെ സ്മരണീയമായ ഒരു സംഭവം. 1712-ൽ വിശുദ്ധ അഞ്ചാം പീയൂസിന്റെ നാമകരണത്തിനുശേഷം ഒരു മാർപ്പാപ്പാ വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്നതു് ഇതാദ്യമായിട്ടാണു്. ഇപ്പോൾ ജീവിച്ചിരിക്കുന്ന നമ്മിൽ പലരുടെയും ഓർമ്മയിൽത്തന്നെ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തെ സ്തുത്യർഹമാംവിധം അലങ്കരിച്ചിരുന്ന ഈ പുണ്യാത്മാവു് 1914 ആഗസ്റ്റ് 20-ാംതീയതിയാണു ദിവംഗതനായതു്. 1951 ജൂൺ 3-ാനു അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനെന്നു തിരുസ്സഭ പ്രഖ്യാപനം ചെയ്തു. തദനന്തരം അദ്ദേഹത്തെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയായിരുന്നു. നാമകരണത്തിനാവശ്യമുള്ള രണ്ടത്ഭുതങ്ങൾ റീത്തുകളുടെ തിരുസംഘം തിരഞ്ഞെടുത്തു. അവയിലൊന്നു നേപ്പിൾസിലെ അഭിഭാഷകനായ ഫ്രാൻസെസ്കോ ബൽസാനിക്കും മറ്റൊന്നു പലേർമോയിലെ സിസ്റ്റർ മരിയാ ലൂയിസാ സ്കോർസിയായ്ക്കും ലഭിച്ച അത്ഭുതരോഗശാന്തികളാണു്. ഒമ്പതംഗങ്ങളുടങ്ങിയ ഒരു മെഡിക്കൽ കമ്മീഷൻ സംഭവങ്ങൾ രണ്ടും പരിശോധിച്ചു് അവ പ്രകൃത്യതീതമായ വിധത്തിൽ നടന്നവയാണെന്നു രേഖപ്പെടുത്തുകയുണ്ടായി. അതിനുശേഷം റീത്തുകളുടെ തിരുസംഘം ഈ അത്ഭുതസംഭവങ്ങളെ സൂക്ഷ്മമായി പരിശോധിച്ചു് കഴിഞ്ഞ ഒക്ടോബർ 29-ാനു അംഗീകരിക്കുകയാണുണ്ടായതു്. നാമകരണച്ചടങ്ങു് മേയ് 29-ാനു നടക്കുമെന്നുള്ള പത്രറിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കേണ്ടതു വിശുദ്ധ പദപ്രഖ്യാപനവിഷയകമായ അവസാനനടപടികളും പുറപ്പെട്ടുകഴിഞ്ഞുവെന്നാണു്. അങ്ങനെ കത്തോലിക്കാലോകത്തിന്റെ ചിരകാലാഗ്രഹം ഈ മരിയവത്സരത്തിലെ ഒരു മംഗളമുഹൂർത്തത്തിൽ സഫലമാകാൻ പോകുന്നു!

### 'ഞാൻ ദരിദ്രനായി ജനിച്ചു'

കഥാനായകൻ 1835-ൽ വെനീസിനു പശ്ചിമോത്തരമായി കിടക്കുന്ന ലെഞ്ചെരുവിലെ റീയസ് എന്ന ചെറുഗ്രാമത്തിൽ ജനിച്ചു. ജോസഫ് മെൽക്കിയോർ സാർത്തോ എന്നായിരുന്നു ജ്ഞാനസ്നാനനാമം. സാർത്തോയുടെ പിതാവു ജോൺബാപ്റ്റിസ്റ്റ് ചെരുപ്പുകുത്തി, പോസ്റ്റു പ്യൂൺ മുതലായ നിലകളിൽ ജോലിചെയ്തുപോന്നു കുടുംബം പുലർത്തിപ്പോന്നു. അമ്മ മാർഗ്ഗരറ്റ സാൻസൺ സൂചിപ്പണിചെയ്തു ഭർത്താവിന്റെ ഉത്തമയായ ആദായത്തെ പരിപോഷിപ്പിച്ചു. പാവപ്പെട്ടവരായിരുന്നെങ്കിലും അവർ പ്രതിരോധശാലികളും ഉത്സാഹശീലരും സർവ്വോപരി ഉറച്ച ദൈവഭക്തരുമായിരുന്നു. ഒമ്പതു സന്താനങ്ങളിൽ സീമന്തപുത്രനായിരുന്നു ജോസഫ് സാർത്തോ. പ്രാരംഭപഠനത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു സാർത്തോ കാസ്റ്റൽഫ്രാങ്കോയിലേക്കു പോയി. കുട്ടി ദിവസേന അങ്ങോട്ടുമിങ്ങോട്ടും എട്ടുമൈൽ നടന്നാണു വിദ്യാഭ്യാസം നടത്തിയിരുന്നതു്. അപ്പൻ ഒരു ജോടി ചെരിപ്പു വാങ്ങിച്ചുകൊടുത്തെങ്കിലും അതു കേടുവന്നാൽ വേറൊന്നു വാങ്ങിക്കാൻ അപ്പൻ ക്ലേശിക്കുമല്ലോ എന്നുകരുതി ചെരിപ്പൂരി തോളത്തു തൂക്കിയിട്ടുകൊണ്ടു നഗ്നപാദനായിട്ടാണു് സാർത്തോ സ്കൂളിലേക്കു പോയിരുന്നതു്!




വാഴ്ത്തപ്പെട്ട 10-ാം പീയൂസ് മാർപ്പാപ്പ.
വിശുദ്ധപദപ്രഖ്യാപനം മേയ് 29-ാം തീയതി നടത്തപ്പെടും.

### വൈദികപദത്തിലേക്കു

ജോസഫ് ഒരു വൈദികനായിത്തീരുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ മാതാപിതാക്കന്മാരുടെ ആനന്ദം അവാച്യമായിരുന്നു. അവർ അതു് എന്നേ ആഗ്രഹിച്ചിരുന്നതാണു്! പാദുവാ സെമിനാരിയിൽ ചേർന്നു പഠിക്കുന്നതിനു ഒരു സ്കോളർഷിപ്പു് ലഭിച്ചതിനാൽ ചെലവിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു. സെമിനാരിയിൽ, അസാധാരണമായ ബുദ്ധിപ്രഭാവവും ഒന്നുകൊണ്ടും ഉലയാത്ത സ്വഭാവദാർഢ്യവും അതുല്യമായ ദീനാനുകമ്പയും ജോസഫിൽ തെളിഞ്ഞുകണ്ടു. 1855-ൽ പുരോഹിതപട്ടം സ്വീകരിച്ചിട്ടു് അടുത്ത ഒമ്പതുവർഷം ഡോൺ സാർത്തോ ടൊംബോളാ ഇടവകയിൽ അസിസ്റ്റൻറായി ജോലിനോക്കി. അവിടെ എഴുത്തും വായനയും വശമില്ലാത്തവർക്കു് ഒരു നിശാപാഠശാല ആരംഭിച്ചതു് അദ്ദേഹത്തിന്റെ വിവിധസംരംഭങ്ങളിൽ ഒന്നായിരുന്നു. വിദ്യാർത്ഥികളിൽ തീരെ പാവപ്പെട്ടവർക്കു അദ്ദേഹംതന്നെയാണു ക്ലാസ്സെടുത്തിരുന്നതു്. തങ്ങൾക്കു ചെയ്യുന്ന അമൂല്യസേവനത്തിനു എന്തുപ്രതിഫലം നൽകേണ്ടു എന്നു ചോദിച്ച അവരോടു് സാർത്തോ അച്ചൻ പറകയാണു്:

"ദൈവത്തെ പറ്റി ഇനി ഒരിക്കലും പ്രാകുകയോ അസഭ്യം പറകയോ ചെയ്യരുതു്. അതു മാത്രമേ ഞാൻ പ്രതിഫലമായി ചോദിക്കുന്നുള്ളു."

അനന്തരം സൽസാനോയിലെ വികാരിയായി നിയമിക്കപ്പെട്ട ഡോൺ സാർത്തോ ഒരു ആത്മപാലകനും ഭരണകർത്താവിനും ആവശ്യമായ ഗുണഗണങ്ങളുടെ വിളനിലമായി ശോഭിച്ചു. അദ്ദേഹത്തിന്റെ ദീനാനുകമ്പയും പരസ്നേഹവും വളർന്നു വികസിച്ചതും ഇവിടെ വച്ചാണു്. പാവങ്ങളെ സഹായിച്ചു് സഹായിച്ചു് എത്ര പ്രാവശ്യമാണു അദ്ദേഹം പാപ്പരായിട്ടുള്ളതു്! തന്റെ വാച്ചു പണയം വച്ചും കുതിരയെ വിറ്റും ഭക്ഷണം വെട്ടിക്കുറച്ചും പണമുണ്ടാക്കിയാണു പാവങ്ങളെയും രോഗികളെയും സഹായിച്ചതു്. അദ്ദേഹത്തിന്റെ ഭവനവിചാരിപ്പു് സ്വസഹോദരിതന്നെയാണു നടത്തിയിരുന്നതു്. അച്ചൻ ആവശ്യം വരുമ്പോൾ എടുത്തു വിറ്റുകളയുമെന്നു ഭയപ്പെട്ടു ഉടുപ്പുകളും മറ്റുപയോഗസാധനങ്ങളും അവർ എടുത്തു ഒളിച്ചുവയ്ക്കുമായിരുന്നത്രേ. സംഘസംരക്ഷണം, ആസ്പത്രിനടത്തിപ്പു്, മുതലായവ അദ്ദേഹത്തിനു ഭാരിച്ച കടം വരുത്തിവച്ചു. പക്ഷേ അപ്പോഴും ഡോൺ സാർത്തോ പറഞ്ഞിരുന്നതു് "ദൈവപരിപാലന ഒരു മാർഗ്ഗം കാണിച്ചു തരാതിരിക്കയില്ല" എന്നാണു.

അടുത്തതായി ട്രെവീസോയിലെ ഭദ്രാസനപ്പള്ളിയുടെ കാനൻ ആയിട്ടാണു ഡോൺ സാർത്തോ നിയുക്തനായതു്! രൂപതാസെമിനാരിയുടെ ആദ്ധ്യാത്മികഗുരു എന്ന ഭാരമേറിയ ജോലിയും അദ്ദേഹത്തിൻെറ ചുമലിൽത്തന്നെ നിക്ഷിപ്തമായി. മോൺ. സാത്തോ വൈദികാർത്ഥികൾക്കു ശരിയായ പരിശീലനവും മതിയായ പഠനവും നൽകുന്നതിൽ ദത്തശ്രദ്ധനായിരുന്നു. കർമ്മാനുഷ്ഠാനവിധികളും ദൈവാലയഗീതങ്ങളും അഭ്യസിപ്പിക്കുന്നതിൽ അതുല്യമായ ജാഗ്രതയാണു അദ്ദേഹം പ്രദർശിപ്പിച്ചിരുന്നതു്. പല പാവപ്പെട്ട വൈദികവിദ്യാർത്ഥികൾക്കും ധനസഹായം ചെയ്തിരുന്നതു മോൺ: സാത്തോ തന്നെയായിരുന്നു. പ്രസ്തുത ജോലികൾക്കിടയിൽ, ചാൻസലർ, വികാരി ജനറാൾ എന്നീ നിലകളിൽ രൂപതാഭരണത്തിലും ഏർപ്പെടേണ്ടി വന്നു. മോൺ സാത്തോയുടെ സാമർത്ഥ്യവിശേഷങ്ങൾ പരിശുദ്ധസിംഹാസനത്തിൻെറ ശ്രദ്ധയിൽപെടുകയും ഏറെത്താമസിയാതെ പതിമൂന്നാം ലെയോ മാർപ്പാപ്പാ അദ്ദേഹത്തെ മാന്തുവായിലെ മെത്രാനായി നിയമിക്കുകയും ചെയ്തു.

### പൗരോഹിത്യത്തിൻെറ പൂർണ്ണത

വൈദികവിദ്വേഷം ആളിക്കത്തുകയായിരുന്നു അന്നു മാന്തുവായിൽ. മതവും രാഷ്ട്രവും തമ്മിൽ ഭിന്നിപ്പും വടംവലിയും കൊടുമ്പിരിക്കൊണ്ടിരുന്നു. വൈദികരിൽ ചിലർ അധികാരവിദ്വേഷികളും വിശ്വാസികളിൽ ഭൂരിപക്ഷവും നാമമാത്രകത്തോലിക്കരുമായിരുന്നു. രൂപതാഭരണമേറെറടുത്തപ്പോൾ ബിഷപ്പു സാത്തോയ്ക്കു അനവദ്ധമായി പറയാമായിരുന്നു: "മററുള്ളവരെ രക്ഷിക്കുന്നതിനു വേണ്ടി, ഞാൻ ബുദ്ധിമുട്ടുകയും വിപത്തുകളെ അഭിമുഖീകരിക്കുകയും വിരോധങ്ങൾ സഹിക്കുകയും കൊടുങ്കാററിനെ നേരിടുകയും നന്മക്കെതിരായി പോരാടുകയും ചെയ്യേണ്ടിയിരിക്കുന്നു" എന്നു്.

എങ്കിലും ബിഷപ്പു സാത്തോ തൻെറ കർത്തവ്യങ്ങൾ പതറാത്ത വിശ്വാസത്തോടും ഇടറാത്ത ധൈര്യത്തോടുംകൂടെ നിർവ്വഹിക്കുവാനാരംഭിച്ചു. അദ്ദേഹത്തിൻെറ സൗമ്യതയും സൗമനസ്യവും സിവിലധികാരികളെ വശത്താക്കി. വഴിതെററിപ്പോയ വൈദികരോടു പൈതൃകസ്നേഹത്തോടെയാണു് അദ്ദേഹം പെരുമാറിയതു്. മാന്തുവായിലെ ഫാക്ടറി തൊഴിലാളികൾക്കു കൂടുതൽ ആനുകൂല്യങ്ങളും തൊഴിൽ സൗകര്യങ്ങളും നേടിക്കൊടുത്തു. പാവങ്ങളുടെ ഉന്നമനത്തിനായി "മിച്ചനിക്ഷേപ സംഘങ്ങൾ" സ്ഥാപിച്ചു. പരസ്നേഹസംരംഭങ്ങൾക്കു തൻെറ കൈയിൽ കിട്ടിയിരുന്നതെല്ലാം ചെലവഴിക്കും. വാച്ചുമാത്രമല്ല മെത്രാൻമോതിരവും പലപ്പോഴും പണയപ്പെട്ടതായിട്ടുണ്ടെന്നു കേൾക്കുമ്പോൾ ആരാണു് അത്ഭുതപ്പെടാത്തതു! കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കു സർവ്വവിധ പിൻതുണയും നൽകി. വിശ്വാസികൾക്കു ശരിയായ മതപ്രബോധനം പ്രദാനം ചെയ്യുന്നതിൽ അദ്ദേഹം സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചു. "ജനങ്ങൾ ദൈവത്തെപ്പററിയും കൂദാശകളെപ്പററിയും നിത്യജീവിതത്തെപ്പററിയും ഒന്നും കേൾക്കുകയോ അറിയുകയോ ചെയ്യുന്നില്ലെങ്കിൽ അവർ ക്രമേണ സാമൂഹ്യവും പൗരധർമ്മപരവുമായ എല്ലാ മൂല്യവികാരങ്ങളും ഇല്ലാത്തവരായിത്തീരും" എന്നാണു് രൂപതാസുനഹദോസിൽ സമ്മേളിച്ചിരുന്ന വൈദികരോടു അദ്ദേഹം പ്രസ്താവിച്ചതു്.

തൻെറ സ്ഥാനാരോഹണം കഴിഞ്ഞയുടനെ ബിഷപ്പു സാർത്തോ റീയസിൽ ചെന്നു തൻെറ വൃദ്ധമാതാവിനെ സന്ദർശിച്ചു. മെത്രാൻ തൻെറ മോതിരം അമ്മയെ കാണിച്ചപ്പോൾ ആ സാധ്വി ഫലിതരൂപത്തിൽ പറഞ്ഞതിതാണു്: "ഈ മോതിരം അസ്സലായിട്ടുണ്ടു്." അനന്തരം ചുളിഞ്ഞുമെലിഞ്ഞ തൻെറ വിരലിൽ കിടന്നിരുന്ന വിവാഹമോതിരം കാണിച്ചുകൊണ്ടു തുടർന്നു: "പക്ഷേ മകനേ, ഈ മോതിരം ഇല്ലായിരുന്നുവെങ്കിൽ ആ മോതിരം ഉണ്ടാകുമായിരുന്നില്ല അല്ലേ?"

### ചുവപ്പുതൊപ്പി

1893-ൽ ബിഷപ്പു സാത്തോ വെനീസിൻെറ കർദ്ദിനാൾ പാത്രിയർക്കീസു് എന്ന സമുന്നതസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടു. ഒരു കാലത്തു് അഡ്റിയാററിക്കു കടലിൻെറ റാണിയായി വിരാജിച്ചിരുന്ന ഈ പുരാതനപട്ടണം അന്നു അജ്ഞതയും അവിശ്വാസവും ദാരിദ്ര്യവുംകൊണ്ടു അടിക്കടി ക്ഷയോന്മുഖമായ നിലയെ പ്രാപിച്ചിരുന്നു. സഭയും രാഷ്ട്രവും തമ്മിലുള്ള സംഘട്ടനം മൂർദ്ധന്യാവസ്ഥയിലെത്തിയിരുന്നെന്നു പറയാം. ഇവയെല്ലാം പുതിയ അജപാലകൻെറ സ്വഭാവവൈശിഷ്ട്യത്തേയും തീക്ഷ്ണതയേയും വെല്ലുവിളിക്കുക തന്നെ ചെയ്തു.

ആ വെല്ലുവിളി അദ്ദേഹം സുധീരം സ്വീകരിച്ചു. ആദ്യമായി അദ്ദേഹത്തിനു ലഭിച്ച വിജയം തൻെറ ഭരണീയരുടെ ഹൃദയങ്ങളുടെമേലുള്ളതായിരുന്നു. ഈ 'നാടൻ കർദ്ദിനാൾ'—അങ്ങനെയാണു് അദ്ദേഹം സ്വയം വിളിച്ചിരുന്നതു്—എല്ലാവർക്കും തൻെറ ഹൃദയകവാടം തുറന്നിട്ടു; എല്ലാവർക്കും എല്ലാമായിത്തീർന്നു. കുട്ടികളുടെ ഇടയിലേക്കു് അദ്ദേഹം ഇറങ്ങിച്ചെന്നു; പാവപ്പെട്ട തൊഴിലാളികളോടു സഹതാപപൂർവ്വം സംഭാഷിച്ചു; സഹകരണബാങ്കുകൾ സംഘടിപ്പിച്ചു; അവശർക്കും അനാഥർക്കുംവേണ്ടി തൻെറ സുഖസൗകര്യങ്ങൾ ബലികഴിച്ചു; സിവിലധികാരികളുമായി മൈത്രീബന്ധം പുലർത്തി; മതപ്രബോധനത്തിനു അർഹമായ പ്രാധാന്യം കൊടുത്തു. വെനീഷ്യൻ പ്രസംഗപീഠങ്ങളെപ്പററി അദ്ദേഹം പരാതിപ്പെട്ടതു, "അവിടെ വളരെയധികം പ്രസംഗമുണ്ടു്, പ്രബോധനമാകട്ടെ വളരെ കുറച്ചും" എന്നാണു്. അതിനാൽ ഇടവകകളിൽ എല്ലാം ഞായറാഴ്ചകളിലും ആബാലവൃദ്ധം വിശ്വാസികൾക്കു വേദോപദേശം നടത്താൻ ഏർപ്പാടു ചെയ്തു.

### റിട്ടേൺ ടിക്കററ വെറുതെയായി

1903-ൽ ലെയോ പതിമൂന്നാമൻ കാലം ചെയ്തു. താൻ പാപ്പാസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുമെന്നു കർദ്ദിനാൾ സാത്തോ സ്വപ്നേപി പ്രതീക്ഷിച്ചിരുന്നില്ല. തെരഞ്ഞെടുക്കപ്പെടുന്നതിനല്ല, യോഗ്യനായ ഒരാളെ തെരഞ്ഞെടുക്കുന്നതിനാണു് അദ്ദേഹം റോമ്മിലേക്കു പുറപ്പെട്ടതു്. അതുകൊണ്ടാണു് ഒരു റിട്ടേൺ ടിക്കററുകൂടി വെനീസിൽ നിന്നു വാങ്ങിച്ചുകൊണ്ടു യാത്ര പുറപ്പെട്ടതു്.

കോൺക്ലേവിൻെറ ചരിത്രം സുപ്രസിദ്ധമാണല്ലോ. ആവേശഭരിതമായ ഒരന്തരീക്ഷത്തിലാണു കോൺക്ലേവു കൂടിയതു്. ഫ്റാൻസീസു ജോസഫ് ചക്രവത്തി കർദ്ദിനാളന്മാരിൽ പ്രഥമഗണനീയനും പാപ്പാസ്ഥാനാർത്ഥിയായി എല്ലാവരും പ്രതീക്ഷിച്ചിരുന്ന ദേഹവുമായ കർദ്ദിനാൾ റമ്പോളായ്ക്കു വീറേറാ അയച്ചു. അനധികൃതമായ ആ വീറേറായെ അതർഹിക്കുന്നവിധത്തിൽ കർദ്ദിനാളന്മാർ അവഗണിച്ചുവെങ്കിലും റമ്പോളായ്ക്കു തെരഞ്ഞെടുപ്പിനാവശ്യമായ മൂന്നിൽ രണ്ടു ഭാഗം വോട്ടുകൾ കിട്ടിയില്ല. അതിനാൽ തെരഞ്ഞെടുപ്പുകാർ മറെറാരാളിലേക്കു തങ്ങളുടെ ദൃഷ്ടികൾ തിരിച്ചു. അതു നമ്മുടെ "നാടൻ കർദ്ദിനാളായ" സാത്തോ അല്ലാതെ മററാരുമായിരുന്നില്ല. അങ്ങനെ പ്രഥമ വോട്ടിംഗിൽ വെറും അഞ്ചു വോട്ടുകൾമാത്രം ലഭിച്ച സാത്തോ അവസാനം ബഹുഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. ഫലം അറിഞ്ഞപ്പോൾ ഇതികർത്തവ്യതാമൂഢനായി അദ്ദേഹം വിമ്മി വിമ്മി കരഞ്ഞുകൊണ്ടിരുന്നു. എങ്കിലും ദൈവത്തിൻെറ സുസ്പഷ്ടമായ തിരുമനസ്സിനു കീഴ്പ്പെട്ടുകൊണ്ടു ഭാരമേറിയ ആ ചുമതലയ്ക്കു അദ്ദേഹം തലകുനിച്ചു്, പത്താം പീയൂസ് എന്ന നാമം സ്വീകരിച്ചു സിംഹാസനാരൂഢനായി.

(തുടരും)

വിമർശനവീഥി

# രാജാജിയുടെ ഉദ്ബോധനം: വോട്ടറന്മാർക്കു് മാർഗ്ഗദർശനം

മദ്രാസിലെ മുഖ്യമന്ത്രിപദം ഇപ്പോൾ അലങ്കരിക്കുന്ന ജ്ഞാനവൃദ്ധനും വയോവൃദ്ധനുമായ ശ്രീ രാജഗോപാലാചാരി ഇന്ത്യൻ രാജ്യതന്ത്രജ്ഞന്മാരിൽ അഗ്രിമസ്ഥാനം അർഹിക്കുന്നവരിൽ ഒരാളാണെന്നു് പരിഷ്കൃതലോകം സമ്മതിച്ചിരിക്കുകയാണു്. ഗാന്ധിജിയുടെ നേതൃത്വത്തിലും കോൺഗ്രസ്സിൻെറ കൊടിക്കീഴിലുംനിന്നു് നമ്മുടെ ദേശീയസ്വാതന്ത്ര്യത്തിനായി സമർത്ഥവും സ്വാർത്ഥരഹിതവുമായ സേവനങ്ങൾ ചെയ്തിട്ടുള്ള ഒരു പ്രമുഖധർമ്മയോദ്ധാവാണദ്ദേഹം. ഈ യോഗ്യതകൾ സന്തോഷപൂർവ്വം സമ്മതിച്ചുകൊണ്ടു് അദ്ദേഹത്തെ സ്വതന്ത്രഭാരതത്തിൻെറ പ്രഥമഗവർണ്ണർ ജനറലായി ഭാരതീയർ അംഗീകരിച്ചു. ഏററവും ഉന്നതനായ ഭരണാധികാരിയെന്ന ആ നിലയിലിരുന്നുകൊണ്ടു് തൻെറ അന്തഃകരണത്തിൽ ലയിച്ചുകിടക്കുന്ന ദൈവവിശ്വാസവും ധാർമ്മികബോധവും ഭാരതത്തിലാകമാനം പ്രചരിപ്പിച്ചു് ഭാരതീയർക്കു പകർന്നുകൊടുക്കുവാൻ അദ്ദേഹം നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. പുതിയ ഭരണഘടനയുടെ രൂപീകരണത്തിനും പരിപൂർണ്ണമായ സ്വയംഭരണപ്രാപ്തിക്കും ശേഷമുണ്ടായ ഭരണസംവിധാനത്തിൽ കേന്ദ്രഗവമ്മെൻറിൻെറ മന്ത്രിസഭയിൽ അംഗമായിരുന്നു പല വകുപ്പുകളുടേയും ഉത്തരവാദിത്വം അദ്ദേഹം വഹിക്കുകയുണ്ടായി. ഒടുവിൽ ആ ഭരണഭാരങ്ങളെല്ലാം ചുമലിൽനിന്നിറക്കിവച്ചു് രാജാജി വിശ്രമിക്കുകയായിരുന്നു. ആ ഘട്ടത്തിലാണു് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പു നടക്കുകയും മദ്രാസു് സംസ്ഥാനത്തിൻെറ ഭാഗധേയം ഏറെറടുക്കുവാൻ കരുത്തുള്ള ഒരു മുഖ്യമന്ത്രിയുടെ ആവശ്യം നേരിടുകയും ചെയ്തതു്. സ്വരാജ്യത്തിൻെറയും സ്വരാജ്യവാസികളുടേയും ക്ഷേമത്തെ ലക്ഷ്യംവച്ചു്, താൻ ആസ്വദിച്ചുകൊണ്ടിരുന്ന വിശ്രമസുഖം ഉപേക്ഷിച്ചു്, ചുമതലയേറിയ ആ ഉദ്യോഗം സ്വീകരിക്കുവാൻ പലരുടേയും ആഗ്രഹമനുസരിച്ചു് അദ്ദേഹം സമ്മതിച്ചു. മദ്രാസു് മുഖ്യമന്ത്രിയെന്ന നിലയിൽ സംസ്ഥാനഭരണം നടത്തുന്നതിൽ രാജാജിക്കു വിഷമകാരികളായി പ്രത്യേകം അനുഭവപ്പെട്ടിട്ടുള്ളതു് അവിടത്തെ കമ്മ്യൂണിസ്റ്റുകാരാണു്. അവർ തൻെറ ഒന്നാംനമ്പർശത്രുവാണെന്നും താൻ അവരുടെ ഒന്നാംനമ്പർ ശത്രുവാണെന്നും നിയമസഭകളിലെ വാഗ്വാദങ്ങൾക്കിടയിൽ രാജാജി പരസ്യമായി പ്രസ്താവിച്ചിട്ടുണ്ടു്. ശത്രുതയ്ക്കുള്ള കാരണം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നിരീശ്വരപരവും ധർമ്മവിരുദ്ധവും വിധ്വംസകവും അക്രമപ്രസക്തവുമായ സ്വഭാവവും ആദർശവും നയപരിപാടികളുമാണെന്നു് അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു് വെളിപ്പെടുത്തിയിട്ടുണ്ടു്. രാജാജിയുടെ പ്രസ്താവാഭിപ്രായങ്ങൾ പലതും അപ്പഴപ്പോൾ ഈ പംക്തികളിൽ ഞങ്ങൾ ഉദ്ധരിച്ചിട്ടുള്ളതാണു്. ഇങ്ങനെ കമ്മ്യൂണിസത്തെ ശരിക്കു മനസ്സിലാക്കുകയും ചിത്രീകരിക്കുകയും ചെയ്തിട്ടുള്ള രാജാജി തിരു-കൊച്ചിയെ കമ്മ്യൂണിസ്റ്റു ഭീഷണിയിൽനിന്നും രക്ഷിക്കുവാൻ ബദ്ധപ്പെടുന്നതിൽ ആശ്ചര്യമില്ലല്ലോ. തിരു-കൊച്ചിയിലെ അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷങ്ങൾ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലാണു് ഒരുമിച്ചുനിന്നു കോൺഗ്രസ്സിനെ എതിർക്കുന്നതെന്നും, തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു ശരിയായ ഭൂരിപക്ഷം കിട്ടാതെവന്നാൽ ഇവിടത്തെ ഗവർമ്മെൻറ് അസ്ഥിരവും ബലഹീനവും ജനരക്ഷയ്ക്കു വേണ്ടതു ചെയ്യാൻ അപ്രാപ്തവുമാകുമെന്നും, അസ്വാസ്ഥ്യവും അക്രമവും അരാജകത്വവും അഴിച്ചുവിട്ടു മുതലെടുക്കുവാൻ കമ്മ്യൂണിസ്റ്റ്പാർട്ടി അതുമൂലം അവസരം ഉണ്ടാക്കുമെന്നും അറിയാവുന്ന രാജാജി ആ വസ്തുതകൾ നമ്മെ പറഞ്ഞറിയിക്കുവാൻവേണ്ടി സംസ്ഥാനമാകെ പര്യടനം നടത്തുകയും പ്രധാനകേന്ദ്രങ്ങളിലെ വലിയ യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തല്ലോ. അവയിൽ പലതിലും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ദോഷവശങ്ങൾ അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ആലപ്പുഴ കമ്മ്യൂ: പാർട്ടിയുടെ ഒരു കോട്ടയാണെന്നുള്ള കിംവദന്തിയെ മനസ്സിൽവച്ചുകൊണ്ടു് അവിടെ ചെയ്ത പ്രസംഗത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയെ രാജാജി കൂടുതൽ വിശദമായി പരാമർശിക്കുകയും അപലപിക്കുകയുമുണ്ടായി. അതിലെ സംഗതമായ ഭാഗങ്ങൾ വായനക്കാരുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമാകാൻവേണ്ടി ഉദ്ധരിക്കാം.

### കമ്മ്യൂണിസം രാജ്യത്തിനു് ആപത്തു്

കമ്മ്യൂണിസ്റ്റ്പാർട്ടി തിരു-കൊച്ചിയിൽ കുറെ മുന്നേറിയിട്ടുണ്ടു്. അതിൻെറ കാരണം അതൊരു കളിയാണെന്നും അല്ലാതെ ഗൗരവമായ കാര്യമല്ലെന്നും ജനങ്ങൾ വിചാരിച്ചതാണു്. കമ്മ്യൂണിസ്റ്റ്പാർട്ടി ഇന്നു് ഭരിക്കുന്ന പാർട്ടിയല്ല, പ്രത്യുത പ്രചരണം നടത്തുന്ന പാർട്ടിമാത്രമാണു്. പ്രചരണം വളരെ ശോഭനമായും വളരെ രസമായും നടത്താൻ അവർക്കു കഴിയും. എന്നാൽ അവർ ഒരു ഗവമ്മെൻറു രൂപീകരിച്ചാൽ സകല കുടുംബങ്ങളും കഷ്ടതയനുഭവിക്കും. താൻ അതിവർണ്ണനം ചെയ്യുകയാണെന്നു് ആരും വിചാരിക്കേണ്ട. കമ്മ്യൂണിസ്റ്റ്പാർട്ടി യഥാർത്ഥത്തിൽ അത്യവലിയ ഉപദ്രവകാരിയായിരിക്കുമെന്നുതന്നെ താൻ പറയുന്നു. ഇന്നു നമ്മുടെ ജനങ്ങളിൽ വളരെപ്പേർക്കു് പോലീസിനെപ്പററിയുള്ള അഭിപ്രായം അവർ വളരെ ചീത്തയാണെന്നും വളരെയധികം ഉപദ്രവങ്ങൾ അവരുണ്ടാക്കുമെന്നുമാണു്. പോലീസുകാരിൽനിന്നു അനുഭവപ്പെടുന്ന ഉപദ്രവങ്ങളെപ്പററി എല്ലാദിവസവും അവർ ആവലാതിപറയും. എന്നാൽ കമ്മ്യൂണിസ്റ്റ്പാർട്ടി അധികാരത്തിൽവരുമ്പോൾ ഓരോ പാർട്ടിയംഗവും ഓരോ പോലീസുകാരനായിരിക്കും. തിരുകൊച്ചിയിൽ ഒരു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു വന്നാൽ സ്വാഭാവികമായിത്തന്നെ പാർട്ടിയിലെ ഓരോ അംഗവും ഓരോ പോലീസുകാരനും, ചാരനും ഒററുകൊടുക്കുന്നവനുമായിരിക്കും. അങ്ങനെ ജനങ്ങളുടെ ജീവിതം ഇടവിടാതുള്ള ഉപദ്രവങ്ങളും സംശയങ്ങളും നിറഞ്ഞതായിരിക്കും. നമ്മുടെ ഭരണഘടനയിൽ പല മൗലികാവകാശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടു്. അവവഴിയായി ബുദ്ധിയുള്ള മനുഷ്യർക്കു് ദിവസം പ്രതിയെന്നോണം ഓരോ കേസിലും റിററു് ഹർജികളുമായി ഹൈക്കോടതിയെ സമീപിക്കാവുന്നതാണു്. കമ്മ്യൂണിസ്റ്റ്പാർട്ടി ഈ രാജ്യം ഭരിക്കുന്നെങ്കിൽ മൗലികാവകാശമേ ഉണ്ടായിരിക്കുകയില്ല. കമ്മ്യൂണിസ്റ്റ്പാർട്ടിയിലുള്ളവർ ഇന്നു് ഈ മൗലികാവകാശങ്ങളിൽനിന്നു് മുതലെടുക്കുന്നുണ്ടു. എന്നാൽതാൻ അവരോടു ചോദിക്കുന്നു, നമ്മുടെ വല്ല നിർഭാഗ്യവശാലും അവർ അധികാരത്തിൽവന്നാൽ ഏതെങ്കിലും മൗലികാവകാശത്തെ അവർ ബഹുമാനിക്കുമോയെന്നു്. വിദേശങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടി വിട്ടുപോന്നിട്ടുള്ള അത്യുന്നതരായ പുമാന്മാരുടെ ഏററുപറച്ചിലുകളും പ്രസ്താവങ്ങളും താൻ വായിച്ചിട്ടുണ്ടു്. ആകയാൽ താൻ പറയുന്നതു് എല്ലാം യഥാർത്ഥമാണെന്നും അബദ്ധരഹിതമാണെന്നും തനിക്കറിയാം. പിതാവു് പുത്രനെതിരായി ഒററുകൊടുക്കുന്നു. പുത്രൻ പിതാവിനെതിരായി ഒററുകൊടുക്കുന്നു. ഇതാണു് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടക്കുന്നതു്. അധികാരം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൈയിലേക്കു മാറിക്കഴിയുമ്പോൾ മന്ത്രിമാരെ അവർ തൂക്കിലിടുകയോ വധിക്കുകയോ ചെയ്യുന്നു.

### കമ്മ്യൂണിസ്റ്റുപാർട്ടി നമ്മെ ഭരിക്കാൻ അയോഗ്യർ

ദ്വേഷത്താലോ ചില പിണക്കങ്ങൾമൂലമോ കോൺഗ്രസ്സ് പാർട്ടി വിടുകയും പുതിയ പാർട്ടികൾ രൂപീകരിക്കുകയും ചെയ്യുവരെപ്പററി രാജാജി ഇങ്ങനെ പരാമർശിച്ചു:-

തങ്ങളാണു് ഗാന്ധിജിയുടെ കൂടുതൽ നല്ല അനുയായികളെന്നു് അവരിൽ ചിലർ പ്രസംഗിച്ചു. പിന്നീടു് യുദ്ധത്തിനുശേഷം

(ശേഷം 11-ാം പേജിൽ)

# പുനരൈക്യം

(ഷെവലിയർ ജോസഫ് തളിയത്തു്)

ഈ ജനുവരി 20-ാം തീയതിയിലെ സത്യദീപത്തിൽ ഐക്യവാരാചരണം എന്ന ശീർഷകത്തിൽ ഒരു മുഖലേഖനം പ്രസിദ്ധം ചെയ്തിരുന്നല്ലോ. അതിന്റെ അവസാനഭാഗം ഇപ്രകാരമായിരുന്നു: "കേരളസഭാഗാത്രത്തിൽ വന്നുവശായിട്ടുള്ള മാരകമായ ആ മുറിവു് പരിപൂർണ്ണമായി പൊറുക്കുന്നതുവരെ നമുക്കു സംതൃപ്തരായി ആനന്ദിക്കുവാൻ സാധിക്കയില്ല. ദൈവഗത്യാ മഹത്തായ ഒരു പുനരൈക്യപ്രസ്ഥാനം അനേകനൂററാണ്ടുകളിലെ പരിശ്രമങ്ങളുടേയും എണ്ണമില്ലാത്ത ത്യാഗാനുഷ്ഠാനങ്ങളുടേയും ഫലമായി നമുക്കു കൈവന്നുകഴിഞ്ഞിരിക്കുന്നു. എല്ലാ സഭാവിഭാഗങ്ങളുടെയും നന്മനസ്സും സഹകരണവുംകൊണ്ടു് അതു അനുദിനം പുരിപുഷ്ടി പ്രാപിച്ചു അതിന്റെ സഫലാന്ത്യമായ പരമലക്ഷ്യത്തിലേക്കു് വിജയപൂർവ്വം നീങ്ങിക്കൊണ്ടിരിക്കയാണു്. ക്രിസ്തുവിന്റെ അഭിലാഷപൂർത്തിക്കും അവിടുത്തെ അനുയായികളായ എല്ലാ ക്രിസ്ത്യാനികളുടേയും നിത്യരക്ഷയ്ക്കും നിദാനമായ ഈ പ്രസ്ഥാനം പരിപൂർത്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഈ വാരാചരണത്തിന്റെ ഒരു പ്രത്യേകപരിപാടിയായി പരിണമിക്കുന്നതു സമീചീനവും സമാദരണീയവുമായിരിക്കും."



ഇപ്പോൾത്തന്നെ വിജയപൂർവ്വം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പുനരൈക്യപ്രസ്ഥാനത്തെ കൂടുതൽ ത്വരിതപ്പെടുത്തുന്നതിനു് നല്ലൊരു മാർഗ്ഗം എന്നു തോന്നുന്നതു് പറഞ്ഞുകൊള്ളട്ടെ. എന്നാൽ ഞാൻ പറയുവാൻ പോകുന്ന സംഗതി എന്റെ ബുദ്ധിയിൽ ആദ്യമായി ഉദയംചെയ്തതൊന്നുമല്ല. അതു മിഷൻപ്രവർത്തനങ്ങളെ കാര്യമായി സഹായിച്ചുകൊണ്ടിരിക്കുന്ന യൂറോപ്പിലും അമേരിക്കയിലുമുള്ള പല ഇടവകകളിൽ നിലവിലുള്ളതും കുറേമുമ്പു കാലംചെയ്ത കാളാശേരി മെത്രാനച്ചൻ തിരുമനസ്സിലെ നിർദ്ദേശപ്രകാരം ചങ്ങനാശേരി രൂപതയിൽ ചുരുക്കം ചില ഇടവകകളിൽ കുറച്ചുകാലത്തേക്കു് അനുഷ്ഠിച്ചുവന്നിരുന്നതുമാണു്.

തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും പുനരൈക്യപ്പെടുന്നതിനു് തയ്യാറായി നില്ക്കുന്ന ചെറിയ ജനസമൂഹങ്ങൾ പല സ്ഥലങ്ങളിൽ ഇപ്പോഴുള്ളതായും, അവർക്കു് അവശ്യംവേണ്ട ചാപ്പൽ മുതലായവ പണികഴിപ്പിച്ചുകൊടുക്കുന്നതിനായി പല അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നതായും അറിയാം. എന്നാൽ ആവശ്യപ്പെട്ടിട്ടുള്ളതിൽ ഒരു ശതമാനംപോലും നിർവ്വഹിച്ചുകൊടുക്കുന്നതിനു് ഈ രൂപതകളുടെ ഇന്നത്തെ കോശസ്ഥിതി അനുവദിക്കുന്നില്ല. കാലംചെയ്ത മാർ ഈവാനിയോസു് തിരുമേനിക്കു് അമേരിക്കയിലും മററും നേരിട്ടറിയാമായിരുന്ന പല സ്നേഹിതന്മാരും ഉണ്ടായിരുന്നു. അവരിൽനിന്നും ലഭിച്ചിരുന്ന സഹായങ്ങൾക്കു് ഇപ്പോൾ സാരമായ കുറവു വന്നിരിക്കണം.

ഇതുവരെ യാക്കോബായക്കാരുടെ ഇടയിൽ മാത്രമാണു് കക്ഷിവഴക്കും കേസും ഉണ്ടായിരുന്നതു്. ഇന്നാകട്ടെ മാർത്തോമാക്കാരുടെ മദ്ധ്യേയും എല്ലാ ഇടവകകൾതോറുംതന്നെ ശക്തിയായ കക്ഷിമത്സരം തലപൊക്കിയിരിക്കയാണു്. ഈ കാരണങ്ങളാൽ ഈ രണ്ടു സഭകളിൽപ്പെട്ട പലരേയും സമാധാനത്തെ ഉദ്ദേശിച്ചെങ്കിലും കത്തോലിക്കാസഭ ആകർഷിക്കുന്നുണ്ടാവണം. എല്ലാംകൊണ്ടും നാനൂറുകൊല്ലം നീണ്ടുനിന്ന തെററിദ്ധാരണകൾ നീങ്ങി മാതൃസഭയെ ആശ്ലേഷിക്കാൻ ഇവർക്കു് ഒരു സുവർണ്ണാവസരമാണു് വന്നിരിക്കുന്നതു. അതിൽനിന്നും മുഴുവൻ ഫലവും അവർ എടുക്കുന്നതിനു് കത്തോലിക്കാസഭയിൽ ജനിച്ചുവളരുവാൻ ഭാഗ്യമുണ്ടായ കേരളീയർ തങ്ങൾക്കു പാടുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കേണ്ടതാണല്ലോ. കേരളത്തിൽ പത്തുപന്ത്രണ്ടു രൂപതകളുള്ളതിൽ സുസ്ഥാപിതങ്ങളും ധനസഹായം നൽകാൻ ശേഷിയുള്ളവയുമായ ഇടവകകൾ ഒരു ഇരുന്നൂറിൽ കുറയാതെ കാണണം. ഇവയിൽ ഓരോന്നും (ഇടവകപ്പള്ളിക്കു് വല്ല കാരണവശാലും നിവൃത്തിയില്ലെങ്കിൽ അതിലെ ഇടവകക്കാർ ചേർന്നു്) പുനരൈക്യപ്പെടുന്നതിനു് തയ്യാറായി നില്ക്കുന്ന ഓരോ ജനസമൂഹത്തിനും അത്യാവശ്യംവേണ്ട കാര്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാൻ സന്നദ്ധമാകണം. കുറെ അധികം ഇടവകക്കാർക്കു് ഇങ്ങനെ ചെയ്യാൻ മനസ്സുണ്ടാകുന്നപക്ഷം നമ്മുടെ സമുദായത്തിനുതന്നെ അതൊരു വലിയ അനുഗ്രഹമായിത്തീരും. എന്തെന്നാൽ മററു രാജ്യങ്ങളിലുള്ള കത്തോലിക്കരെ അപേക്ഷിച്ചു് കേരളകത്തോലിക്കർക്കുള്ള ഒരു വലിയ ദൗർബ്ബല്യം സ്വാർത്ഥതല്പരതയാണു്. ഓരോരുത്തർക്കും അവനവന്റെ കാര്യംമാത്രം. ഒരു ഇടവകക്കാർക്കാണെങ്കിൽ അവരുടെ ഇടവകയിലെ കാര്യംമാത്രം. ഈ കടുത്ത സ്വാർത്ഥതയ്ക്കു് അല്പമൊരയവു തട്ടിയാൽ എത്രയോ മഹൽകാര്യങ്ങൾ കേരളീയകത്തോലിക്കർക്കു് കൈവരുത്തുവാൻ സാധിക്കും. ഏതുവിധത്തിൽ നോക്കിയാലും ഇന്നത്തെ സുവർണ്ണാവസരത്തെ നാം നഷ്ടപ്പെടുത്താവുന്നതല്ല.


## കമ്മ്യൂണിസ്റ്റ് വിരുദ്ധഗ്രന്ഥങ്ങൾ

നിരീശ്വരപ്രസ്ഥാനത്തിന്റെ വേരറുക്കുവാൻ — അസന്മാർഗ്ഗികതയെ കുഴിച്ചുമൂടുവാൻ — റഷ്യൻ മേധാവിത്വത്തെ വെട്ടിപ്പൊട്ടിക്കാൻ — കമ്മ്യൂണിസ്റ്റാശയപ്രവാഹത്തെ തടുത്തു നിറുത്തുവാൻ, കമ്മ്യൂണിസ്റ്റ് വിരുദ്ധഗ്രന്ഥങ്ങൾ വാങ്ങി വായിക്കുവിൻ! പ്രചരിപ്പിക്കുവിൻ!!

| | | | | |
|---|---|---|---|---|
| 1. | ഐക്യമുന്നണി വന്നാൽ? | 0 | 4 | 0 |
| 2. | യേശുക്രിസ്തു മോസ്കോവിലോ? | 0 | 2 | 0 |
| 3. | മാർക്സിസത്തിൽ കുടുംബജീവിതമോ? | 0 | 4 | 0 |
| 4. | മാർക്സിസം റഷ്യയിൽ | 0 | 6 | 0 |
| 5 | പോർവിളി | 0 | 8 | 0 |
| 6. | ഭിക്ഷു (പ്രഹസനം) | 0 | 14 | 0 |
| 7. | സ്വാതന്ത്ര്യത്തിലേക്കു് | 1 | 10 | 0 |

ആവശ്യപ്പെടുക:—

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്,

ആലുവാ നോർത്തു് P. O.


ആദ്ധ്യാത്മികവീഥി (15)

# എന്തിനു പ്രസംഗം കേൾക്കുന്നു?

ദൈവത്തിന്റെ വത്സലമക്കളേ,

ഞായറാഴ്ച കുർബാനയ്ക്കു മൂന്നാംമണിയടിച്ചു കേട്ടിട്ടും വീട്ടിൽനിന്നിറങ്ങാതെ വല്ലവരോടും വെടിപറഞ്ഞോ, പത്രം വായിച്ചോ മററോ താമസിക്കുന്നവരെ കാണുക അത്ര ദുർല്ലഭമല്ല. എന്താ ഇറങ്ങാൻ താമസിക്കുന്നതെന്നു വല്ല 'ശുദ്ധഗതിക്കാരും' ചോദിച്ചാൽ "എന്തിനാണത്ര ധൃതിവയ്ക്കുന്നതു? ഏവൻഗേലിയോൻ കഴിഞ്ഞു പ്രസംഗമില്ലേ? അതു കഴിഞ്ഞു കാഴ്ചയ്ക്കു് പിന്നു മുമ്പു് അങ്ങു ചെന്നുചേർന്നാൽ മതിയല്ലോ" എന്നു പറയും. സമയത്തിനു മുമ്പേ പള്ളിയിൽ എത്തിയിട്ടുള്ളവരാണെങ്കിൽത്തന്നെയും പള്ളിക്കകത്തു കയറാതെ പ്രസംഗസമയം മുഴുവൻ മുററത്തു വല്ല സ്ഥലത്തേക്കും മാറിയിരുന്നുകൊണ്ടു നാട്ടുവർത്തമാനമോ വീട്ടുവർത്തമാനമോ പറഞ്ഞു സമയം കളയുന്നവരും ഇല്ലാതില്ല.

ഇവരുടെ സമ്പ്രദായം കണ്ടാൽ പള്ളിപ്രസംഗംകൊണ്ടു തങ്ങൾക്കു യാതൊരാവശ്യവുമില്ലെന്നു ധരിച്ചു വച്ചിരിക്കുകയാണെന്നു തോന്നിപ്പോകും. കഴിഞ്ഞ ലേഖനത്തിൽ പറഞ്ഞതുപോലെ ദൈവഹിതം നാം അറിയുന്നതു പ്രമാണങ്ങൾ വഴിയാണു്. ദൈവഹിതം അറിഞ്ഞു തദനുസരണം എല്ലാക്കാര്യങ്ങളിലും പ്രവർത്തിക്കാതെ ഞായറാഴ്ച ഒരു കുർബാനയുടെ പ്രധാന ഭാഗം കണ്ടതുകൊണ്ടുമാത്രം ആരും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ പോകുന്നില്ല. കർത്താവേ, കർത്താവേ, എന്നു തന്നെ വിളിക്കുന്ന ഏവരുമല്ല, പ്രത്യുത തന്റെ പിതാവിന്റെ ഇഷ്ടം നിറവേററുന്നവർ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയുള്ളു എന്നു മിശിഹാതന്നെ സ്പഷ്ടമായി നമ്മെ അറിയിച്ചിട്ടുണ്ടല്ലോ.

"നിങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും നിങ്ങൾ വിശുദ്ധീകരിക്കുക. നാം ആരാണെന്നോ, എവിടെയാണെന്നോ ഉള്ള പരിഗണനയല്ല, പ്രത്യുത നാം ദൈവത്തിന്റെ അഭീഷ്ടം നിറവേററുന്നുണ്ടോ എന്നുള്ളതിനെയാണു വിശുദ്ധീകരണം ആശ്രയിച്ചിരിക്കുന്നതു്. അനുദിനകത്തുകൾക്കു മറുപടി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഒരു സിക്രട്ടറിയും, തെരുവുകൾ ശുചിയാക്കുന്നതിനു ചൂലടിച്ചുപോകുന്ന തൊഴിലാളിയും വയലുകൾ ഉഴുതുകൊണ്ടിരിക്കുന്ന കൃഷിക്കാരനും രോഗികളെ പരിശോധിക്കുന്ന ഡോക്ടറും പഠനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥിയും. ഏകാന്തതയും വേദനയും അനുഭവിച്ചുകൊണ്ടിരിക്കുന്ന രോഗിയും, ശിശുവിനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന അമ്മയും ചെയ്യുന്ന ഓരോ കൃത്യവും പ്രാർത്ഥനാരൂപിയായി മാന്യവും ആദ്ധ്യാത്മികഫലസിദ്ധിയുള്ളതുമായി പരിണമിക്കുന്നു"

— ഫാൾട്ടൻഷീൻ —

"അച്ചൻ എന്താ പ്രസംഗത്തിൽ പറയാൻ പോകുന്നതെന്നു എനിക്കറിയാം. പിന്നെന്തിനാണു് അതു കേൾക്കാൻ പോകുന്നതു്?" എന്നു ചിലർ ചോദിക്കാറുണ്ടു്. ഒന്നാമതുതന്നെ എല്ലാം തങ്ങൾക്കറിയാമെന്നുള്ള അവരുടെ വാദം ശരിയായിരിക്കയില്ല. ഇന്നു് ഉന്നതസർവ്വകലാശാലാ ബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ള ആളുകൾക്കുപോലും മതകാര്യങ്ങളെ സംബന്ധിച്ചുള്ള അറിവു വിലപനീയമാംവണ്ണം കുറവാണു്. സഭയുടെ ഇന്നത്തെ ഏററവും വലിയ നിർഭാഗ്യം വിശ്വാസികളുടെ മതപരമായ അജ്ഞതയാണെന്നു പല വൈദികാദ്ധ്യക്ഷന്മാരും പറയുന്നുണ്ടു്. അതുകൊണ്ടു തങ്ങൾക്കെല്ലാം അറിയാമെന്നുള്ള വാദം അതേപടി സമ്മതിച്ചുകൊടുക്കാൻ നിവൃത്തിയില്ല.

ഇനി വാദത്തിനുവേണ്ടി അതു സമ്മതിച്ചാൽത്തന്നെയും അറിയാവുന്ന സംഗതികൾ എല്ലാം എപ്പോഴും ഓർത്തുകൊണ്ടിരിക്കുക ആർക്കും സാദ്ധ്യമല്ല. ഒരു ലൈബ്രറിയിൽ ഭദ്രമായി അടുക്കിവച്ചിരിക്കുന്ന പുസ്തകങ്ങൾപോലെ നാം ഗ്രഹിച്ചിട്ടുള്ള സംഗതി തലച്ചോറിൽ ഒരു ഭാഗത്തു സംഭരിച്ചിരിക്കയാണു്. ലൈബ്രറിയിലെ പുസ്തകങ്ങൾ ഇടയ്ക്കിടയ്ക്കു് എടുത്തു വായിക്കാതിരുന്നാൽ അവകൊണ്ടു പ്രായോഗികമായി നമുക്കു യാതൊരു പ്രയോജനവും ഉണ്ടാകുകയില്ലല്ലോ. അതുപോലെ അറിയാവുന്ന സംഗതികളാണെങ്കിൽത്തന്നെയും ഇടയ്ക്കിടയ്ക്കു അവ നമ്മുടെ ഓർമ്മയിൽ വരുത്തിയാൽ മാത്രമേ എന്തെങ്കിലും ഒരു പ്രത്യേക സംഗതി ചെയ്യേണ്ടിവരുമ്പോൾ വേണ്ടവണ്ണം ചെയ്യാൻ നമുക്കു സാധിക്കയുള്ളു.


ജപമാലരാജ്ഞിയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

T. Varghese, Delhi.


നല്ല അഭിഭാഷകന്മാരും ഡോക്ടർമാരും അവർ കോളെജിൽവച്ചു പഠിച്ച പുസ്തകങ്ങൾതന്നെ വീണ്ടും വീണ്ടും വായിക്കാറുണ്ടു്. അതു കോളെജിൽവച്ചു സംഗതികൾ മനസ്സിലാകാഞ്ഞതുകൊണ്ടല്ല, പഠിച്ചതു മറക്കാതിരിക്കാനാണു്. വൈദികരും അവർ മുമ്പു പഠിച്ചിട്ടുള്ള ദൈവശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവും കൂടക്കൂടെ വായിച്ചുകൊണ്ടിരിക്കണമെന്നാണു് നിയമം. അതുപോലെതന്നെ നിത്യസത്യങ്ങളെക്കുറിച്ചു ദിവസേന ധ്യാനിക്കയും സദ്ഗ്രന്ഥങ്ങൾ വായിക്കയും ചെയ്യണമെന്നു സകല സന്യാസസഭകളും തദംഗങ്ങളോടു കല്പിക്കുന്നുണ്ടു്.

ലോകം ശരീരം പിശാചു് എന്ന ശത്രുത്രയങ്ങൾ ആദ്ധ്യാത്മികചിന്തകളിൽനിന്നു നമ്മെ അകററുന്നതിനു നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നതിനാൽ നാം വളരെ ശ്രമിച്ചാൽ മാത്രമേ ദൈവത്തെക്കുറിച്ചും അവിടുത്തോടുള്ള കടമകളെക്കുറിച്ചും നമ്മുടെ മരണാനന്തരജീവിതത്തെക്കുറിച്ചും മററും സ്മരിച്ചു വേണ്ടതു ചെയ്യാൻ സാധിക്കൂ. അതിനു ഏററവും കാഞ്ഞ ഉപാധിയാണു പള്ളിപ്രസംഗം കേൾക്കുകയെന്നുള്ളതു്. അതുപോലും നാം ഉപേക്ഷിച്ചാൽ നമ്മുടെ രക്ഷയെക്കുറിച്ചുപോലും സംശയിക്കണം. അതിനാൽ യാതൊരു കാരണവശാലും പ്രസംഗം കേൾക്കാതിരിക്കയില്ലെന്നു നിശ്ചയിക്കണം.

എന്നു

സ്വന്തം ആത്മപിതാവു്.

# അദ്ധ്യാപകപ്രശ്നങ്ങളെപ്പററി

## മാർപ്പാപ്പായുടെ ഉദ്ബോധനം

ഇററലിയിലെ അദ്ധ്യാപകന്മാരുടെ ദേശീയകൺവെൻഷൻ പ്രതിനിധികൾ ഈയിടെ പരിശുദ്ധപിതാവു 12-ാം പീയൂസു് മാർപ്പാപ്പായെ സന്ദർശിച്ചു. അവരുടെ വേതനകാര്യത്തെയും കർത്തവ്യനിർവ്വഹണത്തെയും സംബന്ധിച്ചു് തിരുമേനി ഉൽക്കണ്ഠാപൂർവ്വം പ്രസ്താവിച്ചതിപ്രകാരമാണു്: "അദ്ധ്യാപകന്മാരിൽ ബഹുഭൂരിപക്ഷത്തിന്റേയും വേതനം, അവരുടെ വ്യക്തിപരമായ സംസ്കാരത്തിന്റെ പുരോഗതിക്കു് ആവശ്യകമായ വരുമാനത്തേയോ വിശ്രമസമയത്തേയോ പ്രദാനം ചെയ്യുന്നതിനു പര്യാപ്തമല്ലെന്നു മാത്രമല്ല, അവരുടെ അനുദിന ജീവിതാവശ്യങ്ങൾ നിറവേററുന്നതിനുപോലും മതിയാകുന്നതല്ല എന്നുള്ള വസ്തുത നമുക്കു അജ്ഞാതമല്ല. സമുദായം ധാർമ്മികവും ബുദ്ധിപരവുമായ അതിന്റെ സുസ്ഥിതിയെ സുരക്ഷിതമാക്കുന്നതിനു് അഭിലഷിക്കുകയും, വ്യാവസായികമായ പരിഷ്കാരത്തിലെ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന, യാന്ത്രികജീവിതംമൂലം ഭൗതികത്വത്തിലേക്കു വഴുതിവീഴുന്നതിനു ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നു എങ്കിൽ അദ്ധ്യാപകലോകത്തിനു അതിന്റെ സാമൂഹ്യനിലവാരം നിലനിർത്തത്തക്ക ഒരു വേതനം നൽകി അവരോടുള്ള ബഹുമാനം പ്രകടമാക്കേണ്ടിയിരിക്കുന്നു."

അനന്തരം അദ്ധ്യാപകന്മാർ അദ്ധ്യേതാക്കളുടെ കുടുംബങ്ങളുമായി പാടുള്ളിടത്തോളം അടുത്ത ബന്ധം പാലിക്കേണ്ടതാണെന്നു തിരുമേനി അവരെ ഉൽബോധിപ്പിച്ചു "അദ്ധ്യാപകന്മാരും മാതാപിതാക്കന്മാരും തമ്മിലുള്ള സഹകരണം സുസ്ഥിരവും ഗാഢതരവുമായിരിക്കണം. ഈ സഹകരണത്തെ കൂടുതൽ ഗാഢവും സുകരവുമാക്കുന്നതിനു സഹായിക്കുന്ന ഏതൊരു പ്രസ്ഥാനത്തേയും അതിവാനന്ദത്തോടെ നാം പ്രോത്സാഹിപ്പിച്ചുകൊള്ളുന്നു. . . . . കുടുംബത്തിനു അതിന്റെ നിർദ്ദേശാത്മകമായ കർത്തവ്യത്തെ കൈവിടുന്നതിനു നിവൃത്തിയില്ലതന്നെ. എന്നാൽ സഹകരണം സ്വാഭാവികവും അവശ്യാവശ്യകവുമാണു്. അതു ഫലദായകമാകുന്നതിനു പരസ്പരധാരണയും, ആശയങ്ങളുടെ അനുസ്യൂതമായ കൈമാററവും, വീക്ഷണൈക്യവും തജ്ജന്യമായ തീരുമാനങ്ങളും അനിവാര്യമാണു്. ഈ മാർഗ്ഗത്തിൽക്കൂടി മാത്രമേ അദ്ധ്യാപകലോകത്തിനു ആദർശാനുയോജ്യമായ അവരുടെ കർത്തവ്യം യഥാവിധി നിറവേററുവാൻ സാദ്ധ്യമാകുകയുള്ളു."

സഭാചരിത്രപംക്തി (15)

# മററപ്പസ്തോലന്മാരുടെ നടപടികൾ


(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

അപ്പസ്തോലപ്രമുഖനായ വി. പത്രോസിന്റെയും, പ്രേഷിതവരേണ്യനായ വി. പൗലോസിന്റെയും മിഷൻപര്യടനങ്ങളെപ്പററിയും, അവരുടെ അക്ഷീണയത്നങ്ങൾമുഖേന ക്രൈസ്തവസഭയ്ക്കു കൈവന്ന നേട്ടങ്ങളെപ്പററിയും നാം പഠിച്ചുകഴിഞ്ഞു. ഇനി മററ് അപ്പസ്തോലന്മാരുടെ നടപടികളെപ്പററി ചുരുക്കമായിട്ടെങ്കിലും അറിയേണ്ടിയിരിക്കുന്നു.

വി. ജയിംസ് (St James the Younger) യറുശലേമിലെ പ്രഥമമെത്രാനായി മററപ്പസ്തോലന്മാരാൽ അവരോധിക്കപ്പെട്ടു. ക്രിസ്തുനാഥനോടുള്ള ബന്ധം കാരണത്താൽ, അദ്ദേഹത്തെ "കർത്താവിന്റെ സഹോദരൻ" എന്നു വിളിച്ചുവരുന്നു. മോശയുടെ നിയമം സ്വജീവിതത്തിൽ നിഷ്കർഷയോടുകൂടി പരിപാലിച്ചിരുന്നതുകൊണ്ടും ഏററം കർക്കശമായ തപശ്ചര്യകൾ അനുദിനം അനുഷ്ഠിച്ചിരുന്നതുകൊണ്ടും വി. ജയിംസിനെ എല്ലാവരും "നീതിമാൻ" എന്നു സംബോധന ചെയ്തിരുന്നു. യറുശലേമിലെ പ്രഥമ അപ്പസ്തോലസമ്മേളനത്തിൽവച്ചു പുറജാതീയരായ ക്രിസ്ത്യാനികൾ മോശയുടെ നിയമം അനുസരിക്കുന്നതിനെ സംബന്ധിച്ചുണ്ടായ സംവാദത്തിൽ ഏവർക്കും സ്വീകാര്യമായ ഒരു നിർദ്ദേശം സമർപ്പിച്ചതു വി. ജയിംസാണ്. A. D. 50 നും 65 നും ഇടയ്ക്കു അദ്ദേഹം പലസ്തീനയിലും സമീപപ്രദേശങ്ങളിലും അധിവസിച്ചിരുന്ന യഹൂദക്രിസ്ത്യാനികളെ ഉദ്ദേശിച്ച് ഒരു ലേഖനം എഴുതിയിട്ടുണ്ട്. വിശ്വാസികൾ രോഗാവസ്ഥയിലായിരിക്കുമ്പോൾ വൈദികരെ വിളിച്ചുവരുത്തി പ്രാർത്ഥനകളും തൈലാഭിഷേകകർമ്മവും നടത്തിക്കണമെന്ന് പ്രസ്തുത ലേഖനത്തിൽ അദ്ദേഹം ഉൽബോധിപ്പിക്കുന്നു. വി. ജയിംസിന്റെ ജീവിതാന്ത്യത്തെപ്പററി വിഭിന്നാഭിപ്രായങ്ങളുണ്ട്. യറുശലേമിലെ യഹൂദദൈവാലയത്തിന്റെ ഗോപുരത്തിൽനിന്നും അദ്ദേഹത്തെ കീഴ്പോട്ടെറിഞ്ഞശേഷം ഗദകൾകൊണ്ട് പ്രഹരിച്ച് കൊന്നു എന്നാണ് ഒരു വിശ്വാസം. സമകാലികനായ ജോസെഫസ് എന്ന ചരിത്രകാരൻ പറയുന്നതു A. D. 62—നും 63—നും ഇടയ്ക്ക് പുരോഹിതപ്രമുഖനായ അന്നാസിന്റെ കല്പനയനുസരിച്ച് അപ്പസ്തോലനെ സഭാവിരോധികളായ യഹൂദർ കല്ലെറിഞ്ഞു കൊന്നു എന്നാണ്. സീസറിനോടുള്ള അപ്പീലവകാശം പ്രയോഗിച്ച് വി. പൗലോസ് തങ്ങളുടെ കൈയിൽനിന്നും രക്ഷ നേടിയതിൽ നിരാശരായിത്തീർന്ന യഹൂദർ വൈരാഗ്യനിവൃത്തിക്കുവേണ്ടി വി. ജയിംസിനെ പിടികൂടിയതായിരിക്കണമെന്നു ചരിത്രകാരന്മാർ അനുമാനിക്കുന്നു.

ക്രിസ്തുനാഥന്റെ ഏററം പ്രിയപ്പെട്ട ശിഷ്യനായിരുന്ന വി. യോഹന്നാൻ, കാൽവരിയിൽവച്ച് തന്റെ പ്രത്യേക സൂക്ഷത്തിനും പരിലാളനയ്ക്കുമായി ഏല്പിക്കപ്പെട്ട ദിവ്യാംബയുടെ മരണംവരെയും യറുശലേമിൽത്തന്നെ കഴിച്ചുകൂട്ടിയിരിക്കണം. പിന്നീട് എഫേസൂസിൽ ആസ്ഥാനമുറപ്പിച്ചുകൊണ്ട് അദ്ദേഹം ഏഷ്യാമൈനറിലെ സഭകളുടെ ഭാഗധേയങ്ങൾക്ക് മാർഗ്ഗദർശിത്വം വഹിക്കുന്നതായിക്കാണുന്നു. അവിടെനിന്നും ഡൊമിഷ്യൻ (Domitian) ചക്രവർത്തി അദ്ദേഹത്തെ പാററ്മോസ് (Patmos) എന്ന ദ്വീപിലേക്കു നാടുകടത്തി. വിമോചിതനായതിനുശേഷം അദ്ദേഹം വീണ്ടും എഫേസൂസിൽ മടങ്ങിയെത്തുകയും, അവിടെവച്ച് തന്റെ സുവിശേഷം രചിക്കുകയും ചെയ്തു. ഏതാണ്ട് നൂറുവയസ്സോളം ജീവിച്ചശേഷം അപ്പസ്തോലൻ എഫേസൂസിൽവച്ചുതന്നെ മരണമടയുകയും ചെയ്തു.

വി. മത്തായി ആദ്യം യഹൂദരുടെയിടയിൽ ക്രിസ്തുമതം പ്രസംഗിക്കയും യഹൂദരെ ഉദ്ദേശിച്ചു തന്റെ സുവിശേഷം അവരുടെ സ്വന്തം ഭാഷയിൽത്തന്നെ രചിക്കയും ചെയ്തു. പിന്നീട് അദ്ദേഹം മററു പല ജാതികളുടെയും മദ്ധ്യേ വിശ്വാസം പ്രചരിപ്പിക്കുകയുണ്ടായി. സുവിശേഷകനായ വി. മർക്കോസ് റോമയിൽ വി. പത്രോസിന്റെ ഒരു സഹചാരിയും സഹായിയുമായിരുന്നു. അലക്സാണ്ട്റിയായിലെ സഭയുടെ സ്ഥാപകൻ വി. മർക്കോസാണെന്നു വിശ്വസിക്കപ്പെടുന്നു. വി. പൗലോസിന്റെ സഹപ്രവർത്തകനായിരുന്ന വി. ലൂക്കാ, പൗലോസ് അപ്പസ്തോലന്റെ മരണശേഷം അക്കയാ (Achaea) യുടെ പല ഭാഗങ്ങളിലും സുവിശേഷം പ്രചരിപ്പിച്ചശേഷം തീബ്സിൽ (Thebes)വച്ച് രക്തസാക്ഷിയായി മരിച്ചു.



Sr. Alphonsa, I.C.

Thanks for favours received by Mrs. Kunjamma Kuncheria Cholenkeril, Vadayar.

വി. തോമ്മാ മെസ്സപ്പൊട്ടേമിയാ, പാർത്ഥിയാ, ഇൻഡ്യാ എന്നീ രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കയും 68 A. D. യിൽ ദക്ഷിണേൻഡ്യയിലെ മൈലാപ്പൂർ എന്ന സ്ഥലത്തുവച്ച് രക്തസാക്ഷിമകുടം ചൂടുകയും ചെയ്തു. പുരാതന ചരിത്രരേഖകളുടെയും അപ്പസ്തോലകാലംമുതൽ ഇന്നുവരെയും നിലനിന്നുപോന്നിട്ടുള്ള ബലിഷ്ഠവും അവിച്ഛിന്നവുമായ വിശ്വാസപാരമ്പര്യങ്ങളുടെയും വെളിച്ചത്തിൽ വി. തോമ്മായുടെ ദക്ഷിണേന്ത്യയിലെ പ്രേഷിതപ്രവർത്തനങ്ങളും രക്തസാക്ഷിത്വവും അവിതർക്കിതമായ ഒരു ചരിത്രസത്യമായി ആധുനികസഭാപണ്ഡിതന്മാരും ചരിത്രകാരന്മാരും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ജയിംസിന്റെ സഹോദരനായ വി. യൂദ് അദ്ദേഹം യഹൂദക്രിസ്ത്യാനികൾക്കായി എഴുതിയ ലേഖനംമുഖേന അറിയപ്പെടുന്നു. വി. ആൻഡ്രൂ സിതിയാ (Scythia) യിലും വി. ബാർതലോമ്യൂ ഇൻഡ്യവരെയും സുവിശേഷപര്യടനം നടത്തിയതായി ഓറിജനും (Origen) യൂസേബിയൂസും (Eusebius) സാക്ഷിക്കുന്നു. ഫിലിപ്പ്, മത്തിയാസ്, എന്നീ അപ്പസ്തോലന്മാരെപ്പററി പാരമ്പര്യം ഒന്നുംതന്നെ പറയുന്നില്ല. വി. സൈമൺ ബാബിലോണിയായിലും പേർഷ്യായിലും സുവിശേഷപ്രചരണം നടത്തിയതായി വിശ്വസിക്കപ്പെടുന്നു.

## യറുശലേമിന്റെ നാശം

നീറോ ചക്രവർത്തി റോമയിൽ സർവ്വാധിപത്യം പുലർത്തിയിരുന്നകാലത്ത് പലസ്തീനയിൽ അതിപ്രധാനങ്ങളായ ചില പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. യഹൂദവർഗ്ഗം റോമൻ സാമ്രാജ്യാധികാരത്തെ കഠിനമായി വെറുത്തിരുന്നു. വിദേശമേധാവിത്വത്തിനു അറുതിവരുത്തി യഹൂദവർഗ്ഗത്തിന്റെ നഷ്ടപ്പെട്ടുപോയ അധികാരം പുനഃസ്ഥാപിക്കുവാൻ അവർ തീക്ഷ്ണമായി ആഗ്രഹിച്ചിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായ് പലസ്തീനായിലെ യഹൂദർ വിപ്ലവസംഘങ്ങളെ സംഘടിപ്പിച്ചു. എന്നാൽ അന്തഃഛിദ്രംമൂലം അവയ്ക്കു വേണ്ടത്ര ശക്തി സംഭരിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ജസ്സിയസ് ഫ്ളോറസ് (Gessius Florus) എന്ന റോമൻ പ്രൊക്യൂറേറററുടെ ദുർന്നയങ്ങൾ ഈ വിപ്ലവസംഘങ്ങളെ സംയോജിപ്പിച്ചു. പൊതുശത്രുവിനെതിരായി അവർ അണിനിരന്നു. ഈ വിപ്ലവകാരികൾ "തീക്ഷ്ണമതികൾ" എന്നർത്ഥംവരുന്ന "Zealots" എന്ന സംജ്ഞ സ്വയം സ്വീകരിച്ചു. ഇവരുടെ നേതൃത്വത്തിൽ യറുശലേമിൽ പലഭാഗത്തും ജനകീയപ്രക്ഷോഭണങ്ങൾ പൊട്ടിപ്പുറപ്പെട്ടു. 66 A. D. യിൽ അസ്വസ്ഥതകൾ മൂർദ്ധന്യത്തിലെത്തി. വിപ്ലവകാരികൾ ഒരു റോമൻ സൈന്യവിഭാഗത്തോടേററുമുട്ടുകയും അവരെ നിശ്ശേഷം കൊന്നൊടുക്കുകയും ചെയ്തു. അഭിമാനക്ഷതമേററ സാമ്രാജ്യശക്തി പ്രതികാരനടപടികൾ സ്വീകരിച്ചു. യുദ്ധം രാജ്യത്തിൽ നെടുനീളം സമരം പൊട്ടിപ്പുറപ്പെട്ടു. പ്രശസ്ത റോമൻ സൈന്യാധിപനായ വെസ്പേഷ്യൻ (Vespasian) 60 000 പടയാളികളോടുകൂടി പലസ്തീനയെ ആക്രമിച്ചു. പിടിച്ചടക്കപ്പെട്ട നഗരങ്ങളിലെ പൗരാവലിയെ കൊന്നൊടുക്കുകയോ, അതല്ലെങ്കിൽ റോമൻ പടയാളികളുടെ അടിമകളായി പങ്കുവയ്ക്കുകയോ ചെയ്തു. മൂന്നു സംവത്സരത്തെ തുടർച്ചയായ സമരത്തിന്റെ ഫലമായി യറുശലേം നഗരമൊഴികെയുള്ള പലസ്തീനാരാജ്യം മുഴുവൻ റോമൻപാദിയിലമർന്നു. വെസ്പേഷ്യൻ യറുശലേമിനെ ആക്രമിക്കുവാൻ വട്ടംകൂട്ടിക്കൊണ്ടിരിക്കുന്ന വേളയിൽ നീറോയുടെ മരണംമൂലം ഒഴിവുവന്ന ചക്രവർത്തിപദത്തിലേക്ക് അദ്ദേഹം വിളിക്കപ്പെട്ടു.

റോമൻസൈന്യത്തിന്റെ നേതൃത്വം തന്റെ പുത്രനായ ടൈററസ്സിനെ (Titus) ഭരമേല്പിച്ചിട്ട് വെസ്പേഷ്യൻ റോമായിലേക്കുപോയി. A. D. 70 ലെ ഉയിർപ്പുതിരുനാളിനല്പംമുമ്പു ടൈററസ്സിന്റെ സൈന്യം യറുശലേമിനെ ആക്രമിച്ചു. ആ സമയത്ത് സ്ത്രീകളും കുട്ടികളും ഉൾപ്പെടെ പത്തുലക്ഷത്തോളംവരുന്ന ഒരു ജനസഞ്ചയം നഗരത്തിനുള്ളിലുണ്ടായിരുന്നു. ഇരുകൂട്ടരും അതിഘോരമായി സമരം നടത്തി. ജയിക്കുക അല്ലെങ്കിൽ മരിക്കുക എന്നുള്ള ദൃഢനിശ്ചയത്തോടുകൂടി യഹൂദർ ശത്രുസൈന്യത്തെ നേരിട്ടു. സൈമൺ എന്നും ജോൺ എന്നും പേരായ രണ്ടുപേർ അവരുടെ നേതൃത്വം വഹിച്ചു. പ്രതിരോധത്തിന്റെ ആദ്യഘട്ടത്തിൽ യഹൂദർക്ക് അല്പം ചില നേട്ടങ്ങളെല്ലാമുണ്ടായി. എന്നാൽ നഗരത്തിനുള്ളിൽ പടർന്നുപിടിച്ച പഞ്ഞവും പകർച്ചവ്യാധികളും, ഭിന്നതകളും അവരെ നഷ്ടശക്തരാക്കിത്തീർത്തു. ഒടുവിൽ A. D. 70 ആമാണ്ട് സെപ്ററംബർ 8 ാം തിയതി നഗരം കീഴടങ്ങി. ആഗസ്റ്റ് 10 ാം തിയതിയാണെന്നും ഒരു പക്ഷമുണ്ട്. ജേതാക്കളായ റോമൻസൈന്യം നഗരത്തിനുള്ളിൽ പ്രവൃത്തിച്ച ക്രൂരകൃത്യങ്ങൾ കേവലം പൈശാചികങ്ങളായിരുന്നു എന്നുമാത്രം പറയാം. നഗരത്തിലെ ദൈവാലയപരിസരങ്ങളിൽ കന്നുകാലികളെപ്പോലെ തിങ്ങിക്കൂടിയിരുന്ന ആബാലവൃദ്ധം ജനങ്ങളെ അവർ കാരുണ്യലേശം കൂടാതെ കൊന്നൊടുക്കി. ദൈവാലയവും നഗരവും അഗ്നിക്കിരയാക്കി. റോമൻ ഖഡ്ഗങ്ങൾക്കിരയാകാതെ അവശേഷിച്ച 97000 ജനങ്ങളെ അടിമകളായി വിററു.

യറുശലേമിന്റെ നാശത്തോട് സാമ്യം വഹിക്കാവുന്ന സംഭവങ്ങൾ മനുഷ്യചരിത്രത്തിൽ വേറെ ഇല്ലെന്നുതന്നെ പറയാം. റോമാക്കാരുടെ ആക്രമണവും യഹൂദരുടെ പ്രതിരോധവും ഒരുപോലെ രൂക്ഷമായിരുന്നു. ഈ അത്യാഹിതത്തിന്റെ ഫലമായി യഹൂദവർഗ്ഗം അവരുടെ ജന്മദേശത്തുനിന്നും ഭ്രഷ്ടരാക്കപ്പെടുകയും നാലുപാടും ചിതറിക്കപ്പെടുകയുംചെയ്തു. അതിദാരുണമായ ഈ സംഭവങ്ങൾക്കു ദൃക്സാക്ഷിയായിരുന്ന ജോസെഫസ് (Josephus) എന്ന ചരിത്രകാരൻ അവയെ സംബന്ധിച്ച് അതിസൂക്ഷ്മങ്ങളായ വിവരങ്ങൾ നമുക്കു തരുന്നുണ്ട്.

യറുശലേമിന്റെ അധഃപതനത്തിനുശേഷം അൻപതുസംവത്സരങ്ങൾ കഴിഞ്ഞപ്പോൾ യഹൂദർ വീണ്ടും സാമ്രാജ്യശക്തിയോടെതിർക്കുകയുണ്ടായി. എന്നാൽ ട്രാജൻ ചക്രവർത്തി (Trajan) അതിനെ അചിരേണ അമർച്ചചെയ്തു. 130 A. D. യിൽ ഹാഡ്റിയൻ ചക്രവർത്തി സാമ്രാജ്യപര്യടനമദ്ധ്യേ യറുശലേമിൽ എത്തിച്ചേരുകയും യഹൂദരുടെ വിശുദ്ധനഗരത്തെ റോമൻ രീതിയിൽ പുനരുദ്ധരിക്കുവാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു. സ്ലോമോന്റെ സുപ്രസിദ്ധ ദൈവാലയം നിന്നിരുന്ന സ്ഥാനത്ത് ജൂപ്പിറററ് ദേവനു പ്രതിഷ്ഠിക്കപ്പെട്ട ഒരു ക്ഷേത്രവും കാൽവരിമലയിൽ ക്രിസ്തുവിനെ ക്രൂശിച്ച അതേ പൂജ്യസ്ഥാനത്തു വീനസ് ദേവതയുടെ ഒരു ക്ഷേത്രവും പണികഴിപ്പിക്കപ്പെട്ടു.

അതുകൊണ്ടും പലസ്തീനായിൽ അവശേഷിച്ചിരുന്ന യഹൂദർ അടങ്ങിയില്ല. A. D. 132ൽ അവർ വീണ്ടും എതിർപ്പിനുള്ള സന്നാഹങ്ങൾ കൂട്ടി. സാമ്രാജ്യത്തിന്റെ ബലിഷ്ഠഹസ്തങ്ങൾ വീണ്ടും യഹൂദരുടെമേൽ പതിച്ചു. A. D. 135 വരെയും നീണ്ടുനിന്ന യുദ്ധം ഉഗ്രമായ ക്രൂരതയുടെ ഒരു വിളയാട്ടം തന്നെയായിരുന്നു. ഏകദേശം അഞ്ചുലക്ഷത്തോളം ആളുകൾ ഈ യുദ്ധത്തിൽ മരിക്കുകയുണ്ടായി. യഹൂദർ പരിപൂർണ്ണമായി പരാജയമടഞ്ഞു. യുദ്ധാനന്തരം അവശേഷിച്ച യഹൂദർ അന്നറിയപ്പെട്ടിരുന്ന ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി ചിതറിക്കപ്പെട്ടു. ഇന്നുംമിക്കവാറും ആ സ്ഥിതിയിൽത്തന്നെ അവർ പ്രവാസികളായി കഴിയുന്നു. എന്നാൽ അടുത്തകാലത്തു യഹൂദവർഗ്ഗത്തിന്റെ ഏകീകരണത്തെയും പുനരുദ്ധാരണത്തെയും ലക്ഷ്യമാക്കിക്കൊണ്ട് ഇസ്രായേൽ എന്ന പേരിൽ ഒരു പുതിയ യഹൂദരാഷ്ട്രം പലസ്തീനായിൽ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടെന്നുള്ളത് പ്രത്യേകം സ്മർത്തവ്യമാണ്. ലോകമെങ്ങുമു



100–ൽപരം അനുഭവസാക്ഷ്യങ്ങൾവഴി സുപ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള

**നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം**

എന്നീ സിദ്ധൌഷധങ്ങൾ

തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, ഭരണങ്ങാനം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലെ സെയിൽസ് ഡിപ്പോകൾ വഴിയായും ഇരിങ്ങാലക്കുട, ആലുവ, പാലാ, മാവേലിക്കര, പൊൻകുന്നം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള 100–ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

മാസത്തിൽ രണ്ടു തവണ വീതം പ്രസിദ്ധപ്പെടുത്തുന്ന "കാളൻസ് ബുള്ളറ്റിനി"ൽ നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളും പ്രതിവിധികളുംപറ്റി എഴുതിവരുന്നതുകൊണ്ട് മലബന്ധം, നീർവീഴ്ച, പനി, ക്ഷയം, ഏങ്ങൽ, അർശസ്സ്, പ്രമേഹം, ഗ്യാസ്ട്രബിൾ, വയറുവേദന, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, ദൗർബല്യം മുതലായ രോഗങ്ങൾകൊണ്ട് നിരാശപ്പെട്ടു കഴിയുന്നവർ ഞങ്ങൾക്ക് രോഗവിവരക്കുറിപ്പുകൾ അയക്കുന്നതിനുപകരം "കാളൻസ് ബുള്ളറ്റിൻ" വായിക്കുന്നതു് ഉപകാരപ്രദമായിരിക്കും. പോസ്റ്റേജടക്കം ആറുമാസത്തേക്കുള്ള വരിസംഖ്യ ഒരുറുപ്പികയാകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സെയിൽസ് ഡിപ്പോകളിൽനിന്നു മാസപ്രതി ഒരണവീതം വിലക്കു കിട്ടുന്നതും വായനശാലകൾക്കുമാത്രം സൗജന്യമായി അയക്കുന്നതുമാകുന്നു.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:- **കാളൻ, നെല്ലായി**

# സ്വാതന്ത്ര്യമുണ്ട്

(തോമസ് സെബാസ്റ്റ്യൻ ബി. എ., എൽ. റ്റി.)

ജനങ്ങൾതന്നെ ജനങ്ങളെ ഭരിക്കുന്ന സമ്പ്രദായമാണ് ജനകീയഭരണം. ഇതുവരെ ചരിത്രം കണ്ടിട്ടുള്ളതിൽ ഏറ്റവും പുരോഗമനപരമായ ഭരണവും ജനകീയഭരണമാണ്.

ജനകീയഭരണത്തിൽ ജനങ്ങൾതന്നെയാണ് പരമാധികാരികൾ. ആരു ഭരിക്കണം, എങ്ങനെ ഭരിക്കണം, എന്നു അപ്പീലില്ലാത്ത തീരുമാനം എടുക്കേണ്ടതു ജനങ്ങളാണ്. ജനകീയഭരണം നടക്കുന്ന ഒരു രാഷ്ട്രത്തിൽ ജനങ്ങളുടെ അധികാരം പരമാധികാരമാണ്. അവരുടെ അവകാശവും ചോദ്യംചെയ്യപ്പെടാവുന്നതല്ല.



അധികാരവും അവകാശവും പോലെതന്നെ അവരുടെ കടമയും ഗൗരവാവഹമാണ്. ഓരോ പൗരനും രാഷ്ട്രത്തിന്റെ ഒരംശമാണ്. ഭരണകൂടത്തിന്റെ ഒരു ഭാഗമാണ്. അവനു വോട്ടു ചെയ്യാനുള്ള അവകാശം മാത്രമല്ല കടമകൂടിയുണ്ട്. വോട്ടുചെയ്യാതിരുന്നാൽ കടമ നിർവഹിക്കാതിരിക്കുക എന്നാണതിന്റെ അർത്ഥം. കടമ നിർവ്വഹിക്കാതിരിക്കുന്നതു തെറ്റാണ്. മനുഷ്യരാശിയോടും സ്വന്തം രാഷ്ട്രത്തോടും അവനോടുതന്നെയും അവൻ അപരാധം ചെയ്യുന്നു. പലപ്പോഴും അതു് പാപത്തിന്റെ പരിധിയിലേക്കു കടക്കുകയും ചെയ്യുന്നു. ഞാൻ വോട്ടുചെയ്യാതിരിക്കുകയും ഒരൊറ്റവോട്ടിന്റെ കുറവുകൊണ്ട് എന്റെ പാർട്ടിസ്ഥാനാർത്ഥി തോല്ക്കുകയും ചെയ്താൽ ...ഒന്നാലോചിക്കുക അതെത്രമാത്രം ഗൗരവമുള്ളതായിത്തീരുമെന്ന്. ഒരു രാഷ്ട്രത്തിന്റെ ഭരണകൂടം ആകെ മാറുവാൻ അതുപോരേ? ഭരണനയം പാടേമാറുവാൻ അതുപോരേ? കൃത്യവിലോപംമൂലം പ്രയോഗിക്കാതിരുന്ന ആ ഒരു സമ്മതിദാനം നാട്ടിലും നാട്ടാരുടെ ഇടയിലും എന്തെന്തു വിപരീതഫലങ്ങളാണ് പുറപ്പെടുവിക്കുക. വോട്ടവകാശമുള്ള സകല വ്യക്തികളും എന്തു ക്ലേശവും നഷ്ടവുമുണ്ടായാലും അവരുടെ വോട്ടു രേഖപ്പെടുത്തുവാൻ ഗൗരവമായ കടമയുണ്ട്.

ഇന്നു പരിഷ്കൃതരാഷ്ട്രങ്ങളിൽ പാർട്ടിഭരണമാണ് നടക്കുന്നതു്. പാർട്ടിയിൽപ്പെടാത്ത "സ്വതന്ത്രന്മാർ" സ്ഥാനാർത്ഥികളായി രംഗപ്രവേശം ചെയ്യുന്നതു പരിഷ്കൃതഭരണകൂടങ്ങളിൽ കാണാറില്ല. അവർ ഭരണകൂടത്തിലെ "ഇത്തിക്കണ്ണിയാണ്." ഭരണകൂടത്തിന്റെ വളർച്ചയും അവർ തടസ്സം ചെയ്യുന്നു.

പല പാർട്ടികളും തിരഞ്ഞെടുപ്പിൽ വാശിയോടും വീറോടും മത്സരിക്കുന്നുണ്ടാവും. ഓരോ പൗരനും ഈ പാർട്ടികളുടെ "മാനിഫെസ്റ്റോ" വായിച്ചു മനസ്സിലാക്കി, ആലോചിച്ചു യുക്തമെന്നു തോന്നുന്ന പാർട്ടിയിൽ ചേരാൻ അവകാശവും സ്വാതന്ത്ര്യവും ഉണ്ട്.

മിക്കരാജ്യങ്ങളിലും "നമ്മുടെ പാർട്ടി" ഏതായിരിക്കണമെന്നു ആലോചിച്ചു തീരുമാനിക്കാൻ പ്രയാസംവരും. സാധർമ്മ്യം വഹിക്കുന്ന പല പാർട്ടികളും ഉണ്ടായെന്നുവരാം. എന്നാൽ തിരുകൊച്ചിയിൽ ആ പ്രയാസം തീരെ ഇല്ലെന്നുള്ളതു വോട്ടന്മാർക്കു ഒരു വലിയ ആശ്വാസമാണ്. ഇവിടെ രണ്ടു പാർട്ടികളേയുള്ളു. ഏതെങ്കിലുമൊന്നു തെരഞ്ഞെടുക്കാം. തമ്മിൽ വളരെ അന്തരമുള്ളതു് ഒറ്റനോട്ടത്തിൽ കാണുവാൻ സാധിക്കുന്ന രണ്ടു പാർട്ടികൾ. അതു നമുക്കു വലിയ സഹായമാണ്.

ഒരു പാർട്ടി ഈശ്വരാസ്തിത്വത്തെ ആദരിക്കുന്നു. ധാർമ്മികമൂല്യങ്ങളെ ബഹുമാനിക്കുന്നു. നീതിബോധത്തെ തട്ടിയുണർത്തുന്നു. പൗരാവകാശങ്ങളെ വകവച്ചുകൊടുക്കുന്നു. വ്യക്തിവിലാസത്തെ ഉത്തേജിപ്പിക്കുന്നു. മറ്റേപാർട്ടി ദൈവാസ്തിത്വത്തെ നിഷേധിക്കുന്നു. ധാർമ്മികമൂല്യങ്ങളെ പരിഹസിക്കുന്നു. നീതിബോധത്തെ മനുഷ്യന്റെ അന്തരംഗത്തിൽനിന്നു പാടേ പിഴുതുകളയുന്നു. പൗരാവകാശങ്ങളെ പാർട്ടിയുടെ അവകാശങ്ങൾക്കു ബലികഴിക്കുന്നു. വ്യക്തിവിലാസത്തെ നിഹനിക്കുന്നു. യാതൊരു സാധർമ്മ്യവുമില്ലാത്ത രണ്ടു പാർട്ടികൾ. നമുക്കു ഏതു വേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

ഒരു പാർട്ടി തക്ളിയും ചർക്കായും സഹനസമരവുംകൊണ്ടു സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യശക്തിയെ നാട്ടിൽനിന്നു ബഹിഷ്കരിച്ചു. മറ്റേപാർട്ടി അരിവാളും ചുറ്റികയുംകൊണ്ടു മാതൃരാജ്യത്തെ അടിച്ചമർത്തി പിതൃരാജ്യത്തിനു അടിയറവയ്ക്കാൻ വെമ്പൽകൊള്ളുന്നു. നമുക്കു ഏതു വേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

ഒരു പാർട്ടി സ്നേഹപ്പുഴയിൽക്കൂടി നീതി സമാധാനത്തിന്റെയും ശാന്തിയുടേയും സന്ദേശം ലോകത്തിനു നൽകി സമാധാനം കാംക്ഷിക്കുന്ന എല്ലാ രാഷ്ട്രങ്ങളുടേയും ഭക്തിബഹുമാനങ്ങൾ ആർജ്ജിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിന്റെതന്നെ നേതൃത്വം ഏറ്റെടുക്കാൻ ഇനി അധികകാലം വേണ്ടിവരികയില്ല. മറ്റേപാർട്ടി ചോരപ്പുഴയിൽക്കൂടി നീതി വിപ്ലവത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും സന്ദേശം ലോകത്തിനു നൽകിക്കൊണ്ടിരിക്കുന്നു. നമുക്കേതുവേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

ഒരു പാർട്ടി ചിന്താസ്വാതന്ത്ര്യവും, അഭിപ്രായസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും അനുവദിക്കുന്നു. മറ്റേപാർട്ടി സ്വതന്ത്രചിന്തകരേയും, സ്വതന്ത്രഭാഷികളേയും, സ്വതന്ത്രപ്രവർത്തകരേയും ഒറ്റയൊറ്റയായും കൂട്ടമായും ഭൂമുഖത്തുനിന്നു നിഷ്കാസനം ചെയ്യുന്നു. നമുക്കേതുവേണമെങ്കിലും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.

പക്ഷെ ഈ സ്വാതന്ത്ര്യം കമ്മ്യൂണിസ്റ്റുഭരണം വരുന്നതുവരെമാത്രമേ നമുക്കുണ്ടായിരിക്കുകയുള്ളു എന്നു നാം വിസ്മരിക്കരുതു്.

സോഷ്യലിസ്റ്റുപാർട്ടിയുടെ കാര്യം നിങ്ങൾ പറയുമായിരിക്കാം. മാർക്സിയൻ സോഷ്യലിസ്റ്റും ഈശ്വരവിശ്വാസത്തെ മനുഷ്യഹൃദയങ്ങളിൽനിന്നു പിഴുതുമാറ്റുവാൻ പോരുന്നതാണ്.

നമ്മുടെ പാർട്ടി നിറുത്തിയിരിക്കുന്ന സ്ഥാനാർത്ഥി നമ്മോടു വ്യക്തിപരമായി വിദ്വേഷമുള്ളയാളാണെങ്കിൽ, വാദിപ്രതികളാണെങ്കിൽ, കുടുംബങ്ങൾ തമ്മിൽ കലഹമാണെങ്കിൽ നാമെന്തുചെയ്യു? മറ്റേതു പാർട്ടിക്കു വോട്ടുകൊടുക്കാൻ ഇവിടെ അങ്ങനെയൊരു പാർട്ടിയില്ലല്ലോ. ആത്മധൈര്യമുള്ളവരോടു് ഇതിനു മറുപടി പറയേണ്ട ആവശ്യമില്ല. പരബോധമുള്ളവരോടു് ഇതിനു മറുപടിപറയേണ്ട ആവശ്യമില്ല. ദൈവത്തേയും സന്മാർഗ്ഗമൂല്യങ്ങളേയും ആദരിക്കുന്നവരോടു് ഇതിനു മറുപടിപറയേണ്ട ആവശ്യമില്ല. എന്റെ വിരോധിയായ സ്ഥാനാർത്ഥിക്കു ഞാൻ വോട്ടുകൊടുക്കുന്നില്ലെങ്കിൽ ഒരു വോട്ടിനു (അയാളല്ല) എന്റെ പാർട്ടി തോല്ക്കുന്നു. എതിർസ്ഥാനാർത്ഥിക്കു ഞാൻ വോട്ടുകൊടുക്കുന്നെങ്കിൽ രണ്ടു വോട്ടിനു് എന്റെ പാർട്ടി തോല്ക്കുന്നു. അതാണതിന്റെ ഫലം. എലിയെ തോല്പിച്ചു ഇല്ലം ചുടരുതേ —ആരും [illegible] എന്നു ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

---

ള്ള യഹൂദരെ അവരുടെ പുരാതനമാതൃഭവനത്തിലേക്കു് പ്രത്യാഗമിപ്പിക്കുവാനും, അങ്ങനെ ഇസ്രായേലിന്റെ നഷ്ടപ്പെട്ട മഹിമയും പ്രതാപവും പുനരുജ്ജീവിപ്പിക്കുവാനും വേണ്ട ഉത്തേജനം ഈ രാഷ്ട്രം നൽകിക്കൊണ്ടാണിരിക്കുന്നതു്.

തിരുസ്സഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം യറുശലേമിന്റെ നാശത്തിനു് ഒരു പ്രാധാന്യമുണ്ട്. മോശയുടെ നിയമവിധികളും പഴയ യഹൂദാചാരങ്ങളും ക്രിസ്തുമതം സ്വീകരിക്കുന്ന പുറജാതിയരുടെമേൽ കെട്ടിയേൽപ്പിക്കണമെന്നു ശഠിക്കുകയും അതിനുവേണ്ടി ശക്തിയായ പ്രചരണവേല നടത്തുകയും ചെയ്തിരുന്ന യഥാസ്ഥിതികരായ യഹൂദരുടെ ശക്തികേന്ദ്രമായിരുന്നു യറുശലേം. നഗരത്തിന്റെ നാശവും യഹൂദരുടെ രാജ്യഭ്രംശവും സംഭവിച്ചതോടുകൂടി യഹൂദവൽക്കരണപ്രസ്ഥാനവും എന്നേക്കുമായി തിരോധാനം ചെയ്യുകയുണ്ടായി. യറുശലേമിനു ചുറ്റും സമരം പൊട്ടിപ്പുറപ്പെട്ടതോടുകൂടി നഗരത്തിനുള്ളിൽ താമസിച്ചിരുന്ന യഹൂദക്രിസ്ത്യാനികൾ യോർദാൻനദി കടന്നു് പെല്ലാ (Pella) എന്ന ദിക്കിൽ അഭയം പ്രാപിച്ചു. അങ്ങനെ ക്രിസ്തുമതവും യഹൂദമതവും തമ്മിലുണ്ടായിരുന്ന ബന്ധവും വിച്ഛേദിക്കപ്പെട്ടു. മേലിൽ ക്രിസ്തുമതത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നതു് യറുശലേമല്ല—നിത്യനഗരമായ റോമായാണ്.

# മലബാറിലെ സുറിയാനിക്കാർക്ക് അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക

മലബാറിലേക്കു ലക്ഷക്കണക്കിനു കുടിയേറിത്താമസിച്ചിട്ടുള്ള സുറിയാനിക്കത്തോലിക്കരെ കോഴിക്കോട്ട് ലത്തീൻ രൂപതയിൽനിന്നും വേർതിരിച്ചു പ[...] ശ്ലൈഹികസിംഹാസനം അവർക്കായി ഒരു പുതിയ രൂപതയും അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കായേയും കല്പിച്ചുനൽകിയിരിക്കുന്നു എന്ന വാർത്ത വത്തിക്കാനിൽനിന്നും അറിവായിരിക്കുന്നു. പാലാ രൂപതയിൽപെട്ട വള്ളോപ്പിള്ളിൽ റവ. ഫാദർ ദേവസ്യ ബി. എ. ബി. റ്റി., പി.എച്ച്. ബി ബി. ഡി. അവർകളാണ് പുതിയ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിതനായിരിക്കുന്നതു്. പുതിയ രൂപതയുടെ ആസ്ഥാനം മലബാറിലുള്ള കോട്ടയം താലൂക്കിലെ പ്രധാന വ്യാപാരപട്ടണമായ തലശ്ശേരിയായിരിക്കും.

നിയുക്ത രൂപതാദ്ധ്യക്ഷൻ തിരുമേനി 1914-ൽ കടക്കച്ചിറ ഇടവകയിൽ വള്ളോപ്പിള്ളി കുടുംബത്തിൽ ജനിച്ചു ഹൈസ്കൂൾവിദ്യാഭ്യാസത്തിനും സർവ്വകലാശാലാ ബിരുദസമ്പാദനത്തിനുംശേഷം വൈദികവിദ്യാഭ്യാസത്തിനായി കാൻഡി പേപ്പൽസെമിനാരിയിലേക്കുപോയി 1945-ൽ വൈദികപട്ടം സ്വീകരിച്ചു. അതിനിടയിൽ പി എച്ച്. ബി, ബി. ഡി എന്നീ ശാസ്ത്രബിരുദങ്ങളും അദ്ദേഹം സമ്പാദിച്ചു. ഹൈസ്കൂൾ അദ്ധ്യാപകൻ, പെറ്റിസെമിനാരിയിലെ ആദ്ധ്യാത്മികപിതാവു്, മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ പ്രശസ്തമായ സേവനം ചുരുങ്ങിയ കാലത്തിനുള്ളിൽ നിർവ്വഹിച്ചിട്ടുണ്ട്. സുറിയാനിക്കാരായ മലബാർ കുടിയേറ്റക്കാരുടെ ചിരകാലപ്രാർത്ഥന പരിശുദ്ധസിംഹാസനം അനുഭാവപൂർവ്വം പരിഗണിക്കുകയും അടുത്ത അവസരത്തിൽ കേരളം സന്ദർശിച്ച അത്യുന്നത കർദ്ദിനാൾ തിസറാങ്ങ് തിരുമേനി [illegible] ഉത്സാഹം പ്രദർശിപ്പിക്കുകയും വസ്തുതകൾ നേരിട്ടു ഗ്രഹിക്കുകയും ചെയ്തതിന്റെ ഫലമായിട്ടായിരിക്കണം സന്തോഷകരമായ ഈ തീരുമാനത്തിൽ ഇത്ര വേഗം എത്തിച്ചേരുന്നതിനിടയായിട്ടുള്ളതു്. പുതിയ രൂപതയ്ക്കും അതിന്റെ അദ്ധ്യക്ഷൻ തിരുമേനിക്കും സർവ്വവിജയങ്ങളും കൈവരുന്നതിനു പ്രാർത്ഥിക്കാം.

## ഇടവകവാർത്തകൾ

**കുളത്തൂർ**—കുളത്തൂർ ഇടവകയിലെ ചെറുപുഷ്പ മിഷൻലീഗിന്റെ ഈ വർഷത്തെ ഇടവക കൗൺസിൽ ഡയറക്ടർ റവ. ഫാ. ജോസഫ് ഒള്ളൂരയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ഇടവകയുടെ വിവിധഭാഗങ്ങളിലായി പ്രവർത്തനം നടത്തുന്ന ഒൻപതു ഗ്രൂപ്പുകളിലെ പ്രതിനിധികളും ലീഗിന്റെ വിവിധശാഖകളിൽനിന്നുള്ള ഒൻപതു പ്രതിനിധികളും ഉൾപ്പെട്ടതാണ് ഈ വർഷത്തെ ഇടവക കൗൺസിൽ. ഭാരവാഹികളായി താഴെപ്പറയുന്നവരെ തിരഞ്ഞെടുത്തു. പ്രസിഡണ്ട് ബ്രദർ എം. റാവുറിസ്, വൈസ്. പ്രസിഡണ്ട് ആർ. ജെ ജോസഫ്. ജന. സെക്രട്ടറി കെ. ഒ. ജോസഫ്. ഓഫീസ് സെക്രട്ടറി കെ. സി. തോമസ്, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എം. വി. ചരതിസ്.

**വാഴപ്പള്ളി**—പഴയപള്ളി ഇടവകയിലെ ചെറുപുഷ്പ മിഷൻലീഗ്, സെന്റ് വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി, സോഡാലിറ്റി എന്നീ സംഘടനകളുടെ സംയുക്ത വാർഷികം ജനുവരി 26-ാംനു സഘോഷം കൊണ്ടാടിയിരിക്കുന്നു. ചങ്ങനാശ്ശേരി മെത്രാൻ റവ. ഡോ. മാത്യു കാവുകാട്ടു് തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ശ്രീ എ ജെ ജോസഫ് ബി. എ, റവ. ഫാദർ ജോർജ്ജ് പോനെടുത്തകല്ലേൽ, ബ്രദർ പി സി അബ്രഹാം എന്നിവർ പ്രസംഗിച്ചു. റിപ്പോർട്ടുവർഷത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യം 300 രൂപയോളം സാധുജനസംരക്ഷണാർത്ഥവും, മിഷൻലീഗ് 500 രൂപയോളം മിഷൻ കാര്യങ്ങൾക്കായും വിനിയോഗിച്ചിട്ടുണ്ടെന്നറിയുന്നു.

**ചേലക്കാട്ടുകര**—മുന്നുമുറി പള്ളിയിൽ വി. സെബസ്ത്യാനോസ് പുണ്യവാന്റെ തിരുനാൾ ജനുവരി 27-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. പ്രദക്ഷിണത്തിനുശേഷം ശ്രീമാൻ സെബാസ്റ്റ്യൻ ചെറുവത്തൂർ & പാർട്ടിയുടെ ഒരു കഥാകാലക്ഷേപവും ഉണ്ടായിരുന്നു.

**മുതലക്കോടം**—സ്ഥലം വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെയും സോഡാലിറ്റിയുടെയും സംയുക്തവാർഷികസമ്മേളനം റവ. ഫാദർ ജയിംസ് [illegible]പ്പിള്ളിൽ എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ ജന. 24-ാംനു നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ ശ്രീ എം. പി. ദേവസ്യ അവർകൾ ഉജ്ജ്വലമായ ഒരു പ്രസംഗം നടത്തി.

**എൽത്തുരുത്തു** — റിപ്പബ്ലിക്ക് ദിനം പ്രമാണിച്ചു് ജന. 26-ാംനു ഉച്ചകഴിഞ്ഞു 2-30 നു് റവ. ഫാദർ ജനേഷ്യസ് ടി. ഒ. സി. ഡി. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. തദവസരത്തിൽ മി. മാത്യു എ. ചെമ്മരിത്തോട്ട്, മി. ജിൽ ആൽബർട്ട് ഫ്രാൻസിസ് എന്നിവർ [illegible] പ്രസംഗം ചെയ്തു.

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM, FEBRUARY 3, 1954 | No. 23

# തിരഞ്ഞെടുപ്പുപ്രചരണം സംബന്ധിച്ച വൈദികരുടെ അവകാശകർത്തവ്യങ്ങൾ

കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ എറണാകുളം പാർലമെന്ററി നിയോജകമണ്ഡലത്തിൽനിന്നു വിജയിച്ച ശ്രീ എ. എം. തോമസിനെതിരായി എതിർസ്ഥാനാർത്ഥി ശ്രീ എം. പി. മേനോൻ ഒരു എലക്ഷൻപെററിഷൻ ബോധിപ്പിച്ചിരുന്നുവല്ലോ. കത്തോലിക്കാവൈദികർ തിരഞ്ഞെടുപ്പിൽ അനർഹമായ സ്വാധീനശക്തി ചെലുത്തി എന്നതായിരുന്നു ഹർജിഭാഗത്തെ പ്രധാനവാദം. ഫാ. ആർക്കേഞ്ചൽ ഒ. സി. ഡി. എഴുതിയ "സോവ്യററുസ്വർഗ്ഗം" എന്ന ലഘുഗ്രന്ഥം (എ. അക്കം), 1951 ഡിസമ്പർ 12-ാംതിയതിയിലെ സത്യദീപം (ബി. അക്കം), മുതലായ രേഖകൾ തെളിവിലേക്കു ഹാജരാക്കപ്പെട്ടു. "സോവ്യററുസ്വർഗ്ഗ"ത്തിന്റെ പ്രസിദ്ധീകരണം തിരഞ്ഞെടുപ്പുതിയതിക്കുമുമ്പാണെന്നു തെളിയിക്കാൻ വാദിഭാഗത്തിനു സാധിച്ചില്ല. അതുകൊണ്ടു പ്രസ്തുത രേഖ നിരാകരിക്കപ്പെട്ടു. ബി അക്കത്തെ സംബന്ധിച്ചു സത്യദീപം പത്രാധിപർ, പ്രിൻറർ ആൻറ് പബ്ലിഷർ മുതലായ ഭാരവാഹികളെ വാദിഭാഗം സാക്ഷികളായി വിസ്തരിച്ചു. രേഖകളേയും തെളിവുകളേയും സസൂക്ഷ്മം പരിശോധിച്ചശേഷം ഹർജി തള്ളിയിരിക്കുന്നതായി ട്രിബ്യൂണൽ പ്രസ്താവിച്ച വിധിയിൽ കേസ്സിനാസ്പദമായ തിരഞ്ഞെടുപ്പുകാലത്തിൽ വൈദികർക്ക് എത്രമാത്രം സ്വാധീനം ചെലുത്താമെന്നുള്ള നിയമപ്രശ്നം സവിസ്തരം പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത വിധിഭാഗം 1952 നവമ്പർ 26-ാംതിയതിയിലെ സത്യദീപത്തിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഒരു പൊതുതിരഞ്ഞെടുപ്പു അത്യാസന്നമായിരിക്കുകയും അതിന്റെ പ്രചരണകോലാഹലങ്ങൾ മുഖരിതമാവുകയും ചെയ്തിരിക്കുന്ന ഈ അവസരത്തിൽ പ്രസ്തുത ന്യായവശങ്ങൾ അനുസ്മരിക്കുന്നതു സന്ദർഭോചിതവും മാർഗ്ഗദർശകവുമായിരിക്കും. അതിലെ സംഗതമായ ഭാഗങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു:-

"ബി അക്കം, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഉടമസ്ഥതയിലുള്ള ഒരു പ്രതിവാരപത്രമായ സത്യദീപത്തിന്റെ 1951 ഡിസമ്പർ 12-ാംതിയതിയിലെ ലക്കത്തിന്റെ ഒരു പ്രതിയാണ്. അതിൽ പരാതിയുള്ള ഭാഗം ബി (1) അക്കം എന്നു അടയാളപ്പെടുത്തിയിരിക്കുന്നു. 'ആർക്കെല്ലാം വോട്ടുചെയ്തുകൂടാ' എന്ന ചോദ്യത്തിനു് എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും, കൊല്ലം, കോട്ടയം, പാലാ മെത്രാന്മാരും നൽകിയിട്ടുള്ള മറുപടികളാണ് അതിൽ അടങ്ങിയിരിക്കുന്നതു്.

സ്വതന്ത്രതിരഞ്ഞെടുപ്പു് ജനപ്രാതിനിധ്യഭരണസമ്പ്രദായത്തിന്റെ ഒരു മൗലികസിദ്ധാന്തമാകുന്നു. ഈ വിഷയത്തെപ്പററിയുള്ള ഇന്ത്യൻ നിയമത്തിന്റെ ആധാരം ജനപ്രാതിനിധ്യാശയങ്ങളെപ്പററിയുള്ള ആ പ്രാചീനപൈതൃകസ്വത്തുതന്നെയാണ്, അതു ബ്രിട്ടന്റെ നേട്ടവുമാകുന്നു. തിരഞ്ഞെടുപ്പിന്റെ നൈർമ്മല്യം നിലനിർത്തുന്നതിനുള്ള അതിപ്രാചീനമായ നിയമനിർമ്മാണം 1275-ാമാണ്ടോളം പഴക്കമുള്ളതാണ്. അക്കൊല്ലം എഡ്വേർഡ് പ്രഥമൻ നടപ്പിൽ വരുത്തിയ ഒരു നിയമത്തിൽ, തിരഞ്ഞെടുപ്പു് സ്വതന്ത്രമായിരിക്കേണ്ടതാവശ്യമാകയാൽ "യാതൊരു മനുഷ്യനും ആയുധശക്തിമൂലമോ, ദ്വേഷംകൊണ്ടോ, ഭീഷണികൊണ്ടോ സ്വതന്ത്രതിരഞ്ഞെടുപ്പു് നടത്തുന്നതിൽനിന്നും ആരെയും തടയരുതെന്നു്, വലിയ ശിക്ഷയിൻകീഴിൽ രാജാവു കല്പിക്കുന്നു."

എന്നാൽ ഇന്ത്യൻ തിരഞ്ഞെടുപ്പുചട്ടത്തിന്റെ വികാസം ഇംഗ്ലണ്ടിലേതിൽനിന്നു് ഭിന്നവും വ്യത്യസ്തവുമായിരിക്കുന്നു. ഇന്ത്യൻ നിയമനിർമ്മാതാക്കൾ ഇംഗ്ലീഷ് നിയമങ്ങളിൽ ചിലതിനെ സ്വീകരിക്കുകയും, ചിലതു തിരസ്കരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നാം തീരുമാനിക്കേണ്ട പ്രശ്നത്തെ, വൈദികരുടെ സ്വാധീനശക്തി എപ്പോഴാണു് വൈദികരുടെ അനർഹമായ സ്വാധീനം ചെലുത്തലായി അധഃപതിക്കുന്നതെന്ന പ്രശ്നത്തെ സംബന്ധിച്ചിടത്തോളം, "ഓമാലി ആൻറ് ഹാർഡ്കാസിലി"ൽ റിപ്പോർട്ടുചെയ്തിട്ടുള്ള വലിയ അയിറിഷ് കേസുകൾ സർവ്വപ്രാധാന്യം അർഹിക്കുന്നവയാകുന്നു.

പാർക്കറുടെ "എലക്ഷൻ ഏജൻറും റിട്ടേണിങ്ങ് ഓഫീസറും" (എന്ന ഗ്രന്ഥത്തിന്റെ 1950 ലെ 5-ാംപതിപ്പ്) 305-ാം പുറത്തുനിന്നുള്ള താഴെ കാണുന്ന ഖണ്ഡികയിൽ, പ്രസ്തുത തീരുമാനങ്ങളുടെ ഫലം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്.

"വൈദികമോ ആദ്ധ്യാത്മികമോ ആയ സ്വാധീനശക്തി എല്ലാം, അനർഹമായിട്ടുള്ളതല്ല, വിവിധ സ്ഥാനാർത്ഥികളുടെ ഭിന്നങ്ങളായ യോഗ്യതകളെപ്പററി വൈദികരും മററധികാരികളും തങ്ങളുടെ ദൈവാലയങ്ങളിൽത്തന്നെയും ജനങ്ങളോടു് പ്രസംഗിക്കുന്നതും സഭാംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നതും അവരുടെ ന്യായമായ സ്വാധീനശക്തിയുടെ ശരിയായ വിനിയോഗമാകുന്നു. (ഗാൽവേ, 1 O' M & H. 307); ഒരു സ്ഥാനാർത്ഥിക്കെതിരായി മററാരാളെ എന്തുകൊണ്ടു് ഇഷ്ടപ്പെടണമെന്നു് അവർക്കു് ഉപദേശിക്കയും ഉദ്ബോധിപ്പിക്കുകയും നിർദ്ദേശിക്കുകയും, അഭ്യർത്ഥിക്കുകയും വിശദീകരിക്കുകയും ചെയ്യാവുന്നതാണ്. (ലോംഗ് ഫോർഡ് 2 O' M & H 16); എന്തെന്നാൽ ഒരു വൈദികനും ഒരു പൗരനാകുന്നു; തന്റെ രാഷ്ട്രീയാഭിപ്രായങ്ങൾ പുലർത്തുന്നതിനും തന്റെ ന്യായമായ സ്വാധീനശക്തി ന്യായമായി വിനിയോഗിക്കുന്നതിനും അദ്ദേഹത്തിനു് അർഹത ഉണ്ടായിരിക്കുന്നു (ടിപ്പററി, 2 O'M & H 31).

"അതുപോലെതന്നെ, തങ്ങളുടെ സഭയ്ക്കോ മതത്തിനോ, വൈദികർക്കോ എതിരായ ഒരു ശത്രുതാമനോഭാവം തലപൊക്കിയിട്ടുണ്ടെന്നു വൈദികർ വിശ്വസിക്കുകയാണെങ്കിൽ, ഏതെങ്കിലും പ്രത്യേക രാഷ്ട്രീയകക്ഷിയിൽ മതത്തിനു് ആപൽക്കരമായ ഘടകങ്ങളെ അവർ കാണുകയാണെങ്കിൽ, മതത്തോടു് ന്യായമായ ആദരവു് പുലർത്തുന്നതിനും സ്ഥാപിക്കുന്നതിനും അവർക്കു തങ്ങളുടെ സ്വാധീനശക്തി ഉപയോഗിക്കാവുന്നതാണ്. നടക്കുവാൻ പോകുന്ന ഒരു രാഷ്ട്രീയസംഗരത്തിൽ മതത്തെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രശ്നങ്ങൾ ഉൾപ്പെടുന്നുവെന്നു് ഉചിതമായ ഭാഷയിൽ അവർക്കു തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാവുന്നതാകുന്നു. (സൗത്തുമീത്തു് 4 O' M & H 134).

"എന്നാൽ ഒരു വൈദികൻ ന്യായമായ സ്വാധീനശക്തിയുടെ അതിരുകൾ കടന്നുകൂടാത്തതാകുന്നു. (ഗാൽവേ, 1 O, M & H 307). അദ്ദേഹം തന്റെ ന്യായമായ സ്വാധീനശക്തി അഭിശംസനം (Denunciation) കൂടാതെ ഉപയോഗിക്കേണ്ടതാകുന്നു; നിയമത്തെ ലംഘിക്കുന്നതിനോ, ദുരുപയോഗിക്കുന്നതിനോ, മററു പൗരന്മാരുടെ അവകാശങ്ങളിലും പ്രത്യേകാധികാരങ്ങളിലും ഇടപെടുന്നതിനോ അദ്ദേഹത്തിനു യാതൊരു പ്രത്യേകാധികാരവും ഉണ്ടായിരിക്കുന്നില്ല." (ടിപ്പററി, 2 O' M & H 31.)

ഒരു കത്തോലിക്കാ വൈദികന്റെ നിലയുടേയും അദ്ദേഹത്തിനു് നിയമാനുസൃതം പ്രയോഗിക്കാവുന്ന സ്വാധീനശക്തിയുടേയും ഏററം ശരിയായ സംഗ്രഹം മുകളിൽ ഉദ്ധരിച്ച കേസുകളിലൊന്നിൽ (ലോങ്ങ് ഫോർഡു്, 2 O' M & H 16) ജസ്റ്റിസ് ഫിററ്സ് ജാറൾഡിന്റെ വിധിയിൽ അടങ്ങിയിരിക്കുന്നു. അദ്ദേഹം പറഞ്ഞിരിക്കുന്നു:

"കത്തോലിക്കാ വൈദികനു് വലിയ സ്വാധീനശക്തിയുണ്ടു്; അദ്ദേഹത്തിനു് ഉണ്ടായിരിക്കുകയും വേണം. അദ്ദേഹത്തിന്റെ നില, അദ്ദേഹത്തിന്റെ പാവനമായ ഉദ്യോഗസ്വഭാവം മുതലായവയാൽ ഇതു അദ്ദേഹത്തിനു് സംസിദ്ധമാകുന്നു. സമ്മതിദായകന്മാരുടെ മേലുള്ള ആ സ്വാധീനശക്തിയുടെ ന്യായമായ വിനിയോഗത്തിൽ വൈദികനു് ഉപദേശിക്കുകയും ഉദ്ബോധിപ്പിക്കുകയും, ശുപാർശ ചെയ്യുകയും, അഭ്യർത്ഥിക്കുകയും, സാധാരണ ചുമതലാനിർവഹണത്തിനു് സ്വീകരിക്കേണ്ട ശരിയായ മാർഗ്ഗമെന്തെന്നു് ചൂണ്ടിക്കാണിക്കുകയും ചെയ്യാം; ഒരു സ്ഥാനാർത്ഥിയെക്കാൾ മറെറാരു സ്ഥാനാർത്ഥിയെ എന്തുകൊണ്ടു് സ്വീകരിക്കണമെന്നു് വിശദീകരിച്ചുകൊടുക്കാം; ആവശ്യമെന്നു തോന്നിയാൽ സ്വന്തം ഔദ്യോഗികസ്വഭാവത്തിന്റെ ശക്തി മുഴുവൻ തുലാസിന്റെ ആ തട്ടിൽ നിക്ഷേപിക്കുകയും ചെയ്യാം. എന്നാൽ താൻ ആരോടു പ്രസംഗിക്കുന്നുവോ അവരുടെ ഭയങ്ങളെയോ ആശങ്കകളേയോ അന്ധവിശ്വാസങ്ങളെയോ ഇളക്കിവിടരുതു്. ഈ ലോകത്തിലെയോ പരലോകത്തിലേയോ പ്രതിഫലത്തെപ്പററിയുള്ള യാതൊരു പ്രത്യാശകളും അവർക്കു നൽകരുതു്. താല്ക്കാലികനഷ്ടങ്ങളെപ്പററിയോ പ്രാതികൂല്യങ്ങളെപ്പററിയോ, പരലോകത്തിലെ ശിക്ഷകളെപ്പററിയോ ഉള്ള യാതൊരു ഭീഷണികളുമുപയോഗിക്കരുതു്. മഹാറോൻ ചൊല്ലുമെന്നോ കൂദാശകൾ മുടക്കുമെന്നോ അവരെ ഭയപ്പെടുത്തരുതു്."

അനർഹമായ സ്വാധീനശക്തി എന്നതിന്റെ നിർവ്വചനം ഈ കേസിനെ സംബന്ധിച്ചിടത്തോളം 1951 ലെ ജനപ്രാതിനിധ്യനിയമത്തിൽ നൽകിയിട്ടുള്ള നിർവ്വചനമാണ്. ആ നിർവ്വചനപ്രകാരം അനർഹമായ സ്വാധീനശക്തിയെന്നതു് ഏതെങ്കിലും സമ്മതിദാനാവകാശത്തിന്റെ സ്വതന്ത്രമായ വിനിയോഗത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെടുന്നതോ ഇടപെടുവാൻ ശ്രമിക്കുന്നതോ ആണ്'. ആ നിർവ്വചനത്തിൽ, അതിലെ വ്യവസ്ഥകളുടെ പൊതുസ്വഭാവത്തിനു ഹാനികരമല്ലാത്തവിധം താഴെപ്പറയുന്നവകൂടി ഉൾപ്പെടുന്നു.

"(I) ഒരു സ്ഥാനാർത്ഥിയെയോ സമ്മതിദായകനെയോ, സ്ഥാനാർത്ഥിക്കോ സമ്മതിദായകനോ താല്പര്യമുള്ള ഏതെങ്കിലുമാളിനേയോ, സമുദായഭ്രഷ്ടോ, ജാതിയിൽനിന്നോ സമുദായത്തിൽനിന്നോ ഉള്ള മഹാറോനോ വിച്ഛേദനമോ, അതു് ഉൾപ്പെടെ ഏതെങ്കിലും തരത്തിലുള്ള നഷ്ടമോകൊണ്ടു് ഭീഷണിപ്പെടുത്തുന്നയാളും;

"(II) താനോ തനിക്കു താല്പര്യമുള്ള മററാരെങ്കിലുമോ ദൈവകോപത്തിനും ആദ്ധ്യാത്മികശാസനത്തിനും വിഷയമാകുമെന്നോ വിഷയമാക്കപ്പെടുമെന്നോ ഒരു സ്ഥാനാർത്ഥിയെയോ ഒരു സമ്മതിദായകനേയോ പ്രേരിപ്പിക്കുകയോ പ്രേരിപ്പിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നയാളും;' അത്തരം സ്ഥാനാർത്ഥിയുടെയോ സമ്മതിദായകന്റെയോ സമ്മതിദാനാവകാശത്തിന്റെ സ്വതന്ത്രമായ വിനിയോഗത്തിൽ ഇടപെടുന്നതായി കണക്കാക്കപ്പെടുന്നതാകുന്നു.

"സമ്മതിദാനാവകാശം" എന്ന പ്രയോഗത്തിന്റെ നിർവ്വചനം, 1951 ലെ ജനപ്രാതിനിധ്യനിയമത്തിന്റെ 79 (ഡി) വകുപ്പിൽ കാണപ്പെടുന്നു. അതു താഴെ കാണുന്നതുപോലെയാണ്: "(ഡി) സമ്മതിദാനാവകാശം എന്നതിനു്, ഒരു സ്ഥാനാർത്ഥിയായി നില്ക്കുകയോ നില്ക്കാതിരിക്കുകയോ, സ്ഥാനാർത്ഥിത്വത്തിൽനിന്നു് പിന്മാറുകയോ ഒരു തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുകയോ, വോട്ടു ചെയ്യാതിരിക്കുകയോ ചെയ്യുന്നതിനു് ഒരാൾക്കുള്ള അവകാശം എന്നർത്ഥമാകുന്നു."

മുകളിൽപ്പറഞ്ഞ വിധികളിൽ നിന്നും, നിയമവ്യവസ്ഥകളിൽ നിന്നും സ്വാധീനശക്തി ഉണ്ടായിരിക്കുന്നതിനെയോ, അതു മററുള്ളവരിൽ ന്യായമായി പ്രയോഗിക്കുന്നതിനെയോ നിയമം തടയുന്നില്ലെന്നു വ്യക്തമാകുന്നു. മനുഷ്യവ്യക്തിത്വത്തിൽ അത്തരം സ്വാധീനശക്തിയും, സമ്പത്തും വിദ്യാഭ്യാസവും ജീവിതരീതിയും ഒരു മനുഷ്യനു പ്രദാനംചെയ്യാവുന്ന ആനുകൂല്യങ്ങളും അന്തർലീനമായിരിക്കുന്നു. അത്തരം സ്വാധീനശക്തിയുടെ ദുരുപയോഗത്തെയാണ് നിയമം തടയുന്നതു്. സ്വാധീനശക്തി ഉണ്ടായിരുന്നുവെന്നു തെളിയിക്കുകയും, അതിന്റെ പ്രയോഗം സ്ഥാപിക്കുകയും ചെയ്തതുകൊണ്ടുമാത്രം ദുരുപയോഗം ഉണ്ടെന്നു പറഞ്ഞുകൂടാത്തതാകുന്നു.

ബി (1) അക്കം (സത്യദീപത്തിലെ ലേഖനഭാഗം) ഞങ്ങൾ ഏററവും ശ്രദ്ധയോടും സൂക്ഷ്മതയോടുംകൂടി പരിശോധിക്കുകയുണ്ടായി. അതു് അനർഹമായ സ്വാധീനശക്തിയുടെ മണ്ഡലങ്ങളിലേക്കു് കടക്കുന്നില്ലായെന്നുള്ള തീരുമാനത്തിലാണ് ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്നതു്."

മേൽ ഉദ്ധരിച്ച പണ്ഡിതന്മാരായ നിയമവ്യാഖ്യാതാക്കളുടെ അഭിപ്രായങ്ങളും, അടിസ്ഥാനരഹിതമായ ഹർജി തള്ളിക്കൊണ്ടുള്ള ട്രിബ്യൂണലിന്റെ വിധിയും വൈദികരുടെ അവകാശകർത്തവ്യങ്ങളെ സംബന്ധിച്ച വിശദവും ന്യായയുക്തവുമായ അറിവു് എല്ലാവർക്കും നൽകുന്നതിനു പര്യാപ്തമാണ്. മതവിശ്വാസകാര്യങ്ങളെ സ്പർശിക്കുന്നതും ആദ്ധ്യാത്മികമണ്ഡലത്തിൽ പ്രത്യാഘാതങ്ങൾക്കു നിദാനമാകാവുന്നതുമായ പ്രശ്നങ്ങളുണ്ടാകുമ്പോൾ ജനങ്ങൾക്കു ശരിയായ മാർഗ്ഗദർശനം നൽകേണ്ടതു വൈദികരുടെ കർത്തവ്യപരിധിയിൽപെടുന്നതാണ്. അതുകൊണ്ടാണ് വൈദികർ ഓരോ പാർട്ടികളെ സംബന്ധിച്ചു അവയുടെ മതപരമായ ആദർശങ്ങളേയും മനോഭാവത്തേയും ആധാരമാക്കി വേണ്ട പ്രകാശനം ജനതയ്ക്കു നൽകുന്നതിൽ വ്യാപൃതരാകുന്നതു്. ഏതെങ്കിലും പാർട്ടികൾക്കോ, വ്യക്തികൾക്കോ അതു് രുചിക്കുന്നില്ലായിരിക്കാം. പക്ഷെ ഗുരുതരമായ ആ കർത്തവ്യനിർവ്വഹണം അത്യാവശ്യമായിരിക്കുന്ന പരിതസ്ഥിതിയിൽ ഭീരുത്വം വരിക്കുന്നതിനോ മൂകത്വം ഭാവിക്കുന്നതിനോ ഉത്തരവാദിത്വബോധമുള്ള ഒരു വൈദികനു സാദ്ധ്യമല്ല. പൊതുജനങ്ങൾക്കു് സാമാന്യേന ഇക്കാര്യത്തിൽ ഭീമമായ തെററിദ്ധാരണയുണ്ടു്. സാധാരണമായ അവരുടെ വിമർശനങ്ങൾ അല്പമൊന്നു ശ്രദ്ധിച്ചാൽ ഇതു മനസ്സിലാക്കാം. ബോട്ടിലും വണ്ടിയിലും മററും യാത്രചെയ്യുമ്പോഴും, വിശ്രമത്തിനും നേരംപോക്കിനും മററും വേണ്ടി എവിടെയെങ്കിലും സമ്മേളിക്കുമ്പോഴും ഇപ്പോൾ സാധാരണയായി കേൾക്കുന്ന ഒരു സംസാരവിഷയമാണിതു്. ഈ അവസരം നോക്കി എതിർപക്ഷം വൈദികവിരുദ്ധമനോഭാവം ജനതയിൽ സംക്രമിപ്പിക്കുന്നതിനു വിരുതോടെ പരിശ്രമിക്കുന്നുണ്ടു്. ലോകത്തിൽ ഒരിടത്തും കേട്ടുകേൾവിപോലുമില്ലാത്ത കള്ളക്കഥകൾ അക്കൂട്ടർ ചാക്കഴിച്ചു നിരത്തിവയ്ക്കുന്നതു് ഒട്ടും അസാധാരണയല്ല. വൈദികവിദ്വേഷവിഷം ജനങ്ങളിൽ കുത്തിവയ്ക്കേണ്ടതു അവരുടെ ലക്ഷ്യത്തിനു അത്യാവശ്യമായതുകൊണ്ടാണ് ഈ അപവാദവ്യവസായത്തിൽ അവർ അഹോരാത്രം ഉദ്യുക്തരായിരിക്കുന്നതു്. പൊതുജനങ്ങൾക്കു ഈ പ്രചരണതന്ത്രം സുവിദിതമായിരിക്കുന്നില്ലെങ്കിൽ അക്കൂട്ടരുടെ കെണിയിൽ കുടുങ്ങിപ്പോയേക്കുമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ അവസരത്തിൽ ഇതേപ്പററി പ്രതിപാദിക്കുന്നതിനും വേണ്ട മുന്നറിവു നൽകുന്നതിനും ഉദ്യുക്തരായതു്.

## പ്രസാധകക്കുറിപ്പുകൾ

### ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 59-ാമതു വാർഷികം

69 വയസ്സു പ്രായമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 59-ാമതു വാർഷികസമ്മേളനം ഈ ജനുവരി 20 മുതൽ 24 വരെ തിയതികളിൽ കൽക്കട്ടാക്കടുത്തുള്ള കല്യാണി എന്ന സ്ഥലത്തുവച്ചു് വളരെ വിജയകരമായി നടന്നിരിക്കുന്നു. വർക്കിങ്ങ്കമ്മിററി തയാറാക്കിയ, അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിററി അംഗീകരിച്ച പ്രധാനവും

കാലോചിതവുമായ ഏതാനും പ്രമേയങ്ങൾ പൊതുസമ്മേളനത്തിൽ പാസാക്കപ്പെട്ടു. ഇൻഡ്യാഗവമ്മെന്റിന്റെ വിദേശനയത്തെ അംഗീകരിക്കുന്നതും, കൊളോണിയൽ ആധിപത്യത്തേയും വർഗ്ഗീയവിവേചനത്തേയും അപലപിക്കുന്നതും, യു. എസ്. ഏ. പാകിസ്ഥാനു് നൽകാൻ നിശ്ചയിച്ചിരിക്കുന്ന സൈനികസഹായത്തെപ്പററി ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നതും, ഇൻഡ്യയിലെ സംസ്ഥാനങ്ങളുടെ പുനർവിഭജനകാര്യത്തിൽ ഉപദേശം നൽകുന്നതും, പഞ്ചവത്സരപദ്ധതിയുടേയും അതു സംബന്ധിച്ചുള്ള കൃഷിവ്യവസായവികസനത്തിന്റേയും കാര്യത്തിൽ രാജ്യവാസികളുടെ സഹകരണം അഭ്യർത്ഥിക്കുന്നതുമായ പ്രമേയങ്ങളാണു് ഇവയിൽ മുഖ്യമായവ.

### നെഹ്റുവിന്റെ പ്രസംഗം

പ്രമേയങ്ങളിലെ കാര്യസാരമുള്ളടക്കി കോൺഗ്രസ്സ് പ്രസിഡണ്ടു് ശ്രീ നെഹ്റു പൊതുസമ്മേളനത്തിൽ സുദീർഘവും പ്രൗഢവുമായ അദ്ധ്യക്ഷപ്രസംഗം നടത്തി. ഇന്ത്യയുടെ വിദേശനയം റഷ്യയുടേയോ അമേരിക്കയുടേയോ അധികാരച്ചേരിയിൽപെടാത്തതും സകല രാജ്യങ്ങളോടും സൗഹാർദ്ദബന്ധങ്ങൾ വർദ്ധമാനമായി പാലിക്കുന്നതുമാണെന്നു് അദ്ദേഹം ആവർത്തിച്ചു പ്രസ്താവിച്ചു. ഇന്നത്തെ പ്രശ്നങ്ങൾ സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടിയേ പരിഹരിക്കാൻ സാധിക്കുകയുള്ളുവെന്നും, ഓരോ രാജ്യത്തിനും അതിനിഷ്ടമുള്ള സ്വന്തം ജീവിതം മററുള്ളവരുടെമേൽ ഒന്നും കെട്ടിവയ്ക്കാതെ നയിക്കുവാൻ കഴിയുമെന്നും നമുക്കു ബോദ്ധ്യമുണ്ടു്. സമാധാനം യുദ്ധത്തിന്റെ അഭാവം മാത്രമല്ല. അതൊരു മനസ്ഥിതിയുംകൂടിയാണു്. ശീതസമരം നടക്കുന്ന ഇന്നത്തെ ലോകത്തിൽ ആ മനസ്ഥിതി മിക്കവാറും പൂർണ്ണമായി തന്നെ അപ്രത്യക്ഷപ്പെട്ടിരിക്കുകയാണു്. യുദ്ധത്തിന്റേയും ഭീതിയുടേയും ഈ അന്തരീക്ഷത്തിനു് അടിപ്പെടാതിരിക്കുവാനും നമ്മുടേയും ലോകത്തിന്റേയും പ്രശ്നങ്ങളെ നിവൃത്തിയുള്ളിടത്തോളം നിഷ്പക്ഷമായി ഗണിക്കുവാനും നാം പരിശ്രമിച്ചിട്ടുണ്ടു്. വളരെ ഭയങ്കരമായ അത്യാഹിതം ലോകത്തിനു നേരിടുന്നപക്ഷം, നിവൃത്തിയുള്ളിടത്തോളം ലോകത്തിന്റെ കുറെ ഭാഗം അതിൽനിന്നു വിമുക്തമാക്കിവയ്ക്കുന്നതു് പ്രയോജനകരമാണെന്നു നമുക്കു തോന്നിയിട്ടുണ്ടു്. അതുകൊണ്ടാണു് ഒരു യുദ്ധത്തിൽ ഇന്ത്യ പങ്കെടുക്കുകയില്ലെന്നു് നാം പ്രഖ്യാപിച്ചിട്ടുള്ളതു്. ഏഷ്യയിലുള്ള മററു രാജ്യങ്ങളും ഇതുപോലെ യുദ്ധത്തിൽനിന്നു ഒഴിഞ്ഞുമാറി ഒരു സമാധാനമേഖല സൃഷ്ടിക്കുമെന്നു് നാം ആശിക്കുകയും ചെയ്യുന്നു.

* * *

### പാകിസ്ഥാനുമായി "യുദ്ധം വേണ്ടാ" ഉടമ്പടി

പാകിസ്ഥാനുമായി ഒരു "യുദ്ധം വേണ്ടാ" ഉടമ്പടി ചെയ്യാൻ ഇന്ത്യക്കുള്ള സമ്മതവും നെഹ്റു ആവർത്തിച്ചു പ്രസ്താവിച്ചു. പ്രസ്തുത സമ്മതം നിരാകരിക്കപ്പെട്ടെങ്കിലും നമ്മെ സംബന്ധിച്ചിടത്തോളം അതിപ്പോഴും അഭംഗമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നമുക്കു യുദ്ധം വേണ്ട. നമ്മുടെ നയത്തിന്റെ സ്വാഭാവികഫലമായി നമ്മുടെ അയൽരാജ്യങ്ങളുമായി അത്തരം ഉടമ്പടികൾ ചെയ്യുന്നതിനും അങ്ങനെ ഒരു മാർഗ്ഗത്തുനിന്നും ആക്രമണം ഉണ്ടാകയില്ലെന്നു് ഉറപ്പുവരുത്തുന്നതിനും നാം തയ്യാറാണു്.

### ദേശീയ ഐക്യം

ദേശീയ ഐക്യത്തിനായി നെഹ്റു അഭ്യർത്ഥന നടത്തി. നമ്മുടെ സുദീർഘചരിത്രത്തിൽ പലപ്പോഴും പുറമെനിന്നു ഭീഷണിയും ആക്രമണവും നമുക്കനുഭവപ്പെട്ടിട്ടുണ്ടു്. ആ ഏററുമുട്ടലിൽ നാം തോല്ക്കുകയോ നമ്മുടെ രാജ്യം അംഗഭംഗപ്പെടുകയോ പിടിച്ചടക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ആയുധങ്ങളുടേയോ ധൈര്യത്തിന്റേയോ കുറവിനെക്കാൾ അകമേയുള്ള ബലഹീനതയായിരുന്നു എല്ലായ്പോഴും. അതിൽനിന്നു നമുക്കു പാഠം പഠിക്കാം. വർഗ്ഗമോ പ്രദേശമോ മതമോ ജാതിയോ ഭാഷയോ അടിസ്ഥാനമാക്കി ജനങ്ങളിൽ ഒരു വിഭാഗം നമ്മുടെ ദേശീയ ഐക്യത്തിനു് ഹാനിവരുത്താൻ അനുവദിക്കാവുന്ന സമയമല്ല ഇതു്.

### തൊഴിലില്ലായ്മ

തൊഴിലില്ലായ്മയെപ്പററിയും നെഹ്റു പരാമർശിച്ചു. വിപുലമായതോതിലുള്ള തൊഴിലില്ലായ്മ അനേകം യുവാക്കന്മാരുടെ ജീവിതം നിഷ്പ്രഭങ്ങളാക്കിത്തീർക്കുന്നു. അതു നമ്മുടെ വലിയ ഒരു പ്രശ്നമാണു്. വല്ല മാന്ത്രികശക്തിയുംകൊണ്ടു് അതു ദൂരീകരിക്കുവാൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ ശരിയായ പ്ലാനിംഗും കഠിനമായ പ്രയത്നവും വഴിയായി ക്രമേണ അതിനെ തീവരുത്തുവാൻ നമുക്കു കഴിയും. ഗവമ്മെന്റു് സർവ്വീസിൽ ഉദ്യോഗം നോക്കിക്കൊണ്ടിരിക്കുന്നതു് ആക്കും ഗുണകരമല്ല. കഠിനപ്രയത്നം ചെയ്യാനും കൈകൊണ്ടുള്ള വേല ആക്ഷേപകരമായി ഗണിക്കാതിരിക്കാനും തയാറുള്ള ആക്കും തൊഴിലും വേലയും ഉണ്ടാക്കിക്കൊടുക്കുവാൻ നമുക്കു സാധിക്കും.

### രാഷ്ട്രസാൽക്കരണം

കൃഷിവ്യവസായങ്ങൾ രാഷ്ട്രസാൽക്കരിക്കണമെന്നാണല്ലോ ഇപ്പോഴത്തെ മുറവിളി. അതിനെപ്പററിയും നെഹ്റു പരാമർശിക്കാതിരുന്നില്ല. നമ്മിൽ പലരും സോഷ്യലിസത്തിന്റെ വിശാലതത്വങ്ങൾ സ്വീകരിക്കുന്നുണ്ടെന്നും, എങ്കിലും വിശ്വാസപ്രമാണരൂപത്തിലുള്ള യാതൊരു സമീപനവും ഈ കാര്യത്തിൽ നമുക്കു സമ്മതമല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. രാഷ്ട്രസാൽക്കരണം സ്പഷ്ടമായും ഗുണകരമായിരിക്കുമ്പോൾ അതു സ്വീകരിക്കാൻ നാം മടിക്കരുതു്. എന്നല്ല രാഷ്ട്രത്തിന്റെ ഉടമയിലുള്ള വളരെയധികം മഹനീയ സംരംഭങ്ങൾ നാം കെട്ടിപ്പടുത്തിക്കഴിഞ്ഞിരിക്കുന്നു. അവയുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു. നമ്മുടെ ചുരുങ്ങിയ ആദായമാർഗ്ഗങ്ങൾ പഴയ വ്യവസായങ്ങൾ പിടിച്ചെടുക്കുവാൻ ഉപയോഗിക്കുന്നതെന്തിനു്, പുതിയവ തുടങ്ങാൻ നമുക്കു് ആവശ്യകമായിരിക്കുമ്പോൾ?

* * *

### കോൺഗ്രസ്സ് ഗവമ്മെന്റിന്റെ 4 വർഷത്തെ നേട്ടങ്ങൾ

നമ്മുടെ റിപ്പബ്ളിക്കിന്റെ 4-ാം വാർഷികം കൊണ്ടാടിയ ഈ ജനുവരി 26-ാംനു രാഷ്ട്രപതി രാജേന്ദ്രപ്രസാദു് രാജ്യത്തിനു നൽകിയ സന്ദേശത്തിൽ ചുരുക്കമായി ചൂണ്ടിക്കാണിച്ചിരുന്നു, ഇക്കഴിഞ്ഞ 4 കൊല്ലം കോൺഗ്രസ്സു് ഗവമ്മെന്റു് ഈ നാട്ടിലെ ജനങ്ങളുടെ, പ്രത്യേകിച്ചും സാധാരണക്കാരന്റെ, ജീവിതം കൂടുതൽ സുഖകരമാക്കാനുള്ള ലക്ഷ്യംവച്ചു് ചെയ്ത സേവനങ്ങൾ. ഭക്ഷ്യോല്പാദനകാര്യത്തിൽ നാം വളരെ പുരോഗമിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി ഭക്ഷ്യധാന്യഇറക്കുമതി സാരമായികുറയ്ക്കുവാൻ നമുക്കു സാധിക്കും. പഞ്ചവത്സരപദ്ധതിയിൽക്കൂടി നമുക്കുണ്ടായ നേട്ടങ്ങൾ ആശാവഹമാണു്. പഞ്ചവത്സരപദ്ധതി പൂർത്തിയാകുമ്പോൾ ഭക്ഷ്യോല്പാദനത്തിലും വൈദ്യുതീകരണത്തിലും വലിയ പുരോഗതിയുണ്ടാകും. അതുമൂലം വലുതും ചെറുതുമായ വ്യവസായങ്ങൾ വികസിക്കാൻ സാദ്ധ്യതകളുണ്ടു്. നമ്മുടെ നാട്ടിൻപുറങ്ങളിൽ ഇപ്പോൾ നടന്നുവരുന്ന കമ്മ്യൂണിററിപ്രോജക്ടുകളും സ്മരണീയമാണു്. ഈ പദ്ധതി നമ്മുടെ ഗ്രാമീണരുടെ ഭാവനയെ ഹഠാദാകർഷിക്കുകയും അവരെ ആവേശഭരിതരാക്കുകയും ചെയ്തിട്ടുണ്ടു്. ഇനിയും 55 കേന്ദ്രങ്ങളിൽക്കൂടി കമ്മ്യൂണിററിപ്രോജക്ടു് പ്രവർത്തനം തുടങ്ങാൻ ഗവമ്മെന്റുദ്ദേശിക്കുന്നു. നമ്മുടെ ഈ പരിശ്രമത്തെ പല വിദേശശക്തികളും അഭിനന്ദിച്ചിട്ടുമുണ്ടു്.

* * *

### പഞ്ചവത്സരപദ്ധതിയിൽ സോഷ്യലിസ്റ്റു് തത്വങ്ങൾ

ഈ രാജ്യം ഈയിടെ സന്ദർശിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷ് ലേബർ എം. പി. മിസ്റ്റർ ഇയാൻ മിക്കാർഡോ ഇന്ത്യൻ പഞ്ചവത്സരപദ്ധതിയെപ്പററി പ്രസ്താവിച്ചതു് "ബ്രിട്ടീഷ് ലേബർ പാർട്ടിയിലെ ഏതു വിഭാഗത്തിന്റേയും അഭിപ്രായങ്ങളെക്കാൾ ഇടതുപക്ഷത്തേക്കു നീങ്ങിയിരിക്കുന്ന പരിപാടിയാകുന്നു അതു്" എന്നാണു്. "നമ്മിൽ പലരും സോഷ്യലിസത്തിന്റെ വിശാലതത്വങ്ങൾ സ്വീകരിക്കുന്നുണ്ടു്" എന്ന നെഹ്റുവിന്റെ പ്രസ്താവം ഈ ബ്രിട്ടീഷ് ലേബർ എം. പി യുടെ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നു. നെഹ്റുവിന്റെ ഈ പ്രസ്താവത്തെ പരാമർശിച്ചുകൊണ്ടു് ഹിന്ദുപത്രം പറയുന്നതും ശ്രദ്ധേയമാണു്. ജനസഞ്ചയം സോഷ്യലിസത്തിൽനിന്നു് വളരെയധികം അകന്നാണിരിക്കുന്നതെന്നും, അവരുടെ സ്വഭാവവും പാരമ്പര്യവും മതപരമായ വീക്ഷണവും അവരെ സോഷ്യലിസ്റ്റു് സമ്പ്രദായത്തിനു് പ്രതികൂലികളാക്കാൻ പര്യാപ്തമാണെന്നും, എന്നുവരികിലും ഗവമ്മെന്റിനു് ഈ വസ്തുത മനസ്സിലാക്കാൻ മിക്കവാറും കഴിഞ്ഞിട്ടില്ലെന്നും, അതുകൊണ്ടാണു് പഞ്ചവത്സരപദ്ധതിയിൽ പലതും ഉദ്ദിഷ്ടഫലം പുറപ്പെടുവിക്കാത്തതെന്നും ആ പത്രം പറയുന്നു. എന്നിട്ടും ഇടതുപക്ഷങ്ങൾ ആക്രോശിക്കുന്നു, കോൺഗ്രസ്സു് ഗവമ്മെന്റു് മുതലാളികളുടേയും ജന്മികളുടേയും ഗവമ്മെന്റാണെന്നു്!

* * *

### കോൺഗ്രസ്സിനു് വോട്ടുചെയ്യേണ്ടതു് കത്തോലിക്കന്റെ ഗുരുതരകർത്തവ്യം

നമ്മുടെ പരിശുദ്ധപിതാവു് പന്ത്രണ്ടാംപീയൂസ്സു് തിരുമേനി 1944-ലെ ക്രിസ്തുമസ്സിൽ, രണ്ടാം ലോകമഹായുദ്ധം അതിന്റെ ഭയങ്കരതയുടെ മൂർദ്ധന്യത്തിൽ എത്തിയപ്പോൾ, പ്രക്ഷേപണം ചെയ്ത ലോകസന്ദേശത്തിൽ പ്രജായത്തഭരണത്തിലെ പൗരന്മാർക്കും ഭരണകർത്താക്കൾക്കും അവശ്യമുണ്ടായിരിക്കേണ്ട ഗുണങ്ങൾ വിശദീകരിച്ചിരുന്നു. അതിലൊരുഭാഗത്തു് വോട്ടവകാശത്തെപ്പററി പറഞ്ഞിട്ടുള്ളതിങ്ങനെയാണു്:- "ഒരു രാജ്യത്തിന്റെ ഭരണഘടനയും നിയമങ്ങളും രൂപീകരിക്കുവാനുള്ള ചുമതല വഹിക്കുന്ന ആളുകളെ തിരഞ്ഞെടുക്കേണ്ട പ്രശ്നം അടങ്ങിയിരിക്കുന്ന അവസരത്തിലെങ്കിലും, വോട്ടവകാശത്തിന്റെ വിനിയോഗം ഗുരുതരമായ ഉത്തരവാദിത്വമാകുന്നു." നിയമസഭാസാമാജികന്മാരാണല്ലോ രാജ്യത്തിലെ ഭരണഘടനയും നിയമങ്ങളും രൂപീകരിക്കുന്നതു്. തിരുകൊച്ചിയിലെ അടുത്തുവരുന്ന തിരഞ്ഞെടുപ്പു് ഇവിടത്തെ നിയമസഭാസാമാജികന്മാരെ തിരഞ്ഞെടുക്കാനുള്ളതാകയാൽ, ആ തിരഞ്ഞെടുപ്പിൽ തനിക്കുള്ള വോട്ടവകാശം വിനിയോഗിക്കേണ്ടതു് ഓരോ കത്തോലിക്കന്റേയും ഒഴിച്ചുകൂടാത്ത ചുമതലയാണെന്നു് പരിശുദ്ധപിതാവിന്റെ വാക്കുകളിൽനിന്നു സ്പഷ്ടമാണല്ലോ.

ഫിലിപ്പൈനിലെ കാത്തലിക് വെൽഫെയർ ഓർഗനൈസേഷൻ (കത്തോലിക്കാ ക്ഷേമസംഘടന) ഈയിടെ പ്രസിദ്ധപ്പെടുത്തിയ "പൗരന്മാരുടെ കൈപ്പുസ്തകം" എന്ന ഗ്രന്ഥത്തിൽ കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരുടെ സാമാന്യസിദ്ധാന്തമനുസരിച്ചു് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—"സാമാന്യമായി തക്കകാരണംകൂടാതെ വോട്ടുചെയ്യാതിരിക്കുന്നവർ പാപംചെയ്യുകയാണു്. അവരുടെ ഉപേക്ഷനിമിത്തം ദുഷ്ടമനുഷ്യർക്കു് ഗവമ്മെന്റിന്റെ നിയന്ത്രണം കൈവരുമെന്നും, അതുവഴിയായി പൊതുഗുണത്തിനും, മതത്തിനും സന്മാർഗ്ഗത്തിനും, സമാധാനത്തിനും ക്രമത്തിനും, സാമുദായികനീതിക്കും, രാഷ്ട്രത്തിന്റെ സുരക്ഷിതത്വങ്ങളുമായ മററു ലക്ഷ്യങ്ങൾക്കും ഗുരുതരമായ കേടുതട്ടുമെന്നും വിശ്വസിക്കാൻ ന്യായമുള്ളപ്പോൾ ആ പാപം തീർച്ചയായും ഗൗരവാവഹമായിരിക്കുവാൻ പാടുള്ളതാണു്." തിരു-കൊച്ചിയിലെ അടുത്ത തിരഞ്ഞെടുപ്പിന്റെ സ്വഭാവമെന്തെന്നു് ഈ പംക്തികളിൽ പലപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതു വീണ്ടും ആവർത്തിക്കുവാൻ ഞങ്ങൾ മടിക്കുന്നില്ല. കോൺഗ്രസ്സ് ഗവമ്മെന്റിനെ തോല്പിച്ചു് ഈ സംസ്ഥാനത്തിലെ ഭരണം പിടിച്ചെടുക്കുവാനോ, കുറഞ്ഞപക്ഷം കോൺഗ്രസ്സിനുവേണ്ട ഭൂരിപക്ഷംകൈവരാത്തവിധം ദുർബലാവസ്ഥ സംജാതമാക്കി നാട്ടിൽ കുഴപ്പങ്ങളും അക്രമങ്ങളും അഴിച്ചുവിടാനോ, ഉദ്ദേശിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ പി. എസ്സ്. പി. ഉൾപ്പെടെയുള്ള ഇടതുപക്ഷങ്ങളും അവരുടെ അനുഭാവികളായ സ്വതന്ത്രന്മാരും ഉററുശ്രമിക്കുന്ന ഒരു തിരഞ്ഞെടുപ്പാണിതു്. കോൺഗ്രസ്സിന്റെ ഈ എതിരാളികൾ പ്രസ്തുത ലക്ഷ്യത്തിൽ എത്തിച്ചേർന്നാൽ മുകളിലെ ഉദ്ധരണിയിൽ വിവരിച്ചിരിക്കുന്നതരം ദോഷങ്ങൾ ഈ സംസ്ഥാനത്തിനു നേരിടുമെന്നു് തീർച്ചയാണു്. ആകയാൽ ഇടതുപക്ഷങ്ങൾക്കും അവരുടെ അനുഭാവികളായ സ്വതന്ത്രന്മാർക്കും കത്തോലിക്കർ വോട്ടുകൊടുക്കരുതു്. വോട്ടുചെയ്യേണ്ടതു് ഗുരുതരമായ കർത്തവ്യമായിരിക്കുകയാൽ ശേഷിക്കുന്ന നിഷിദ്ധമല്ലാത്ത ഏകപാർട്ടിയായ കോൺഗ്രസ്സിനു അവർ വോട്ടുകൊടുക്കുകയുംവേണം. കോൺഗ്രസ്സിനു വോട്ടുകൊടുക്കാഞ്ഞാൽ അതിന്റെ ഫലം എതിരാളികൾക്കു് വോട്ടുകൊടുക്കുന്നതിനു തുല്യമായിരിക്കും. ആകയാൽ കോൺഗ്രസ്സുസ്ഥാനാർത്ഥിക്കു വോട്ടുകൊടുക്കേണ്ടകാര്യത്തിൽ യാതൊരുപേക്ഷയും ഒരുകത്തോലിക്കനും കാണിച്ചുകൂടാ. കോൺഗ്രസ്സിനോടുള്ള വിരോധംകൊണ്ടോ മററു കാരണങ്ങളാലോ ചുരുക്കം ചില കത്തോലിക്കാവ്യക്തികൾ ഇതിനെതിരായി പ്രസ്താവനകളും പ്രചരണങ്ങളും നടത്തുന്നുണ്ടെന്നു ഞങ്ങൾക്കറിയാം. വഴിപിഴച്ചവയായി പരിഗണിച്ചു് അവയെ ചെവിക്കൊള്ളരുതെന്നു എല്ലാവരേയും ഞങ്ങൾ സാദരം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.




സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

### അടുത്തയാഴ്ചയിൽ

ഫെബ്രുവരി

7 ഞാ: ദനഹാ 5-ാം ഞായർ
8 തി: മാത്തായിലെ യോഹന്നാൻ
9 ചൊ: അപ്പളോനിയാ
10 ബു: സ്കൊളാസ്റ്റിക്കാ
11 വ്യാ: കന്യകാമറിയത്തിന്റെ ലൂർദ്ദിലെ പ്രത്യക്ഷം
12 വെ: ദ്യോനീസിയോസ്
13 ശ: മാധിപൻ അന്തോനിസ്

# വിപഞ്ചിക

(ജയിംസ് തോപ്പിൽ)

കെട്ടറ്റുപൊട്ടിയ കമ്പിയിഴകളെ
കെട്ടിയുറപ്പിച്ചിടട്ടെയെൻ വീണയിൽ.
ഏല്ലുംമുഴച്ചുമിതന്നുകൊള്ളട്ടെ; പാഴ്-
പേച്ചുകൂടാതെയീ പാട്ടുമാത്രംമതി.
ഏകാന്തതതൻ തടവുമുറിയിലെൻ
ശോകാന്തഗാനം പൊഴിഞ്ഞിടുമെപ്പോഴും.
ആത്മാർത്ഥതയിലാ സ്നേഹിതരില്ലെങ്കി-
ലാത്മസംതൃപ്തിക്കു കോട്ടമില്ലൊട്ടുമേ.
ഏകാഗ്രയാണഞാനെൻ വീണമാത്രമാ-
ണേകാവലംബമെൻ ജീവിതയാത്രയിൽ
ജീവിതത്തിന്റെ നറുമണം തൂകുന്ന
പൂവിളംഗാനങ്ങളായിരമുണ്ടിതാ,
മാമകവീണതൻ പൊൻതന്ത്രികകളി-
ലാമയമാറു ലയിക്കുന്നു നിശ്ചലം!
മീട്ടുവാനംഗുലിനീട്ടിയാൽ പോരുമ-
പ്പാട്ടുകളൊന്നൊന്നു കാട്ടുന്നു വൈഭവം.
ഞാനുമെൻ വീണയും ഗാനവും ചേരുമ്പോ-
ഴാനന്ദമായെന്റെയാത്മാവിൽ നിത്യവും.
ഭൗതികത്വത്തിൻ പ്രശ്നങ്ങളിൽ വീഴ്ത്തുവാൻ
നീറുന്ന പൗരന്മാർ ശോകസംഗീതികൾ.
ഭൗതികത്വത്തിൻ പ്രശ്നങ്ങളിലാമഗ്ന-
മൃതികൾക്കൊട്ടുക്കും സഖികളെൻ ഗീതികൾ.
ഇന്നലും മൃത്യുമാരേനോന്നയത്തിന്റെ
ഉണ്ടു വശംചേർന്നോയ് കാട്ടാ വിപഞ്ചികേ,
ആത്മനാദത്താൽ മനസ്സിന്റെ വേദന
നേർത്തതായ് തോന്നിക്കുമെൻ പൊൻവിപഞ്ചികേ,
കെട്ടറ്റുപൊട്ടിയ നിന്റെ പൊൻതന്ത്രികൾ
കെട്ടിവീണ്ടും ഞാനുറപ്പിച്ചിടട്ടെയോ?

## വിനോദവീഥി



മാനേജർ: ഹേ! അക്കൗണ്ടന്റ്, ഛെ, എന്താ ഇതു്, അഫീസിലിരുന്നിങ്ങനെ ഉറങ്ങിയാലോ!

പ്യൂൺ: സാർ, അദ്ദേഹമെന്തിനെക്കുറിച്ചോ ആലോചിക്കയാണ്. അതുറങ്ങുന്നതല്ലന്നു ഇന്നലെ പറഞ്ഞു.

* * *

ഭർത്താവിനോടു വഴക്കിടാൻ പുതിയ കാരണമൊന്നും കിട്ടാതെ ഭാര്യ ഓരോ പഴയ കാര്യങ്ങൾ പറഞ്ഞുതുടങ്ങി.

ഭർത്താവു: കഴിഞ്ഞുപോയ ഈ നിസ്സാരകാര്യങ്ങൾ നീ എന്തിനാണു വീണ്ടും വീണ്ടും ഓർക്കുന്നതു്?

ഭാര്യ: ഓ, എന്റെ ഓർമ്മ കഴുതയുടെ ഓർമ്മയായിരിക്കാം!

ഭർത്താവു: കഴുതയുടേതല്ല; ആനയുടേതു്.

ഭാര്യ: പിന്നെ ഒരു കാര്യമുണ്ടു്. രാഷ്ട്രീയകാര്യങ്ങളും വേട്ടകാര്യങ്ങളും ഇവിടെ എടുത്തിടരുതു്. നിങ്ങൾക്കതാണിഷ്ടമെങ്കിൽ ആനപ്പെട്ടിയിൽ ചെയ്തുകൊള്ളണം. ഞാൻ എന്റെ ഇഷ്ടംപോലെ മാത്രമേ ചെയ്യൂ......

* * *



"അങ്ങേലെ പാപ്പി ഇന്നലെ റോഡിൽക്കിടന്നു ചോരഛർദ്ദിച്ചു മരിച്ചെന്നു്. കുടിയന്മാരൊക്കെ ഇങ്ങനെ പെട്ടെന്നു ചാവുമെന്നു് ഡോക്ടർ പറഞ്ഞെടി അന്നാമ്മേ!! ഹി—ഹ്ഹും."

* * *

അമ്മ ഓടിവന്നു ജോണിയോടു ചോദിച്ചു:- ജോണി, നീ ഇവിടെ എന്തു ചെയ്യുകയായിരുന്നു?

ജോണ്: സിസർ അപ്പുവിന്റെ പുതിയ ചെരിപ്പു കടിച്ചു നശിപ്പിച്ചു. ഞാൻ അതിനുള്ള ശിക്ഷ അവനു കൊടുക്കുകയായിരുന്നു.

അമ്മ: എങ്ങനെ?

ജോണ്: അവനു വച്ചിരുന്ന പാലു് ഞാനെടുത്തു കുടിച്ചു.

## ചരമവാർത്തകൾ

തെക്കൻ പറവൂർ ഇടവക ചക്കാലമേൽ (ചെമ്പകശ്ശേരിൽ) മത്തായി കൊച്ചുലൂക്കാ അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുകൾ നിമിത്തം 1954 ജനുവരി 21-ാം തിയതി രാത്രി 9 മണിക്കു 80-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. മൃതദേഹം പിറ്റേദിവസം സെന്റു് ജോൺസ് ദേവാലയ സിമിത്തേരിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

കുത്തപ്പള്ളി—ഈ ഇടവകയിലെ കല്ലപ്പുരക്കൽ ശൗര്യാരുശ്ശേരി കഴിഞ്ഞ ജനുവരി 3-ാംനു ഉദരസംബന്ധമായ സുഖക്കേടു നിമിത്തം നിര്യാതനായിരിക്കുന്നു.

R. I. P.

## തിരുക്കൊച്ചിവാർത്തകൾ

### അടുത്ത തിരഞ്ഞെടുപ്പിൽ

അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും ശതമാനം വേർതിരിച്ചു് അറിയുന്നതിലേക്കായി ബാലറ്റുപെട്ടികൾ സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ളതു് പ്രത്യേക നിറങ്ങളിൽ തയാറാക്കിയിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലേയും തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം ഫെബ്രുവരി 27-ാംനു മുതൽ മാത്രമേ വോട്ടെണ്ണൽ ആരംഭിക്കുകയുള്ളുവെന്നറിയുന്നു. നേരത്തെ ഫലപ്രഖ്യാപനം നടന്നാൽ പിന്നീടു തിരഞ്ഞെടുപ്പു നടക്കുന്ന മണ്ഡലങ്ങളിൽ അതിന്റെ പ്രത്യാഘാതം ഉണ്ടായേക്കുമെന്നതാണു് ഈ തീരുമാനത്തിനു കാരണം.

വശ്യതയെ മറ്റൊരു പ്രത്യേകത, പോളിംഗ് ബൂത്തുകളിലെ പ്രിസൈഡിംഗ് ഓഫീസർമാരോടൊപ്പം ബാലറ്റുപെട്ടികൾ പരിശോധിക്കുന്നതിനുള്ള അവകാശം അതതുസ്ഥലത്തെ സ്ഥാനാർത്ഥികളുടെ ഏജന്റുമാർക്കു ഉണ്ടായിരിക്കുമെന്നതാണ്.

### പോസ്റ്റൽ വോട്ടിംഗ്

സൈനികസേവനമനുഷ്ഠിക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും, ഗവർമ്മെന്റു് സർവ്വീസിൽ സംസ്ഥാനത്തിനു വെളിയിൽ താമസിക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും തിരഞ്ഞെടുപ്പു സംബന്ധമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും കരുതൽ തടങ്കൽനിയമത്തിനു വിധേയരായിട്ടുള്ളവർക്കും അവരുടെ പേരു് വോട്ടേഴ്സ് ലിസ്റ്റിലുള്ള പക്ഷം പോസ്റ്റുവഴി വോട്ടുചെയ്യാവുന്നതാണെന്നു് ഗവർമ്മെന്റിൽനിന്നു പ്രഖ്യാപനം ചെയ്തിരിക്കുന്നു.

### നെഹ്റു തിരുക്കൊച്ചിയിൽ

തിരു-കൊച്ചി ഇലക്ഷൻ സംബന്ധിച്ചു ഫെ 4-ാംനു സംസ്ഥാനത്തു ആഗതനാകുന്ന കോ. പ്രസിഡണ്ടു് നെഹ്റു സംസ്ഥാനത്തു പലയിടത്തായി 12 മഹായോഗങ്ങളുടക്കം 100 യോഗങ്ങളിൽ പ്രസംഗിക്കുന്നതാണെന്നറിയുന്നു.

പ്രസിദ്ധീകൃതമായിരിക്കുന്ന പരിപാടി അനുസരിച്ചു കോ. പ്രസിഡണ്ടു് സംസ്ഥാനത്തു റോഡുമാർഗ്ഗം 1000 മൈൽ സഞ്ചരിക്കുമെന്നു കാണുന്നു. സംസ്ഥാനത്തു ആറുദിവസത്തെ പര്യടനത്തിനിടയിൽ മിക്കവാറും എല്ലാ നിയോജകമണ്ഡലങ്ങളും സന്ദർശിക്കും. വിശ്രമത്തിനും ഭക്ഷണത്തിനും വേണ്ടിവരുന്ന ചുരുക്കംസമയം ഒഴിച്ചാൽ ബാക്കിയെല്ലാം പര്യടനത്തിനും പ്രസംഗത്തിനുമായിത്തന്നെ വിനിയോഗിക്കും.

## വിദേശവാർത്തകൾ

### കൊറിയൻയുദ്ധത്തടവുകാരെ തിരിച്ചയച്ചു

സ്വദേശങ്ങളിലേക്കു മടങ്ങുവാൻ വിസമ്മതിക്കുന്ന കൊറിയൻ യുദ്ധത്തടവുകാരെയെല്ലാം ഇൻഡ്യൻ നിഷ്പക്ഷസേന ജനുവരി 22-ാംനു-ക്കു മുമ്പായി അതതു കമാൻഡുകളെ ഏല്പിച്ചിരിക്കുന്നു. ഇൻഡ്യൻസേന ഫെബ്രുവരി 17-ാംനു-ക്കകം കൊറിയായിൽനിന്നും പിൻവാങ്ങി ഇൻഡ്യയിലെത്തിച്ചേരുന്നതാണെന്നറിയുന്നു.

### പുതിയ അമേരിക്കൻ ബഡ്ജററു്

1954-55 സാമ്പത്തികവർഷത്തിലേക്കുള്ള അമേരിക്കയുടെ ബഡ്ജററിൽ ഇൻഡ്യ, പാകിസ്ഥാൻ, ഫിലിപ്പൈൻസ് മുതലായ ഏഷ്യൻ രാഷ്ട്രങ്ങൾക്കു് സാമ്പത്തിക സാങ്കേതികസഹായങ്ങൾ നൽകുന്നതിനുള്ള പരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആകെയുള്ള ചെലവിൻ അറുപത്തെട്ടുശതമാനം ദേശീയരക്ഷാപരിപാടികൾക്കു വേണ്ടിയാണു നീക്കിവച്ചിരിക്കുന്നതു്. ബഡ്ജററു് അവതരിപ്പിച്ചുകൊണ്ടു് പ്രസിഡണ്ടു് ഐസനോവർ ചെയ്ത പ്രസംഗത്തിൽ, കമ്മ്യൂണിസ്റ്റുഭീഷണി നിലവിലുള്ളിടത്തോളംകാലം അമേരിക്ക അവരുടെ സൈനികശക്തി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമെന്നു വ്യക്തമാക്കുകയുണ്ടായി.


## ഗ്രൂപ്പ് ഫോട്ടോ

നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലും മിതമായ ചാർജ്ജിനും കൃത്യസമയത്തും ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.

ലോയൽ സ്ററുഡിയോ

തൊടുപുഴ (T. C. State)


### ബർലിൻ സമ്മേളനം

ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ അമേരിക്ക എന്നീ ചതുശ്ശക്തികളുടെ വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം ജനുവരി 26-ാംനു- ബർലിനിലെ പശ്ചിമമേഖലയിൽവച്ചു് ആരംഭിച്ചിരിക്കുന്നു. സമ്മേളനം അംഗീകരിച്ചിരിക്കുന്ന അജണ്ടയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. അന്തർദേശീയപ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണംചെയ്യുക; കമ്മ്യൂണിസ്റ്റുചൈനയെക്കൂടി ഉൾപ്പെടുത്തി ഒരു പഞ്ചശക്തിസമ്മേളനം വിളിച്ചുകൂട്ടുക; ജർമ്മൻപ്രശ്നം, യൂറോപ്യൻ സെക്യൂരിറ്റി, ആസ്ട്രിയൻ ഉടമ്പടി എന്നിവ ചർച്ചാവിഷയമാക്കുക. ബർലിൻസമ്മേളനം മൂന്നാഴ്ചയോളം ദീർഘിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

### മി. ആററ്ലി ഇന്ത്യയെപ്പററി

ഇംഗ്ലണ്ടിലെ ലേബർപാർട്ടി പ്രധാനമന്ത്രിയായിരുന്ന ക്ലെമന്റു് ആററ്ലി ഇൻഡ്യൻ റിപ്പബ്ലിക്ക്ദിനം പ്രമാണിച്ചു ഇൻഡ്യാലീഗു് സംഘടിപ്പിച്ച യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"ഇൻഡ്യക്കു വിപുലമായ ഒരു ഡെമോക്രസി മാത്രമല്ല മഹത്തായ ഒരു തത്വശാസ്ത്രം കൂടെയുണ്ടു്. അതാണു് മഹാത്മാഗാന്ധിയുടെ അഹിംസാ സിദ്ധാന്തപ്രമാണം. മഹാത്മാഗാന്ധി നിർവ്വചിച്ച തത്വങ്ങളെ അടിസ്ഥാനമാക്കി സ്വാതന്ത്ര്യം പ്രാവർത്തികമാക്കുന്ന ഒരു രാഷ്ട്രത്തെയും ചരിത്രത്തിൽ വേറെ കാണുകയില്ല. ഭിന്നത നിറഞ്ഞതും അക്രമം അനുഭവപ്പെടുന്നതുമായ ലോകരംഗത്തു് ഇൻഡ്യയുടെ മാതൃക ഏററവും മഹനീയമായിട്ടുള്ളതാണു്. ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിനുശേഷം തദ്ഫലമായി ബ്രിട്ടനിൽ കൂടുതൽ ഇൻഡ്യാക്കാരും ഇൻഡ്യയിൽ കൂടുതൽ ബ്രിട്ടീഷുകാരും ഉള്ളതായിക്കാണുന്നതു് ഏററവും സന്തോഷകരമാണു്. ബ്രിട്ടീഷുഭരണവും ബ്രിട്ടീഷ് സൈന്യവും ഇൻഡ്യയിൽനിന്നു പിൻവാങ്ങിയെങ്കിലും ഇൻഡ്യയും ബ്രിട്ടനും തമ്മിലുള്ള സൗഹാർദ്ദബന്ധം നിലനില്ക്കുന്നു."

### കർദ്ദിനാൾ മിൻസെന്തിയെപ്പററി ഫോസ്റ്റർ ഡള്ളസ്

അമേരിക്കൻ സ്റ്റേറ്റു് സിക്രട്ടറി മി. ജോൺ ഫോസ്റ്റർ ഡള്ളസ് കർദ്ദിനാൾ മിൻസെന്തി തിരുമനസ്സിലെ കുപ്രസിദ്ധമായ അറസ്റ്റിന്റെയും ബന്ധനത്തിന്റെയും അഞ്ചാംവാർഷികാചരണം സംബന്ധിച്ചു് ന്യൂയോർക്കു് സമ്മേളനത്തിനയച്ച ഒരു സന്ദേശത്തിൽ അനീതിപരമായ പ്രസ്തുത നടപടിയെ അപലപിച്ചിരിക്കുന്നു. "നമ്മുടെ യുഗത്തിലെ ഭീമവമായ ക്രൂരതകളിനെതിരായി മതവിശ്വാസത്തിന്റെയും മാനവസ്വാതന്ത്ര്യത്തിന്റെയും സംരക്ഷകനായി നിലകൊള്ളുന്ന കർദ്ദിനാൾ മിൻസെന്തിയുടെ പേരിലുള്ള നടപടികൾ ഇതുവരെയും അവസാനിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ സ്വന്തം നാട്ടുകാരുടേയും ലോകമാസകലമുള്ള സ്വാതന്ത്ര്യജനതയുടേയും മനസ്സാക്ഷിയുടെ മുമ്പിൽ അതു ഒരു സജീവപ്രശ്നമായി നിലകൊള്ളുന്നു. നിരപരാധിയായ അദ്ദേഹത്തിന്റെ തടങ്കൽശിക്ഷ നീട്ടിക്കൊണ്ടുപോകുന്നതു് അവിടത്തെ അധികാരികളുടെ ധാർമ്മികമായ പാപ്പരത്വത്തിനു അനുദിനം മാററുകൂട്ടുകയാണു് ചെയ്യുന്നതു്."

### പണിമുടക്കിനുള്ള പഞ്ചനിയമങ്ങൾ

1. പണിമുടക്കിനു് അസ്പദമായ കാരണം നീതിജന്യമായിരിക്കണം;

2. സ്വീകാര്യമായ എല്ലാ ഒത്തുതീർപ്പുപരിപാടികളും പരാജയപ്പെട്ടിരിക്കണം;

3. പണിമുടക്കുമൂലം സിദ്ധിക്കാവുന്ന ഗുണം, അതുമൂലം വന്നുചേരാവുന്ന നാശനഷ്ടങ്ങളെക്കാൾ വലുതായിരിക്കണം;

4. പണിമുടക്കുമൂലം വിജയം സിദ്ധിക്കുവാൻ ന്യായയുക്തമായ സാദ്ധ്യതയുണ്ടായിരിക്കണം, അതായതു്, പണിമുടക്കു് ഉത്തരവാദിത്വരഹിതമായിരിക്കരുതു്;

5 നിരീശ്വരീകളായ പാർട്ടികളുടേയും അയശ്യസർവ്വീസുകളുടേയും കാര്യത്തിൽ വന്നുചേരാവുന്ന വിഷമതകളെപ്പററി പ്രത്യേകമായ പരിഗണന നൽകപ്പെട്ടിരിക്കണം.

ട്രേഡ യൂണിയൻ കോൺഗ്രസ്സിന്റെ ചെയർമനായ മി. ടോം ഓബ്രിയൻ എം. പി. ലണ്ടനിൽവച്ചു ഒരു തൊഴിലാളി സമ്മേളനത്തിൽ പണിമുടക്കിനെപ്പററി പ്രഖ്യാപിച്ചതാണു് ഈ പഞ്ചനിയമങ്ങൾ.

### ചുവപ്പുചൈനയിലെ വിദേശമിഷനറിമാർ

കമ്മ്യൂണിസ്റ്റുവിപ്ലവം ആരംഭിക്കുന്നതിനുമുമ്പു് ചൈനയിൽ 5,496 കത്തോലിക്കാമിഷനറിമാർ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു. ഇന്നാകട്ടെ അവിടെ ശേഷിച്ചിരിക്കുന്നതു് 353—217 വൈദികരും, 20 ബ്രദേഴ്സും 116 സിസ്റ്റേഴ്സും മാത്രമാണു്. പുറംതള്ളപ്പെട്ടവരിൽ ഒരു നല്ല വിഭാഗം നാടുകടത്തപ്പെട്ടു; ഒരുവിഭാഗം തടങ്കലുകളിൽ വയ്ക്കപ്പെട്ടിരിക്കുന്നു.

### ആററമിക്ക് മുങ്ങിക്കപ്പൽ

ലോകത്തിലെ ഒന്നാമത്തെ ആററമിക്കു് മുങ്ങിക്കപ്പൽ ജനുവരി 22-ാംനു- അമേരിക്കൻ കടലിലിറക്കിയിരിക്കുന്നു. മിസ്സിസ് ഐസനോവർ അതിനു് "നോട്ടിലസ്" എന്നു നാമകരണംചെയ്തു.

### കലണ്ടർ

തൃശ്ശൂർ ധർമ്മോദയം കമ്പനിക്കാരുടെ 1954-ലെ കലണ്ടർ കൃത്യസമയത്തുതന്നെ പുറത്തിറങ്ങിയിരിക്കുന്നു.

# എൻ. ടി. എസ്സ്.

## റഷ്യയിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസ്ഥാനം

(എ. ജി. അഗസ്റ്റിൻ, ബി. എ., ബി. എൽ.)

എൻ. ടി. എസ്സ്. അഥവാ നാഷനൽ അലയൻസ് ഓഫ് റഷ്യൻ സോളിഡാരിസ്റ്റ്സ് റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിനെതിരായി അവിടത്തെ ജനലക്ഷങ്ങളുടെയിടയിൽ അസംതൃപ്തിയും അസ്വാസ്ഥതയും ഉളവാക്കി യഥാർത്ഥമായ പ്രജായത്തഭരണവ്യവസ്ഥിതിയും വ്യക്തിസ്വാതന്ത്ര്യവും സ്ഥാപിക്കാൻ ഒളിവിൽനിന്നു അതിപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന അവിടത്തെ കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രസ്ഥാനത്തിന്റെ പേരാണിതു്. രാജ്യഭ്രഷ്ടരായ ഏതാനും റഷ്യൻയുവജനങ്ങൾ 1930-ൽ സംഘടിപ്പിച്ച ഈ അണ്ടർഗ്രൗണ്ടു് പ്രസ്ഥാനം 1937-ൽ റഷ്യയിൽ ഗൂഢമായി പ്രവർത്തനം സമാരംഭിക്കുകയാണുണ്ടായതു്. "ഹിററ്ലറും വേണ്ട, സ്റ്റാലിനും വേണ്ട, റഷ്യമതി" എന്ന മുദ്രാവാക്യം ഉൽഘോഷിച്ചുകൊണ്ടു ഒരു സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കാൻ അവർ കഴിഞ്ഞ മഹായുദ്ധകാലത്തു് അത്യധികം പരിശ്രമിച്ചു. ഏററവും നിഷ്കൃഷ്ടമായി തയ്യാറാക്കപ്പെട്ട ഗവൺമെൻറിന്റെ മർദ്ദനപരിപാടികളെയും എതിർപ്പുകളെയും അതിജീവിച്ചു ഇന്നു ഈ പ്രസ്ഥാനം റഷ്യയിൽ സർവ്വത്ര പടർന്നുപിടിച്ചിട്ടുണ്ടു്. പോലീസ്‌രാഷ്ട്രത്തിന്റെ ചാരന്മാർക്കു പിടികൊടുക്കാതെ വളരെ തന്ത്രപരമായ വിധത്തിലാണു് ഇതിന്റെ സംഘടനാരീതി. പരസ്യധാരണയിൽ പ്രവർത്തനം നടത്തുന്ന അനേകം ശാഖകൾ കോർത്തിണക്കിയവയായിരിക്കും സാധാരണ അണ്ടർഗ്രൗണ്ടു് സംഘടനകൾ. അത്തരം സംഘടനകളിൽ അംഗങ്ങളുടെ എണ്ണം കൂടുന്തോറും അവയെപ്പററി മണത്തറിഞ്ഞു പ്രവർത്തനങ്ങൾ നിരോധിച്ചു അംഗങ്ങളെ മർദ്ദിക്കാൻ ഗവൺമെൻറിനുള്ള സൗകര്യം വർദ്ധിക്കുകയാണു് ചെയ്യുന്നതു്. എന്നാൽ എൻ. ടി. എസിന്റെ ഘടന വേറൊരുവിധത്തിലാണു്. ഇവരുടെ വകയായി നിരവധി പ്രവർത്തനസമിതികൾ രൂപീകൃതമായിട്ടുണ്ടു്. ഓരോ സമിതിയിലും രണ്ടോ മൂന്നോ അംഗങ്ങളിൽ കൂടുതൽ പാടില്ല. വിവിധസമിതികൾ തമ്മിലാകട്ടെ നേരിട്ടു യാതൊരു സമ്പർക്കവും പാടില്ല. ഇങ്ങനെ പ്രവർത്തനം നടത്തി ഒരു ജനകീയപ്രസ്ഥാനം ഉൽഘാടനം ചെയ്യാനാണു് എൻ. ടി. എസിന്റെ ഉന്നം.

ഈ സംഘടനയിൽ ചേരാൻ പല മാർഗ്ഗങ്ങളിൽക്കൂടിയും ജനങ്ങളുടെയിടയിൽ രഹസ്യമായി പ്രചരണം ചെയ്തുവരുന്നുണ്ടു്. അംഗങ്ങളായി പ്രവർത്തനസമിതികൾ രൂപീകരിക്കാൻ ഓരോരുത്തരുടേയും ഏററവും വിശ്വസ്തരും ഉത്തമരുമായ ഒന്നോ രണ്ടോ സ്നേഹിതന്മാരെമാത്രമേ അവർക്കു സമീപിക്കാവൂ. രണ്ടിൽക്കൂടുതൽ സ്നേഹിതന്മാരോടു ഒരിക്കലും ഈവക സംഗതികളെപ്പററി സംസാരിച്ചുകൂടെന്നാണു് നിയമം.

പലേടത്തുമായി സ്ഥിതിചെയ്യുന്ന പ്രവർത്തനസമിതികൾ തമ്മിൽ നേരിട്ടു യാതൊരു സമ്പർക്കവുമില്ലെന്നു പറഞ്ഞുവല്ലോ. എന്നാൽ ഓരോ സമിതിയും പൊതുവായ ആദർശങ്ങളും ഒരേ വിധത്തിലുള്ള വിപ്ലവലക്ഷ്യങ്ങളും റേഡിയോ, ലഘുലേഖകൾ തുടങ്ങിയ ഉപാധികളിലൂടെ ഹെഡ്ക്വാർട്ടേഴ്സിൽനിന്നു ഓരോരോ അവസരങ്ങളിൽ നൽകുന്ന പ്രായോഗികനിർദ്ദേശങ്ങളും സ്വീകരിച്ചു പ്രവർത്തിക്കുന്നതുമൂലം സംഘടനയുടെ പ്രവർത്തനത്തെ ഏകീകരിക്കാൻ കഴിയുന്നുണ്ടു്. ഓരോ സമിതിയും തങ്ങളെപ്പററി അജ്ഞാതരായ മററു പ്രവർത്തകരേയും പൊതുജനങ്ങളേയും അറിയിക്കാൻ പല മാർഗ്ഗങ്ങളും നിർദ്ദേശിച്ചുകൊടുത്തിട്ടുണ്ടു്. ഒരു എൻ. ടി. എസ് ലഘുലേഖയിൽ കൊടുത്തിട്ടുള്ള നിർദ്ദേശം ഇവിടെ ചേർക്കാം: "നിങ്ങളുടെതന്നെ രക്ഷയെപ്പററി നല്ലപോലെ ഉറപ്പുവരുത്തിക്കൊണ്ടു നിങ്ങളെപ്പററിയുള്ള വിവരം മററുള്ളവർക്കു നൽകുക. മതിലുകൾ, വേലികൾ, റെയിൽവെ കാറുകൾ മുതലായവകളിന്മേലെല്ലാം പെൻസിൽകൊണ്ടോ ചോക്കുകൊണ്ടോ കരികൊണ്ടോ ദേശീയവിപ്ലവത്തിന്റെ അടയാളമായ എൻ. ടി. എസ് (NTS) എന്നീ മൂന്നക്ഷരങ്ങൾ എഴുതിയിടുക. "മർദ്ദകർക്കു നാശം" "അദ്ധ്വാനിക്കുന്നവർക്കു സ്വാതന്ത്ര്യം" എന്നീ മുദ്രാവാക്യങ്ങൾക്കുവേണ്ടിയാണു് പ്രസ്തുത അക്ഷരങ്ങൾ നിലകൊള്ളുന്നതു്. നിങ്ങൾ കുറിച്ചിടുന്ന ഓരോ അടയാളവും അജ്ഞാതനായ ഒരു അനുഭാവിയെ സഹായിക്കുകയും ഒരു സഹപ്രവർത്തകനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഓരോ അടയാളവും അധികൃതരുടെ ഭയം വർദ്ധിപ്പിക്കുകയും നിങ്ങളുടെ ആസ്തിക്യത്തെപ്പററി റവല്യൂഷണറി ഹെഡ്ക്വാർട്ടേഴ്സിൽ അറിവുനൽകുകയും ചെയ്യും" ഈ അടയാളങ്ങൾ ഫാക്ടറികളുടേയോ സൈനികക്യാമ്പുകളുടേയോ പരിസരങ്ങളിൽ കാണുമ്പോൾ റഷ്യൻ ഭരണാധികാരികൾക്കു തീർച്ചയായും തലവേദനയുണ്ടാക്കുകതന്നെ ചെയ്യും.

റഷ്യയിൽ ഒരു വിപ്ലവം കരുപ്പിടിക്കാനാണു് എൻ. ടി. എസുകാർ പരിശ്രമിക്കുന്നതു് രക്തപങ്കിലമായ ഒരു വിപ്ലവമല്ല ജനങ്ങളുടെ ആദ്ധ്യാത്മികവും ധാർമ്മികവുമായ പുനരുജ്ജീവനം, ഇന്നത്തെ വ്യവസ്ഥിതിയെ തച്ചുടച്ചുകൊണ്ടുള്ള പരിവർത്തനം എന്നീ ലക്ഷ്യങ്ങൾ പ്രാപിക്കുവാനുള്ള ഒരു വിപ്ലവം. ഇക്കാര്യം പെട്ടെന്നും എളുപ്പത്തിലും സാധിക്കാവുന്നതല്ല. കമ്മ്യൂണിസത്തെ തകർക്കാൻ മാത്രമായിട്ടുള്ള ഒന്നല്ല ഈ പ്രസ്ഥാനം. പുതിയതും കൂടുതൽ ഉത്തമവുമായ ഒരു റഷ്യയെ കെട്ടിപ്പടുക്കാനാണു് അവർ പ്രധാനമായി യത്നിച്ചുകൊണ്ടിരിക്കുന്നതു്.

ജനകീയാസ്വാസ്ഥ്യം രൂക്ഷതരമാക്കാൻ ഈ ഘട്ടത്തിൽ എല്ലാ യത്നങ്ങളും കേന്ദ്രീകരിക്കപ്പെടേണ്ടിയിരിക്കുന്നു. തങ്ങൾ എന്തിനുവേണ്ടിയാണു് പൊരുതുന്നതെന്നു വ്യക്തമായ നിർദ്ദേശം ജനങ്ങൾക്കു നൽകുകയും വേണം. അവരുടെ മനസ്സിനു സ്വീകാര്യമായ വിധത്തിലും അവരെ യോജിപ്പിക്കാൻ യുക്തമായ മാർഗ്ഗത്തിലൂ വേണം അവരെ ഇക്കാര്യങ്ങളിലേക്കു പ്രേരിപ്പിച്ചുകൊണ്ടുവരുവാൻ. ഇങ്ങനെയുള്ള തത്വങ്ങളെ മുൻനിർത്തിയാണു് എൻ. ടി. എസ്സ്കാർ പ്രവർത്തിക്കുന്നതു്. ഇന്നത്തെ നിലയിൽ പണിമുടക്കുകളും പ്രകടനങ്ങളും ലഹളകളും ഉചിതമല്ലെന്നു് അവർക്കറിയാം. ചിന്താഗതികളെ ഏകീകരിച്ചു ഒരു വിപ്ലവമനോഭാവം ജനങ്ങളിൽ ബീജാവാപം ചെയ്യാനാണു് ആദ്യത്തെ ശ്രമം. ഇതു സാധിച്ചുകിട്ടിയാൽ പ്രസ്ഥാനം വളർന്നു വികസിക്കാതിരിക്കുകയില്ല. രഹസ്യമായ പ്രചരണസംരംഭങ്ങളിലാണു് അവർ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതു്.

രഹസ്യപ്പോലീസുകാർക്കു് പിടികൊടുക്കാതെ എൻ. ടി. എസ്സ്കാർ ഓരോരോ സ്ഥലത്തേയും പ്രത്യേക സ്ഥിതിഗതികൾ പഠിക്കാറുണ്ടു്. വിപ്ലവശക്തികളെ ഉപയോഗപ്പെടുത്തുന്നതിനു് പ്രാരംഭമായിട്ടാണു് ഈ പഠനം. വിപ്ലവത്തിനു പററിയ ഒരന്തരീക്ഷം സൃഷ്ടിക്കുകയും ജനങ്ങളിൽ ഗണ്യമായൊരു വിഭാഗത്തെ എൻ. ടി. എസിൽ ചേർത്തു സംഘടിപ്പിക്കുകയും ചെയ്തു കഴിഞ്ഞാൽ മാത്രമേ ഗവൺമെൻറുമായി നേരിട്ടു് ഏററുമുട്ടാൻ നിവൃത്തിയുള്ളൂ. എതിർപക്ഷത്തെ അഭിമുഖീകരിക്കുന്നതിൽ ഗവൺമെൻറിനു നേരിടുന്ന പരാജയം വെളിപ്പെടുത്തുവാനും എതിർശക്തികളുണ്ടെന്നു ഗവർമ്മെൻറിനെക്കൊണ്ടു സമ്മതിപ്പിക്കുവാനും ഉതകിയ മാർഗ്ഗങ്ങളുണ്ടു് ഇന്നത്തെ നിലയ്ക്കു് സ്വാതന്ത്ര്യസമരത്തിൽ പൊതുവെ സ്വീകരിക്കപ്പെടാവുന്നവ.

ഒരിക്കൽ ഒരു നാടകശാലയിൽവെച്ചു നടത്തപ്പെട്ട ഒരു സോവ്യററുമഹോത്സവത്തിൽ കമ്മ്യൂണിസ്റ്റ് സൈനികോദ്യോഗസ്ഥന്മാരും ഭടന്മാരും തിങ്ങിക്കൂടിയിരുന്നു. നാടകശാലയുടെ പ്രവേശനദ്വാരത്തിൽ ഏതാനും എൻ. ടി. എസ്. ലഘുലേഖകൾ കൊണ്ടുപോയി ഇട്ടിരുന്നു മഹോത്സവം കഴിഞ്ഞു ആളുകൾ പുറത്തിറങ്ങിയപ്പോഴാണു് ലഘുലേഖകൾ അവിടെ കിടപ്പുള്ളതായി കണ്ടുപിടിച്ചതു്. ഉടനെ കമ്മ്യൂണിസ്റ്റ് രഹസ്യപ്പോലീസുകാർ നാലുപാടും ബഹളംവെച്ചു അവിടെയും പരിസരങ്ങളിലുമുണ്ടായിരുന്ന സർവ്വരേയും ഒന്നൊഴിയാതെ സൂക്ഷ്മം പരിശോധിച്ചു പക്ഷെ ആരാണു് ലഘുലേഖകൾ കൊണ്ടുപോയി ഇട്ടതെന്നുള്ളതിനെപ്പററി ഒരു തുമ്പും കിട്ടിയില്ല. ഈ സംഭവം എൻ. ടി. എസിന്റെ വലിയൊരു വിജയമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

പ്രചരണത്തിനു റേഡിയോ കൂടാതെ ബലൂൺ, റോക്കററു് തുടങ്ങിയ ഏററവും അധുനാതനങ്ങളായ ശാസ്ത്രീയോപാധികളും എൻ. ടി. എസ്സ്. പ്രയോഗിക്കാറുണ്ടു്. അവയെല്ലാം കുറിക്കുകൊള്ളുന്നുമുണ്ടു്. ഒരു വലിയ പാർട്ടിമഹോത്സവമോ സൈനികപ്രകടനമോ നടക്കുമ്പോൾ തലയ്ക്കുമീതെ പെട്ടെന്നു് ഒരു റോക്കററു് പൊട്ടിത്തെറിച്ചു അതിൽനിന്നു് എൻ. ടി. എസ്സ്. ലഘുലേഖകൾ കീഴ്പ്പോട്ടു വീണുകൊണ്ടിരിക്കുന്ന കാഴ്ച ആരെയാണു് അത്ഭുതപരവശനാക്കാത്തതു്? ഒരു സോവ്യററു് പൗരൻ അത്യാർത്തിയോടെ തന്റെ ദിനപ്പത്രം തുറന്നു വായിക്കുവാൻ തുടങ്ങുമ്പോൾ അതിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധലേഖനങ്ങൾ അടക്കം ചെയ്തിരിക്കുന്നതു് കാണുമ്പോൾ അയാളുടെ പ്രത്യാഘാതം എന്തായിരിക്കും? സോവ്യററു് റേഡിയോവിൽക്കൂടി കമ്മ്യൂണിസ്റ്റ് പ്രചരണപരിപാടികൾ ശ്രവിച്ചുകൊണ്ടിരിക്കുന്ന ഒരാൾ പെട്ടെന്നു് അതിൽക്കൂടി കമ്മ്യൂണിസ്റ്റ് വിരുദ്ധസന്ദേശങ്ങൾ കേൾക്കുമ്പോൾ ഞെട്ടിത്തെറിക്കാതിരിക്കുമോ? ഇങ്ങനെയൊക്കെയാണു് എൻ. ടി. എസ്സ്കാർ ഇന്നത്തെ രാഷ്ട്രത്തിനെതിരായി സോവ്യററു് പൗരന്മാരിൽ ഒരു വിപ്ലവബുദ്ധി കത്തിവെച്ചുകൊണ്ടിരിക്കുന്നതു്. ഈ ശ്രമങ്ങൾ ക്രമപ്രവൃദ്ധമായ വിജയം വരിച്ചുവരികയുമാണു്.

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

## വീട്ടപകടങ്ങൾ

(ശിവറാം)

"അങ്ങനെ സംഭവിച്ചു. പക്ഷെ ഇനിയും സംഭവിച്ചുകൂടാ. അതു് സാധാരണക്കാരെക്കൊണ്ടു് താങ്ങാൻ കഴികയില്ല." എന്നാണു് ബാബു രക്ഷപെട്ടു എന്നു കണ്ടപ്പോൾ ഡോക്ടർ കുഞ്ഞിന്റെ അപ്പനോടു പറഞ്ഞതു്.

ആൻറണിയും ശോശാമ്മയും അവരുടെ കണ്മണിയായ ബാബുവിനെയുംകൊണ്ടു് അമ്മായി വീട്ടിലൊരു സുഖസന്ദർശനത്തിനു് ഞായറാഴ്ച രാവിലെ പോയി. അമ്മായിക്കും അമ്മാവനും ബാബുവിനെ എന്തൊരു കാര്യമായിരുന്നെന്നോ! അവനെ എടുത്തു പൊക്കിപ്പിടിച്ചവർ തുള്ളിച്ചാടിച്ചിരിച്ചു. പൂർണ്ണചന്ദ്രനെയാണു് ബാബുവിന്റെ മുഖത്തവർ കണ്ടതു്. ഹാ! അവന്റെ കവിളിൽ വീണ ചുംബനങ്ങൾക്കു കണക്കില്ല. ബാബുവിനു സന്തോഷംകൊണ്ടു മടുത്തു അവനു് നിലത്തിറങ്ങി മുട്ടുകുത്തി ഇഴയാനാണാഗ്രഹം. ബിസ്കറ്റും പൂവൻപഴവും ചോക്കലേറ്റും എല്ലാംകൊണ്ടു് അമ്മായി ബാബുവിനെ മൂടിക്കളഞ്ഞു. "ഹോ അവനതൊന്നും തിന്നില്ല. വെറുതെ കളയുകയേയുള്ളൂ" എന്നു് ശോശാമ്മ നൂറുപ്രാവശ്യം പറഞ്ഞു. എന്നാലമ്മായി അതു കേൾക്കണ്ടെ!

ബാബു എടുക്കാൻകൂടി സമ്മതിക്കാതായി അവനാ മുറിക്കകത്തുകൂടി മുട്ടുകുത്തി തേനൊലിപ്പിച്ചുകൊണ്ടു പാഞ്ഞുതുടങ്ങി. അമ്മായി അവനെ അതിനനുവദിച്ചു ശോശാമ്മയും അമ്മായിയും ഭാവിവാക്കുകൾ പഞ്ചസാരപുരട്ടി കൈകാര്യം ചെയ്യാൻ തുടങ്ങി. ആൻറണിയും അമ്മാവനും എലക്ഷൻ കാര്യവും സ്ഥാനാർത്ഥികളുടെ പിന്നിലുണ്ടായിരുന്ന കഥകളുമൊക്കെ സംഭാഷണവിഷയമാക്കിക്കൊണ്ടു് മുന്നേറുകയാണു്. സുഖമുള്ളപ്പോൾ, വിഷയമുള്ളപ്പോൾ സംസാരിക്കുന്നതു് അതും ഏറെയപൂർവ്വമായ ആത്മാർത്ഥതയോടെ സംസാരിക്കുന്നതു് വളരെ സുഖമുള്ള കാര്യമാണല്ലോ. ആ വീട്ടിൽ അന്നാഹ്ലാദമേയുള്ളൂ. മാടപ്രാവിന്റെ കുറുകൽപോലെ സുഖമുള്ള സംഭാഷണരീതികൾ. മാപ്പും കാപ്പി. അടുക്കളയിൽനിന്നും കറിക്കു കടുകുവറുത്ത വാസന. അതിഥികളെ കാണാൻ വന്നെത്തിയ അയൽവക്കത്തെ ചിത്രശലഭങ്ങൾ. ഹാവൂ! ഇതൊക്കെയാണുകൊട്ടോ ഭൂലോകത്തിലെ സ്വർഗ്ഗമെന്നു പറയുന്നതു്. മേരിക്കുട്ടി അടുത്തവീട്ടിലെ ഒരു ഫിഫ്ത്തുഫാറം വിദ്യാർത്ഥിനിയാണു്. അവൾ ശോശാമ്മയോടു് കുഞ്ഞുമോനെവിടേന്നു നീട്ടിക്കൊഞ്ചി ചോദിച്ചു. "ഓ അവൻ മഹാ കുസൃതിയാ. അകത്തു കാണും" എന്നുത്തരം. എലിവാണംപോലെ മേരിക്കുട്ടി വളഞ്ഞുതിരിഞ്ഞു് കതകുകൾ കടന്നു് ബാബുവിന്റടുക്കലേക്കോടി. അവൾ ബാബുവിനെ പൊക്കിയെടുത്തു്, കൊടുത്തു ഒരു പതിനൊന്നു ചുംബനം. കവിളിൽത്തന്നെ. ബാബു ചിരിച്ചു. "അപ്പച്ചൻ" "അമ്മച്ചി" "ഒ, അപ്പം" "ചാച്ചി" എന്നൊക്കെ മാത്രമേ അവനു പറയാൻ പ്രായമായിരുന്നുള്ളൂ. അവന്റെ ഭാഷയിൽ അവനെന്തൊക്കെയോ മേരിയോടു പറഞ്ഞു ബാബുവിനേയുംകൊണ്ടു് വരാന്തയിൽവന്ന മേരിയുടെ വലത്തുകൈയിലെന്താ ചുമന്ന മഷിപോലെ? ഹയ്യോ! ഇതു ചോരയാണല്ലോ! ഇതെവിടന്നുവന്നു?

സൂക്ഷിച്ചുനോക്കുമ്പോഴാണു് ചോരയുടെ ഉറവിടം ബാബുവിന്റെ തലയിൽനിന്നാണെന്നു കണ്ടതു്. എല്ലാവരും ഓടിക്കൂടി. ബാബുവിനെ പരിശോധിച്ചു. ഒന്നുമില്ല. തലയിൽനിന്നും ചോരയൊലിച്ചുകൊണ്ടിരിക്കുന്നുണ്ടു് എന്നുമാത്രം. അവൻ കരയുകപോലും ചെയ്യുന്നില്ല. അവിടെ, അ



അയ്യോ! ഇതു ചോരയാണല്ലോ. ഇതെവിടന്നാ?

ഏകാങ്കം

# മാപ്പ്

(മാത്യു ജെ. ചാത്തപ്പറമ്പിൽ ബി. എസ്സ്സി)

രംഗം ഒന്ന്

വീടിന്റെ മുററം. രണ്ടു കുട്ടികൾ വഴക്കടിക്കുന്നു. 10-ം, 12-ം വയസ്സുകാണും. കളിയിൽ കുഴപ്പം കാണിച്ചിട്ടുള്ള വഴക്കാണ്. ജ്യേഷ്ഠാനുജന്മാരാണവർ. ജ്യേഷ്ഠൻ ജോസഫും അനുജൻ ആൻറണിയും.

ജോസഫ്: (കോപത്തോടുകൂടി) നീയല്ലേ കള്ളത്തരം കാണിച്ചതു്? ഇതാണു്; നിന്റെകൂടെ കളി മതിയാക്കിയതായിരുന്നു നേരത്തെ.

ആൻറണി: (പുച്ഛരസത്തിൽ നെററി ചുളിച്ച്, ചുണ്ടൊരുഭാഗം മേലോട്ടു കോട്ടി) പിന്നെന്ത്യേ കളിക്കാൻവന്നു?

ജോ: നീ വിളിച്ചിട്ടേ.

ആൻറ: ഞാൻ വിളിക്കുന്നിടത്തൊക്കെ വരുമോ?

ജോ: ഹോ! നീയിങ്ങനെ എല്ലാവരേയും വിളിക്കാൻ നടക്കുകയാണ് അല്ലേ. എന്നാൽ "വിളിയൻ ശങ്കു"ന്നു പേരിടാം.

ആൻറ: ഓഹോ! ശരി. എല്ലാവരേയും ഇങ്ങനെ പേരിടാൻ നടക്കുകയാണല്ലേ. എന്നാൽ അതിനൊത്ത പേരു ഞാൻ തരാം. "പേരുനാരായണൻ" പോരേ!

ശരി! ഒരു പാട്ടുകൂടെയുണ്ടു് നിങ്ങളെപ്പററി. (പാടുന്നു)

നാലുകാലുള്ളൊരു തങ്കച്ചിപ്പെണ്ണിനെ
പേരുനാരായണൻ കട്ടോണ്ടുപോയ

ജോ: (പല്ലുകൾ കൂട്ടിയിറുമ്മി; വട്ടക്കണ്ണുകൾ ചുഴററി ആൻറണിയുടെ നേരെ അടുത്തിട്ടു) പിന്നെ എന്നെ ചീത്തവിളിച്ചാലൊണ്ടല്ലോ, വീക്കുകൊണ്ടുകഴിഞ്ഞു കെടന്നു കീററിയതുകൊണ്ടു കാര്യമില്ല. തലയ്ക്കു നല്ല "ഗല്ത്താ"ത്തരം കേട്ടോ.

ആൻറ: അപ്പാപ്പെഴേന്റെ കയ്യേവീടെപ്പോകാം മാങ്ങാ പറിക്കാൻ പോകുമോ?

ജോ: ആഹാ; നീയെന്നെ തല്ലുമോ?

ആൻറ: (ശാന്തസ്വരത്തിൽ) എന്നെ തല്ലിയാൽ......

ജോ: നിന്നെ തല്ലിയാൽ?

ആൻറ: ഞാനും തല്ലും.

ജോ: അത്രക്കു ചങ്കൂപ്പുണ്ടോടാ?

ആൻറ: എടാന്നല്ല എന്റെ പേര്.

ജോ: പിന്നെ "പോടാ"ന്നാണോ?

ആൻറ: ഇത്രയ്ക്കു മൂത്തിട്ടും ഇതൊന്നും അറിയാമ്മേലേ?

ജോ: ഞാൻ അത്രയ്ക്കു മൂത്തതൊന്നുമല്ലടാ.

ആൻറ: പിന്നെ ഇളയതാണോ?

ജോ: ആ, ഞാൻ എളേപ്പംതന്നെയാ; മൂത്തതും മൂപ്പനും മററുമല്ല.

ആൻറ: എന്നാലെനിക്കും എടാന്നു വിളിക്കാമല്ലോ.

ജോ: എളയവരെ എടാന്നു വിളിക്കണമെന്നുണ്ടോ നിർബന്ധം?

ആൻ: എന്നാല് പിന്നെ എന്നെ എന്തിനാ എടാ, പോടാ, വാടാന്നൊക്കെ വിളിച്ചതു?

ജോ: നീ എന്നേക്കാൾ എളപ്പമായതുകൊണ്ട്.

ആൻറ: ഇങ്ങനെ തലമാറി മുണ്ടുടുക്കരുതു്. ആദ്യംപറഞ്ഞു എളേവരെ എടാന്നു വിളിക്കാമെന്ന്. പിന്നെപ്പറഞ്ഞു വിളിക്കാമ്മേലാന്ന്. ഇപ്പോൾ പറയായി നീ എളേതായതുകൊണ്ടാ വിളിച്ചതെന്ന്. ഇതെന്തൊരു കൂത്താണപ്പനേ. ആ ശരിയാ; ഇണ്ടുതരത്തിക്കു രണ്ടും വശമാ.

ജോ: നിന്റെ നാക്കിന്റെ നീളംകൊണ്ടു് ചെല്ലുന്നിടത്തൊക്കെ നീ കണക്കുപറഞ്ഞു മേടിക്കും.

ആൻറ: നിങ്ങളെപ്പോലുള്ള ബോറന്മാരേ എന്നെത്തല്ലൂ. മററു മക്കാരാരും എന്നെ തല്ലില്ല.

ജോ: നീ എന്നെ ബോറൻ എന്നു വിളിക്കാൻ മാത്രമായോ എന്നു ചോദിച്ചുകൊണ്ടു് ജോസഫ് കൈചുരുട്ടി തലയ്ക്കു് ഒരു കൊട്ടുകൊടുക്കുന്നു. രണ്ടുപേരും തമ്മിൽ മല്ക്കടമുഷ്ടിനടക്കുന്നു.

(കർട്ടൻ)

രംഗം രണ്ട്

ആൻറണി കരഞ്ഞുകൊണ്ടു അമ്മയുടെ അടുക്കൽ പ്രവേശിക്കുന്നു. അമ്മ കസാലയിൽ ഇരിക്കുന്നു. കൈയിൽ ഒരു കുട്ടിയും.

അമ്മ: (ആൻറണിയുടെ കൈക്കു പിടിച്ചുകൊണ്ടു; സഹതാപത്തോടുകൂടി) കുഞ്ഞിനെന്തു പററി?

ആൻറ: (വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു) ചേ...ട്ടൻ ഇടിച്ചു

അണിയറയിൽ ജോസഫിന്റെ സ്വരം: "ഭൂലോകകള്ളത്തരം!"

അമ്മ: (അണിയറയിൽ നോക്കിക്കൊണ്ടു ഗൗരവത്തിൽ) നീയിങ്ങുവന്നേ.

ജോസഫ് പ്രവേശിക്കുന്നു.

അമ്മ: (ജോസഫിനോട്) എന്തിനാടാ നീയിവനെ ഇടിച്ചതു?

ജോ: ആക്കാ കള്ളത്തരം പറയാൻ പ്രയാസം?

അമ്മ: എന്നാൽ നീ നേരൊന്നു പറ.

ജോ: അമ്മേ! ഇവൻ എന്നെ ഒത്തിരി ചീത്ത വിളിച്ചു. എടാ, പോടാ, കോലുനാരായണാ, ഇണ്ടൻതുരുത്തി എന്നൊക്കെ. അരിശപ്പെട്ടു ഞാൻ പറഞ്ഞു: നല്ല ഇടിതരുമെന്നു്. എന്നാ നീ ഇടിച്ചോടാ, കാണട്ടെ എന്നു പറഞ്ഞു് അവൻ എനിക്കിട്ടൊരിടി തന്നു.

ആൻറ: അമ്മേ! വെറും പച്ചക്കള്ളമാണി പറഞ്ഞതു്. എന്റെ തലയ്ക്കിട്ടാണാദ്യം ഒരിടി തന്നതു്

ജോ: വെറുതെയാണമ്മേ! ഞാനിടിച്ചിട്ടു കൊണ്ടില്ല. (ഇടതു കൈത്തണ്ടു കാണിച്ചുകൊണ്ടു, ദേ, കണ്ടോ? അവൻ എന്റെ കയ്യേട്ടു കടിച്ചതാണമ്മേ! ചോര ഒലിച്ചു കെടക്കണ. കടികൊണ്ടു ഞാൻ നക്ഷത്രമെണ്ണിപ്പോയി. ഏതായാലും ഇതിന് ഞാൻ പകരം ചോദിക്കാതിരിക്കില്ല. ആരൊക്കെത്തന്നെ പറഞ്ഞാലും കൊള്ളാം.

അമ്മ: നിങ്ങളാരും ഒന്നും ചോദിക്കണ്ട. ഇതിനെല്ലാം ഞാൻ ഇന്നുതന്നെ പരിഹാരമുണ്ടാക്കാം. നിങ്ങൾക്കെപ്പോഴും ഇതു വഴക്കുതന്നെ. അതും ഇടീം, അടീം, കടീം, പിടീം മാത്രം. അതേ നിങ്ങൾക്കറിയാവൂ കച്ചേരിപ്പായിരിക്കയല്ലേ; നിങ്ങളുടെ ഇച്ചാച്ചനിങ്ങു വരട്ടെ. എല്ലാം വിവരംപടി പറഞ്ഞുകൊടുക്കാം. നല്ലൊരു പ്രഹരാഭിഷേകം തരുവിക്കാം രണ്ടുപേർക്കും.

ഉം, നേരം നാലുമണിയായില്ലേ പോയി കാപ്പികുടിക്ക്. അതുകഴിഞ്ഞാൽ ഇടിവീഴാനൊരുങ്ങാറുണ്ടു്. (എല്ലാവരും പോകുന്നു.)

(കർട്ടൻ)

രംഗം മൂന്ന്

ജോസഫും ആൻറണിയും ഒരു മുറിയിൽ.

ആൻറ: ഇച്ചാച്ചനോടു പറഞ്ഞുകൊടുക്കുമെന്നല്ലേ അമ്മച്ചി പറഞ്ഞതു്. വരുന്ന ഗൗരവത്തിൽ പിന്നെ ഇതുകൂടെക്കേട്ടാൽ നമ്മുടെ കഥ തീർന്നു

ജോ: നീ പറഞ്ഞതു ശരിയാ. നമ്മളുരണ്ടുപേരും ഒരുപോലെ തല്ലുകൊള്ളും. അമ്മച്ചിയാണെങ്കിൽ പിന്നേം സഹിക്കാമായിരുന്നു. ഇച്ചാച്ചനടിക്കാൻതുടങ്ങിയാൽ പിന്നെ ത്രിശങ്കുസ്വർഗ്ഗത്തിലേ കൊണ്ടവസാനിപ്പിക്കുകയുള്ളു

കുറവിലങ്ങാട്ടു ഫൊ: പള്ളിയിൽ

മൂന്നുനോയമ്പ്തിരുനാൾ

1954 ഫെബ്രുവരി 8, 9, 10
1129 മകരം 26, 27, 28 -ാംനു- തിങ്കൾ, ചൊവ്വ, ബുധൻ. ഈ ദിവസങ്ങളിൽ അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്നതാണു്. പകലോമററം കപ്പേളക്കൽനിന്നു കൂടി പ്രദക്ഷിണം ഉണ്ടായിരിക്കും.

ടി പള്ളിക്കാര്യത്തിൽനിന്നു്

ആൻറ: ഇന്നാളൊരുതവണ എന്നെയടിച്ചില്ലേ?

ജോ: ഉം.

ആൻറ: അന്നു അടികൊണ്ടിട്ടെനിക്കൊരു രൂപവുമില്ലായിരുന്നു. മാറിയിരുന്നു നോക്കിയപ്പോഴുണ്ടു് ഒരാളു് തലേംനീട്ടി ഉട്ടയിലിരിക്കുന്നു. വഴിമുറിയെടുത്തപ്പഴാണെടാ ഒരുച്ചാൺ നീളമുള്ള ഒരീർക്കിലിക്കഷണം!

ജോ: പക്ഷെ ഇന്നെന്തായാലും നമ്മളുരണ്ടും തല്ലുകൊള്ളുമെന്നാതോന്നുന്നെ.

ആൻറ: ഒരു വഴിയേ ഉള്ളിനി.

ജോ: എന്താവഴി? എളുപ്പം പറ. ഇച്ചാച്ചൻ വരാറായിട്ടൊണ്ടു്.

ആൻറ: കൊച്ചുത്രേസ്യാപ്പുണ്യവാളത്തിയെ പിടിക്കുകയേ നിവൃത്തിയുള്ളു. ഇന്നാളൊരുതവണ ഞാനോർത്തതാണ് എനിക്കു് തല്ലുകിട്ടരുതെന്നു്. ഞാൻ പറഞ്ഞു നന്മനിറഞ്ഞമറിയം ചൊല്ലികാഴ്ചവച്ചു. ഇച്ചാച്ചൻ മറന്നുപോയോ എന്തോ അതേപ്പററിപ്പിന്നെ ചോദ്യമേ ഉണ്ടായില്ല

ജോ: നീ പറഞ്ഞതു ശരിയാ. എനിക്കും പലപ്പോഴും ഗുണം കിട്ടിയിട്ടുണ്ടു്.

ആൻറ: എന്നാലങ്ങനെതന്നെ. പ്രാർത്ഥനമുറിയിലേക്കുപോകാം. തീർച്ചയായിട്ടും കൊച്ചുത്രേസ്യാപ്പുണ്യവാളത്തി ഈ അപകടത്തിൽനിന്നും നമ്മളെ രക്ഷിക്കും. (രണ്ടുപേരും പോകുന്നു)

(കർട്ടൻ)

രംഗം നാല്

രാത്രി. മണി പത്തുകഴിഞ്ഞു. ഔസേപ്പ് ഉയർന്ന കട്ടിലിലും ത്രേസ്യ ഒരു ചെറിയ കട്ടിലിലും ഇരിക്കുന്നു. മങ്ങിയവെളിച്ചം.

ത്രേസ്യ: ഇന്നു പിള്ളേരെന്തുവഴക്കായിരുന്നു. തല്ലും, പിച്ചും, ഇടീ, കടീ ഒക്കെയാണവരുടെ തൊഴിൽ.

ഔസേപ്പു: (പരിഹാസസ്വരത്തിൽ) കൊച്ചുകൂടെത്താമസിച്ചു് എല്ലാവരും ഉറക്കംപിടിച്ചിട്ടു പറഞ്ഞാൽമതിയായിരുന്നല്ലോ. ഓഹോ! ശരി. കണ്ണുപകലുമുള്ളപ്പോൾ പറഞ്ഞാൽ നിന്റെ മക്കളു തല്ലുകൊള്ളുമല്ലേ. ഈർക്കിലാണ് പിള്ളേർക്കു് ബോധജ്ഞാനം കൊടുക്കുന്നതെന്നു ഒരു പുണ്യവാളൻ പറഞ്ഞിട്ടൊണ്ടു്.

ത്രേസ്യാ: അപ്പോൾ തെങ്ങില്ലാത്ത നാട്ടിലെ പിള്ളേർക്കൊന്നും ബോധജ്ഞാനമില്ലേ?

ഔ: നീയീ പിള്ളേരുടെ മുന്നാംമുറിയാണ്. എങ്ങനെ അവരു നന്നാകും! ഇതല്ലേ അവരും കേട്ടുപഠിക്കുന്നതു? നിന്റെ ഈ മുട്ടുക്കൂപ്പതി മുഴക്കേം ഒണ്ടു് അന്തോണിക്കു്.

ത്രേസ്യാ: എന്നിട്ടവനെന്താ കുഴപ്പം?

ഔ: ഒരു കൊഴപ്പോം ഇല്ല. സമ്മതിച്ചേക്കാം.

ത്രേസ്യാ: കള്ളനായാലും ഉള്ള നന്നായാമതി. ഇന്നവനാണല്ലോ നല്ല മാതൃകകാണിച്ചുകൊടുത്തതു്.

ഔ: ഓ, എന്താണു നിന്റെ മകൻ അന്തോണീടെ പുണ്യമാതൃക, ഒന്നു കേൾക്കട്ടെ. വല്ല രൂപക്കൂടും പണിക്കണോ?

ത്രേസ്യാ: അവരു വഴക്കുപിടിച്ചെന്നുപറഞ്ഞില്ലേ.

ഔ: ഉം.

ത്രേസ്യാ: ഞാൻ പറഞ്ഞു ഇന്നു് ഇച്ചാച്ചൻവരുമ്പോൾ പറഞ്ഞുകൊടുത്തേക്കാമെന്നു്. അതുകേട്ടു പിള്ളേരു ചൂളിപ്പോയി.

ഔ: എന്നിട്ടു?

ത്രേ: പറയാം. കേൾക്കു. കാപ്പികഴിഞ്ഞു് രൂപക്കൂടിന്റെ മുമ്പിലൊരു "പൊറുപൊറുക്കലു്"കേട്ടു ചെന്നു നോക്കിയപ്പോഴുണ്ടു് രണ്ടുംകൂടെയിരുന്നു മുട്ടൻ പ്രാർത്ഥന.

ഔ: എന്തായിരുന്നു ആ പ്രാർത്ഥന?

ത്രേസ്യാ: "ഞങ്ങളുചെയ്തതു തെററിപ്പോയി; ക്ഷമിക്കണേ കൊച്ചുത്രേസ്യാപ്പുണ്യവാളത്തി. വീണ്ടും ഇതു് ഞങ്ങൾ ആവർത്തിക്കുകയില്ല ഇച്ചാച്ചൻ വരുമ്പോൾ പറഞ്ഞുകൊടുക്കാൻ അമ്മച്ചിക്കു മനസ്സുതോന്നിക്കല്ലേ, എന്റെ പൊന്നുകൊച്ചുത്രേസ്യാപ്പുണ്യവാളത്തി" എന്നൊക്കെ.

ഔ: അതു നീന്റെ അന്തോണിടെ മിടുക്കാണെന്നു് എങ്ങനെ മനസ്സിലാക്കും. ചിലപ്പോൾ ജോസഫ് പറഞ്ഞിട്ടായിരിക്കും അങ്ങനെ ചെയ്തതു്.

ത്രേസ്യാ: അവരുടെ സംഭാഷണത്തിൽ നിന്നു മനസ്സിലായി. അന്തോണിയാണിപ്ലാൻ ആദ്യം കൊണ്ടുവന്നതു്.

ഔ: ഏതായാലും അവരുടെ തെററിനു് ശിക്ഷിക്കണ്ടേ? നാളെയാകട്ടെ.

ത്രേസ്യാ: അതെന്തിനാ; അവരു് ദൈവത്തിന്റടുക്കലല്ലേ മാപ്പുചോദിച്ചതു്. പിന്നെ നമ്മോടു് ചോദിക്കണമെന്നുണ്ടോ?

ഔ: ശിക്ഷിച്ചില്ലെങ്കിലിനിയും അവരതാവർത്തിക്കും.

ത്രേസ്യാ: ശിക്ഷിച്ചാലാവർത്തിക്കുകില്ലേ?

ഔസേ: എങ്കിലും...

ത്രേസ്യാ: എന്നാൽ നമ്മളെ ത്രിപ്രാവശ്യം തല്ലിയിരിക്കുന്നു. എന്നിട്ടും ഇപ്പോഴും ഇടരുന്നില്ലേ?

ഔസേ: എനിക്കുറക്കംവരുന്നു. ഇന്നൊത്തിരി ബുദ്ധിമുട്ടി (പുതച്ചുമൂടിക്കിടക്കുന്നു.)

ത്രേസ്യാ: ഉം.

കർട്ടൻ

—ം—

---

ന്തരീക്ഷമെല്ലാം പാടേ കറുത്തു. സന്തോഷത്തിന്റെ സ്ഥാനത്തു് കറുത്ത കാർമേഘം വ്യാപിച്ചു. ബാബുവിന്റെ അപ്പനും അമ്മയ്ക്കും വല്ലാത്ത പരിഭ്രമമായി. അവരുണ്ടില്ല. കുഞ്ഞിനേയുംകൊണ്ടുടനെ ആശുപത്രിക്കു പോന്നു. ഡോക്ടർ നോക്കി. വിശേഷമൊന്നുമില്ല. ചോരയൊലിക്കുന്നുണ്ടു്. X-റേ നോക്കി. എന്തോ തലയ്ക്കകത്തു കേറിയിട്ടുണ്ടു്. അതെടുക്കാൻ ആ ആശുപത്രിയിൽ പററുകയുമില്ല എന്നു ഡോക്ടർ പറഞ്ഞു. ആൻറണി വ്യസനംകൊണ്ടു് വീണു. ശോശാമ്മ മരിച്ചതിനു തുല്യമായി. അവക്കു പണത്തിനു വലിവില്ല. കുട്ടിയേയുംകൊണ്ടു് മദ്രാസിലേക്കു പറന്നു. വലിയ ആശുപത്രി. സമർത്ഥന്മാരായ ഡോക്ടർമാർ. ബാബുവിനെ പരിശോധിച്ചു. കുഞ്ഞല്ലേ! ബോധംകെടുത്തി ഓപ്പറേഷൻ നടത്തിക്കൂടാ. അവർ തലകൂട്ടി വെച്ചാലോചിച്ചു. നോട്ടുകൾ അട്ടിയട്ടിയായി അവരുടെനേർക്കു വണങ്ങിച്ചെന്നുകൊണ്ടിരുന്നു ഓപ്പറേഷൻ കഴിഞ്ഞു. കുഞ്ഞു ജീവിക്കുമെന്നു് ഡോക്ടർമാർക്കുറപ്പുവന്നു. അവരിലൊരാളായ ജോൺ ഡോക്ടറാണപ്പോൾ പറഞ്ഞതു്: "അങ്ങനെ സംഭവിച്ചു പക്ഷെ ഇനിയും ഇതുപോലെ സംഭവിച്ചുകൂടാ. അതു സാധാരണക്കാരെക്കൊണ്ടു് താങ്ങാൻ കഴികയില്ല."

എന്താണു് സംഭവിച്ചതു്? അമ്മായിവീട്ടിൽ പൊട്ടിയ ഒരു ചിമ്മിനി മുറിയുടെ മൂലയിൽ ഇട്ടിരുന്നു. ബാബു അതെടുത്തു കളിച്ചു. മൂർച്ചയുള്ള ഒരു കഷണം അവന്റെ തലയിൽക്കേറി. മുറിവു പാറിയെങ്കിലും അവനു വേദനിച്ചില്ല. അവൻ പിന്നെ ആ മൂലയിൽനിന്നു മാറി പുസ്തകങ്ങളെടുത്തുകളിച്ചുകൊണ്ടിരുന്നപ്പോഴാണു് മേരി പോയി അവനെ പൊക്കിയെടുത്തതു്.

നമ്മുടെ വീടുകളിൽ പൊട്ടിയതും ഒടിഞ്ഞതും ചതഞ്ഞതുമായ എത്ര സാധനങ്ങളുണ്ടു? ഏച്ചുകെട്ടിയ കസേരകളും ചാക്കുനൂലുകൊണ്ടു ചുററിക്കെട്ടിയ പൊട്ടിയ പഞ്ചസാരഭരണികളും കെട്ടിച്ചുവച്ച ചിമ്മിനികളും ധാരാളം കണ്ടേക്കും കാലൊടിഞ്ഞ കസേരകളും, വിജാവരിപ്പോയ കതകുകളും ചില വീട്ടിലുണ്ടു്. ഇതൊക്കെ അപകടകാരണങ്ങളാകുമെന്നോർമ്മിക്കണം. കേടുപിടിച്ചതും അപകടമുണ്ടാക്കിയേക്കുമെന്നു് സംശയമുള്ളതുമായ സകല ഉപകരണങ്ങളും ഉപേക്ഷിക്കുക. അവയെ പറമ്പിലെ മൂലയിലൊരു ആഴമേറിയ കുഴിയിൽത്തന്നെ സംസ്കരിക്കുക.

ഇന്നു ബാബു മിടുക്കനായിരിക്കുന്നു. അവൻ പിച്ചവച്ചു നടക്കുന്നു. അവനെ എടുക്കാൻ ചെല്ലുന്ന ഓരോ അമ്മമാരോടും ചേച്ചിമാരോടും, ചേട്ടന്മാരോടും, കാരണവരോടും അവൻ പറയുന്നതുപോലെ തോന്നും, "വീട്ടിലിനിയും അപകടമുണ്ടാക്കാതെ നോക്കണേ!!" എന്നു്. നാമതു അനുസരിക്കേണ്ടതല്ലേ?

(2-ാം പേജു് തുടർച്ച)

ഒരു പുതിയ പാർട്ടി (കമ്മ്യൂണിസ്റ്റു്) വന്നു് അവകാശപ്പെട്ടു, തങ്ങൾ ഗാന്ധിജിയേയും കോൺഗ്രസ്സിനേയും ഇൻഡ്യാഗവർമ്മെൻറിനേയുംകാൾ നല്ലവരാണെന്നു്. എന്നാൽ ഇവരെല്ലാവരും സമ്മതിക്കുന്നുണ്ടു്, നെഹ്റു പ്രതിനിധാനം ചെയ്യുന്ന കോൺഗ്രസ്സാണു് ശക്തരും പ്രബലരുമായ ബ്രിട്ടീഷ് ഗവർമ്മെൻറിൽനിന്നു സ്വാതന്ത്ര്യം പിടിച്ചെടുത്തു് ഇൻഡ്യക്കു കൊടുത്തതെന്നു്. പക്ഷെ ഇവർ(കമ്യൂ: കാർ) ഇപ്പോൾ അവകാശപ്പെടുന്നതു് ഇൻഡ്യയുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം തങ്ങൾക്കു് കോൺഗ്രസ്സിനെക്കാൾ മെച്ചമായി പ്രവർത്തിക്കുവാൻ കഴിയുമെന്നാണു്. എന്നാൽ നാം അവരോടു പറയുന്നു, നിങ്ങൾക്കു് യാതൊരു പരിചയജ്ഞാനവുമില്ല, ഞങ്ങളെക്കാൾ നല്ലവണ്ണം ഭരിക്കാൻ നിങ്ങളെക്കൊണ്ടാവില്ല എന്നു്. അപ്പോൾ അവർ പറയുന്നു, ഞങ്ങൾക്കു യുവത്വമുണ്ടു്, ഞങ്ങൾ ഊർജ്ജസ്വലരാണു്, പ്രവർത്തനപാടവമുള്ളവരാണു്, ഭരണത്തിനാവശ്യമുള്ള മററു സകല യോഗ്യതകളും ഞങ്ങൾക്കുണ്ടു്, ആകയാൽ രാജ്യം ഞങ്ങളെ ഏല്പിച്ചുതരികയെന്നു്. ഇതൊക്കെ ശരിയായിരുന്നാൽ തന്നെയും ഒരു ചോദ്യം ശേഷിക്കുന്നു. ഈ യുവത്തോളകളിലേക്കു് ഇൻഡ്യാഗവർമ്മെൻറിൻെറ സകല ഭാരവും വച്ചുകൊടുക്കുന്നതു അപകടരഹിതമാണോ? നാം അവരോടു പറയുന്നു, നിങ്ങൾ നിങ്ങളുടെ ജീവിതം ആരംഭിച്ചിട്ടേയുള്ളു. നിങ്ങൾ നിങ്ങളുടെ സകല പഠനവും വിദേശങ്ങളിൽനിന്നാണു് എടുത്തിട്ടുള്ളതു്. നിങ്ങൾക്കു് നമ്മുടെ രാജ്യം അറിഞ്ഞുകൂടാ. ഞങ്ങൾ ഈ രാജ്യത്തിനുവേണ്ടി 50 വർഷമായി പ്രവർത്തിക്കുന്നു. കുറേനാൾകൂടി ഞങ്ങൾ പ്രവർത്തനം തുടരട്ടെ. നിങ്ങൾക്കു കഴിയുമെങ്കിൽ പിന്നീടു് ഭരണമേററെടുക്കാം. എന്നാൽ ഇന്നു് ഞങ്ങൾ അതു നിങ്ങളെ ഏല്പിച്ചാൽ ജനങ്ങൾ നശിച്ചുപോകും. കഴിഞ്ഞ 6 വർഷങ്ങളായി ഈ രാജ്യം ഭരിക്കുന്ന ചുമതല ഞങ്ങൾ ഏറെറടുത്തുകൊണ്ടിരിക്കയാണു്. ഞങ്ങൾ വളരെയധികം ചെയ്തിട്ടുമുണ്ടു്. അതെല്ലാം നിങ്ങൾക്കു് [illegible]ക്കുവാനുള്ള സമയമല്ലിതു്. നിരായെ സാമാനങ്ങളും കയറി ഈ ബോട്ടിൽ യാത്രചെയ്യുന്ന ഞങ്ങൾക്കു് ഇടക്കുവച്ചു് വേറൊരു ബോട്ടിലേക്കു് പകരാവുന്നതല്ല. അങ്ങനെ ചെയ്താൽ നമ്മൾ രണ്ടുകൂട്ടരും മുങ്ങിപ്പോയേക്കാം. 50 മൈൽ ദൂരം ഞങ്ങളുടെ ബോട്ടു് ഓടിച്ചുപോന്നിട്ടുണ്ടു്. അതിനു യാതൊരു പിശകുമുണ്ടായിട്ടില്ല. നിങ്ങൾ ഒന്നോ രണ്ടോ മൈൽ മാത്രമേ എത്തിയിട്ടുള്ളു. നിങ്ങളുടെ എൻജിൻ നടക്കുന്നതെങ്ങനെയായിരിക്കുമെന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. ആകയാൽ നിങ്ങളുടെ ബോട്ടിൽ യാത്രചെയ്യാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. അതിനും പുറമെ നിങ്ങളുടെ എൻജിൻ ദൈവവിശ്വാസമില്ലാത്തതാണു്. ഞങ്ങൾക്കു ദൈവവിശ്വാസമുണ്ടു്. അതിനാൽ ഞങ്ങൾ ഒന്നായിരിക്കയും ചെയ്യും. ദൈവവിശ്വാസം ഇല്ലാത്ത രാജ്യത്തേക്കു് നിങ്ങൾക്കു പോകാം, അവിടെ ഭരിക്കയും ചെയ്യാം. നിങ്ങൾക്കു യഥാർത്ഥത്തിൽ ദൈവവിശ്വാസം ഉണ്ടെങ്കിൽ നിങ്ങൾ ചെയ്തിട്ടുള്ളപോലെ നിങ്ങൾ പ്രവർത്തിക്കയില്ലായിരുന്നു.

### കമ്മ്യൂണിസ്റ്റു കടുവായുമായി കളിക്കരുതു്

കമ്മ്യൂണിസ്റ്റുപാർട്ടിയെ കടുവായോടും പുള്ളിപ്പുലിയോടും ഉപമിച്ചുകൊണ്ടു്, ആ പാർട്ടിയുമായി കളിക്കരുതെന്നും കളിച്ചാൽ അപകടം ഉണ്ടാകുമെന്നും പല പ്രസംഗങ്ങളിലും രാജാജി ശക്തിയായി ഉദ്ബോധിപ്പിച്ചു. അതിലൊന്നിൽ പ്രസ്തുതാശയം ചിത്രീകരിച്ചതിങ്ങനെയാണു്.

കൂട്ടിൽ അടക്കപ്പെട്ടിരിക്കുന്ന പുള്ളിപ്പുലിയുടെ പുള്ളികൾ കണ്ടു് സന്തോഷിക്കാം. അതിനെ കൂട്ടിൽനിന്നിറക്കിയാൽ കളിമാറും. കാര്യം അപകടത്തിലാകും. കമ്മ്യൂണിസ്റ്റുകാരുമായി കളിക്കാം, അവർക്കധികാരമില്ലാത്തപ്പോൾ. എന്നാൽ അധികാരം ഏല്പിച്ചുകൊടുത്താൽ പുലിയെ കൂട്ടിൽനിന്നു ഇറക്കിവിടുന്നതിനു തുല്യമാകും.

കോൺ: ഭരണം നിങ്ങൾ കുറെ അനുഭവിച്ചു. ആ പശു ഇപ്പോൾ പാലധികം തരുന്നില്ലെങ്കിലും, ചാണകമേ കിട്ടുന്നുള്ളു എങ്കിലും, പശ്ചാത്താപത്തിനു കാരണമില്ല. അതു പശുതന്നെ ആകയാൽ പുല്ലും വെള്ളവും കൂടുതൽ കൊടുത്താൽ ഇന്നല്ലെങ്കിൽ നാളെ പാലും ധാരാളം കിട്ടും. കടുവാക്കു പാലുകൊടുത്താൽ, അതിനെ കൂട്ടിൽനിന്നിറക്കിയാൽ അപകടമാകും. കമ്മ്യൂണിസ്റ്റുകാർ പറയും അതു പശുവാണെന്നു്. അതു വിശ്വസിച്ചു വോട്ടു നൽകി അവരധികാരത്തിൽ വന്നാൽ, കോൺഗ്രസിനു് വോട്ടു നൽകാതിരുന്നാൽ, കടുവാ കൂടുവിട്ടു് പുറത്തിറങ്ങും, അപകടമാകും. കോൺഗ്രസാണു് ഇൻഡ്യയെ മുഴുവൻ ഇന്നു സേവിക്കുന്നതു്. പിന്നെ എന്തിനു് ഈ തിരുക്കൊച്ചിയെമാത്രം അതിൽനിന്നു് അകററിനിർത്തുന്നു.

ഇൻഡ്യാ മുഴുവനും കോൺഗ്രസ്സിൻെറ ഭരണത്തിലാണു് സ്ഥിതിചെയ്യുന്നതു്. തിരുക്കൊച്ചിമാത്രം ഒഴിവാക്കപ്പെടാവുന്നതല്ല. കോൺഗ്രസേതരമായ ഒരു ഗവർമ്മെൻറിനു് ജനങ്ങൾ പിൻതുണ നൽകുകയില്ല. കമ്മ്യൂണിസ്റ്റുകളുടെ ഉദ്ദേശ്യം തിരുക്കൊച്ചി ഗവർമ്മെൻറും കേന്ദ്രഗവർമ്മെൻറും തമ്മിൽ ഒരു കോഴിപ്പോരു നടക്കണമെന്നാണു്. പക്ഷെ കഷ്ടപ്പെടുന്നതു ജനങ്ങളുമായിരിക്കും.

* * *

ഇടതുപക്ഷങ്ങളും കോൺഗ്രസ്സും തമ്മിലാണു് തിരുക്കൊച്ചി തിരഞ്ഞെടുപ്പിൽ മത്സരം നടക്കുന്നതെങ്കിലും ഇടതുപക്ഷങ്ങളുടെ നേതൃത്വം ഇന്നു വഹിക്കുന്നതും തിരഞ്ഞെടുപ്പുകഴിഞ്ഞു വഹിക്കാനിരിക്കുന്നതും കമ്മ്യൂണിസ്റ്റുപാർട്ടിയാകയാൽ യഥാർത്ഥത്തിൽ മത്സരം കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുപാർട്ടിയും തമ്മിലാണെന്നു തീർച്ചതന്നെ. കോൺഗ്രസ്സ് തോററാൽ, കോൺഗ്രസ്സിനു് ഉറച്ച ഭൂരിപക്ഷം കിട്ടാഞ്ഞാൽ, തിരുക്കൊച്ചിയുടെ ഭാവി ഏതായിരിക്കുമെന്നു് രാജാജിയുടെ വിവേകപൂർവ്വകവും വസ്തുനിഷ്ഠവുമായ വാക്കുകൾ വ്യക്തമാക്കുന്നുണ്ടല്ലോ. തന്മൂലം ഈ തിരഞ്ഞെടുപ്പിൽ രാജ്യക്ഷേമകാംക്ഷികളെല്ലാവരും കോൺഗ്രസ്സിനു് തങ്ങളുടെ വോട്ടും മററു സകല പിൻതുണയും നൽകണമെന്നു് ഞങ്ങൾ വീണ്ടും വീണ്ടും അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇക്കാര്യം കത്തോലിക്കർക്കു് മതപരമായ കർത്തവ്യം കൂടി ആകയാൽ അവരോടു് പ്രത്യേകിച്ചും ഞങ്ങളഭ്യർത്ഥിക്കുന്നു അവരതു ശരിക്കു നിർവ്വഹിക്കണമെന്നു്.

—o—

### ഇററാല്യൻ വൈദികനു് സ്മാരകം

കഴിഞ്ഞ യുദ്ധത്തിൽ ജർമ്മനി ഇററലിയെ ആക്രമിച്ചപ്പോൾ ഫാദർ ഏവിയോ മനാരി എന്നൊരു ഇററാലിയൻ വൈദികൻ സങ്കലിതഭടന്മാർക്കു വേണ്ട ഒത്താശകൾ ചെയ്തുകൊടുത്തു. ജർമ്മൻകാർ അദ്ദേഹത്തെ പിടികൂടി പലവിധത്തിൽ പീഡിപ്പിച്ചശേഷം 1944 ജൂലൈ 16-ൽ അദ്ദേഹത്തെ വെടിവെച്ചു കൊന്നു. വടക്കെ ഇററലിയിൽ മൊഡേനാനഗരത്തിലെ ബാലനഗരത്തിനു് ഒരു ക്ലബ്ബ്ഹൗസ് ഇദ്ദേഹത്തിൻെറ സ്മാരകമായി ബ്രിട്ടീഷ് ഭടന്മാർചേർന്നു് പണിയിച്ചുകൊടുത്തിരിക്കുന്നു. 2225 പവൻ ബ്രിട്ടീഷ് ഗവർമ്മെൻറും അതിലേക്കു് സംഭാവന ചെയ്തു. ഈയിടെ നടന്ന ഉൽഘാടനകർമ്മത്തിൽ പല ബ്രിട്ടീഷ് സൈനികോദ്യോഗസ്ഥന്മാർ പങ്കെടുക്കുകയുണ്ടായി.

Book Review

## The Servant of God, Fr Cyriac Elias Chavara

(An inspiring biography by Rev. Fr. Valerian C. D. Pages 72. For copies apply to the author, St. Joseph's Monastery, Mannanam, T-C State, S. India)

Fat er Valerian of the Syrian Carmelite Congregation of Malabar gives in this small book a summarised free rendering into English of his bigger biography of the Servant of God, Father Elias Chavara which he published some fourteen years ago. The author describes in some detail the life of the servant of God, the foundation of the Carmelite Congregation and his manifold activiti s. Father Elias was able to see in the forty years of his religious life from 1831 to 1871 the rise of five monasteries which stand out to this day as the biggest foundations of the Congregation. The part he played in quelling Rocos schism, in introducing Forty Hours Adoration, in compiling liturgical books and in administering the Religious as the Prior General and the faithful as Vicar General of the Syrian churches is nicely brought out in the book. In 1861, the servant of God had the happiness of receiving from H.H. Pius IX the decree of praise regarding the Congregation. Thus the founder himself was able to see his Congregation passing into a Pontifical Institute.

Bishop Marcelline has called Father Elias, the Flower of Mannanam. And he is certainly a flower. Through the facile pen of Father valerian its fragrance is now going to be disseminated more and more among the English knowing public.

A coloured map is tagged to the biography showing the Provinces and missions of the Carmelite Congregation as it s'ands in 1953. This has rendered the book more useful. Rightly we may say with Bishop Mathew Kavukatt of the Diocese of Changanacherry that Father Valerian has given us an inspiring biography.

(Fr. Thomas Mootheden)

ഗുണ്ടൂരിലെ വിശുദ്ധ യൗസേപ്പപിതാവിൻെറ ആശുപത്രിയിൽ കുറെ കൊല്ലങ്ങളായിട്ടു നേഴ്സുമാരെ പഠിപ്പിക്കുന്നതിനായി ഒരു സ്കൂൾ നടത്തുന്നുണ്ടു്. ഈ നേഴ്സിങ്ങ് പഠിക്കുന്ന വിദ്യാർത്ഥികളിൽ മലബാറിൽനിന്നും അനേകബാലികമാരും കന്യാസ്ത്രീകളും ഉൾപ്പെടുന്നു. ഇവർ എറണാകുളം, ചങ്ങനാശ്ശേരി, തിരുവല്ല, മുതലായ രൂപതകളിൽനിന്നും വരുന്നവരാണു്.

ഈ ട്രെയിനിങ്ങ് സ്കൂൾ തുടർന്നുകൊണ്ടു പോകുന്നതിനു ഗവമ്മെണ്ടുനിയമപ്രകാരം പുരുഷന്മാരുടെ ചികിത്സക്കായി ഒരു വാർഡു് ഉടനെ കെട്ടേണ്ടതായി വരുന്നു. ഇതിനു ധാരാളം പണം ആവശ്യമുണ്ടു്. പക്ഷെ മൂലധനം ഇല്ലാത്തതിനാൽ നിങ്ങളുടെ ഉദാരധനസഹായത്തെ വിശുദ്ധ യൗസേപ്പപിതാവിൻെറ മഠത്തിലെ ബ മദർ സുപ്പീരിയർ നന്ദിപൂർവ്വം സ്വീകരിക്കുന്നതാണു്.

Mother Superior, St. Joseph's Convent, Guntur

## 12-ാം ലിയോ പാപ്പായുടെ ചില രസികത്വങ്ങൾ

ആനന്ദദായകങ്ങളും അർത്ഥഗർഭങ്ങളുമായ ഫലിതങ്ങൾ പ്രയോഗിക്കുന്നതു് 12-ാം ലിയോ മാർപ്പാപ്പായുടെ ഒരു പ്രത്യേക വാസനയായിരുന്നു. 1825-ൽ തിരുമേനി ഒരുദിവസം "ചിവിത്തവെച്ചിയ" ജയിൽ സന്ദർശിച്ചു. അദ്ദേഹം ഓരോ തടവുകാരനേയും സമീപിച്ചു് അയാൾ എന്തു കാരണത്താൽ കാരാഗൃഹത്തിലടക്കപ്പെടുവാൻ ഇടയായി എന്നന്വേഷിച്ചുതുടങ്ങി. എല്ലാവരുടേയും മറുപടിയുടെ ചുരുക്കം ഇതായിരുന്നു:- "തിരുമേനി, എൻെറമേൽ ഇല്ലാക്കുററം ആരോപിച്ചു് നീതിവിരുദ്ധമായി വിധിക്കപ്പെട്ടു. അതുകൊണ്ടാണു് ഞാൻ ഈ തടവിൽ അടക്കപ്പെട്ടിരിക്കുന്നതു്. ഞാൻ യാതൊരു കുററവും ചെയ്തിട്ടില്ല." ഒടുവിൽ ഒരു സാധുവായ തടവുകാരൻെറ അടുത്തെത്തി. ആ സാധുവിനോടും പരിശുദ്ധ പിതാവു് അതേ ചോദ്യം ആവർത്തിച്ചു. അവൻ അനുതാപവിവശനായി അവിടുത്തെ മുമ്പിൽ മുട്ടുകുത്തിനിന്നുകൊണ്ടു പറഞ്ഞു: "പരിശുദ്ധ പിതാവേ, ഞാനൊരു വഞ്ചകനും, കൊലപാതകിയും, കവർച്ചക്കാരനുമാണു്. ഞാൻ ഇവിടെ ആ കഠോരകുററങ്ങൾക്കെല്ലാം പരിഹാരം അനുഷ്ഠിക്കുകയാണു്." പാവം! അവൻെറ ഈ പരമാർത്ഥതയ്ക്കു പ്രതിഫലമായി ഒരു നല്ല താക്കീതു കിട്ടുമെന്നു് പ്രതീക്ഷിച്ചു് കൂട്ടുപുള്ളികളെല്ലാം ശ്വാസമടക്കി നില്ക്കുകയാണു്. പരിശുദ്ധ പിതാവു് അവിടുത്തെ സ്വതസിദ്ധമായ ഗാംഭീര്യത്തോടുകൂടി ഗവർണ്ണരുടെനേരെ തിരിഞ്ഞു് ഉറക്കെയുള്ള സ്വരത്തിൽ പറഞ്ഞു:- "ഹേ, ഗവർണ്ണർ, ഈ മഹാപാപിയെ ഈ നല്ലയാളുകളുടെ കൂട്ടത്തിൽ തടവിലിട്ടിരിക്കുന്നതു് ശരിയാണോ? അയാളുടെ സാന്നിദ്ധ്യംതന്നെ അവർക്കു് ദുർമ്മാതൃകയ്ക്കും ഉതപ്പിനും കാരണമാകയില്ലേ? ഉടനെ അയാളെ ബന്ധനവിമുക്തനാക്കി പറഞ്ഞുവിടുക."

പാവം, അവൻ മോചിക്കപ്പെട്ടുപോയി!

* * *

റോമിനടുത്തുള്ള ആശ്രമങ്ങളും ദേവാലയങ്ങളും സ്ഥാപനങ്ങളുമെല്ലാം 12-ാം ലിയോ മാർപ്പാപ്പാ മുന്നറിയിപ്പുകൂടാതെ സന്ദർശിക്കുകയും അവരുടെ സുഖദുഃഖങ്ങളിൽ പിതൃതുല്യം പങ്കുകൊള്ളുകയും ചെയ്യുമായിരുന്നു. പക്ഷെ ഈവക സന്ദർശനങ്ങൾ പലപ്പോഴും ആതിഥേയർക്കു പരിഭ്രമജനകമായിരുന്നു എന്നു പറയേണ്ടല്ലോ. വളരെ പരിമിതമായ ഒരു ഒരുക്കമെങ്കിലും ഉണ്ടായിരിക്കുവാൻ അവർ അഭിലഷിച്ചിരുന്നു. എന്തുചെയ്യാം!

സ്വന്ത സുഖസൗകര്യങ്ങളേയും പരിസരങ്ങളുടെ ശുചീകരണത്തേയും സംബന്ധിച്ചുള്ള കാര്യങ്ങളിൽ അശ്രദ്ധമായി കഴിഞ്ഞുപോരുന്ന ഒരു സന്യാസസമൂഹം ഇപ്രകാരമുള്ള ഒരു "മിന്നൽ"സന്ദർശനത്തിനു് വിധേയമായി. സന്യാസികൾ ഓരോ ജോലികളിൽ ഏർപ്പെട്ടിരുന്നതുകൊണ്ടു് അവരെയെല്ലാം വിളിച്ചുകൂട്ടുന്നതിനു് കുറച്ചുസമയം വേണ്ടിവന്നു. അതിനിടയിൽ പരിശുദ്ധ പിതാവു് കപ്പേളയിൽ പ്രവേശിച്ചു് അതിൻെറ ഒരു ഭാഗത്തിട്ടിരുന്ന "നിലറി"ൽ—മുട്ടുകുത്തുന്നതിനുള്ള ഉപകരണം—മുട്ടുകുത്തി പ്രാർത്ഥിച്ചു. അനന്തരം സന്യാസികളുമായി പതിവുപോലെ സംഭാഷണത്തിൽ ഏർപ്പെട്ടു. തിരുമേനി യാത്രപറഞ്ഞു പിരിയുന്ന അവസരത്തിൽ സന്യാസികളെല്ലാം നന്ദിപറയുകയും പരിശുദ്ധ പിതാവിൻെറ സന്ദർശനത്തിൻെറ ഓർമ്മക്കായി എന്തെങ്കിലും സ്മാരകം നൽകണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. പ്രസന്നവദനനായി തിരുമേനി തിരിഞ്ഞുനിന്നുകൊണ്ടു പറഞ്ഞു:- "കൊള്ളാം മക്കളെ, നിങ്ങൾ എൻെറ ഓർമ്മക്കായി എന്തെങ്കിലും ആഗ്രഹിക്കുമെന്നു ഞാൻ നേരത്തെ പ്രതീക്ഷിച്ചു. അതുകൊണ്ടു് എൻെറ സ്മാരകം ഞാൻ നിങ്ങളുടെ കപ്പേളയിലുള്ള "നിലറി"ൽ വച്ചിട്ടുണ്ടു്'.

പരിശുദ്ധ പിതാവു പോയി. ആഹ്ലാദത്തോടും ജിജ്ഞാസയോടുംകൂടി എല്ലാവരും കപ്പേളയിലേക്കോടി, സ്മാരകം കാണുവാൻ. "നിലറി"ൻെറ മുകളിലത്തെ പലകയിൽ ഘനത്തിൽ കിടന്നിരുന്ന പൊടിയിൽ പരിശുദ്ധ പിതാവു് വിരലുകൊണ്ടെഴുതിയിരിക്കുന്നു "ലിയോ XII" എന്നു്.

സ്മാരകം ഒരു നല്ല പാഠം പഠിപ്പിച്ചിരിക്കണം!

—o—

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam February 3, 1954 No. 23

# വിവിധവൃത്താന്തങ്ങൾ

## ചൈനയിലെ പുരാതന ദൈവമാതൃചിത്രം

കമ്മ്യൂണിസ്റ്റ് ചൈനയിൽ യാങ്ചോ നഗരത്തിൽനിന്നു കുറേ മുമ്പു കണ്ടുകിട്ടിയ ഒരു കരിങ്കൽ തളിരത്തിൽ ദൈവജനനി ദിവ്യഉണ്ണിയെ കരങ്ങളിൽ എടുത്തിരിക്കുന്നതായ ഒരു ചിത്രം ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അതു 14-ാം നൂറ്റാണ്ടിനോടടുത്തുള്ളതാണെന്നും ചൈനയിലെ ഏറ്റം പുരാതന ക്രിസ്തീയചിത്രമാണെന്നും ഗവേഷകന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഫിലിപ്പൈൻസിലെ ബല്ലർമിൻ കോളേജിൽ ഗവേഷണപണ്ഡിതനായ ഫാദർ ഫ്രാൻസീസ് റോസ്സോ അതു കൈവശമാക്കി. എന്നാൽ കമ്മ്യൂണിസ്റ്റ് പോലീസിനെ ഭയന്നു, അതു ഫിലിപ്പൈൻസിലേക്കു കടത്തിക്കൊണ്ടുപോകാൻ കഴിയാതെ, സൂക്ഷിച്ചിരുന്നു. അപ്പോഴേക്കും ഈശോസഭക്കാരെയെല്ലാം ചൈനയിൽനിന്നു നാടുകടത്തിക്കഴിഞ്ഞിരുന്നു. എങ്കിലും ഭാഗ്യോദയത്താൽ ഇപ്പോൾ അതു അവർ ഫിലിപ്പൈനിൽ എത്തിച്ചിരിക്കുന്നു. ചൈനായിൽ 13-ാം നൂറ്റാണ്ടിൽ ക്രിസ്തുമതം ഒരുച്ചനിലയിലെത്തിയതാണ്. 1279 മുതൽ 1368 വരെ ഭരിച്ച മംഗോൾ ചക്രവർത്തിമാരുടെ ഭരണത്തിൽ അതു ഉത്തരോത്തരം പ്രചരിപ്പിക്കപ്പെട്ടുവരികയും ചെയ്തു. ഫ്രാൻസിസ്കൻ സഭക്കാർ ചക്രവർത്തിമാരുടെ ആപ്തമിത്രങ്ങളായിരുന്നു. യാംഗ്ചോവിൽ അവരുടെ ഒരാശ്രമംതന്നെയും സ്ഥാപിക്കപ്പെട്ടിരുന്നു. അതിനാൽ കണ്ടുകിട്ടിയിട്ടുള്ള പുരാതനചിത്രം അവരുടെ ആഭിമുഖ്യത്തിൽ ഉണ്ടാക്കപ്പെട്ടതാണെന്നു ഊഹിക്കപ്പെടുന്നു. മംഗോൾ സാമ്രാജ്യം അധഃപതിച്ചതിനോടെ കത്തോലിക്കാ പ്രാബല്യവും അവിടെ അസ്തമിക്കയാണുണ്ടായതു്.

## ഓസ്ട്രേലിയൻ തെരുവിൽ

മെൽബോണിലെ സെന്റ് ജോസഫ് പള്ളിയിൽനിന്നു ഒരു ഞായറാഴ്ച ഉച്ചക്കുർബാനയും കഴിഞ്ഞു ആളുകൾ മടങ്ങുകയായിരുന്നു. വഴിമദ്ധ്യേ കരിച്ചുമണി കേട്ട ഓസ്ട്രേലിയായിലെ ആദിമനിവാസികളിൽനിന്നു മാനസാന്തരപ്പെട്ടവരുടെ ശേഖരത്തിലുള്ള ഒരപ്പനും മകളും ആ കൂട്ടത്തിലുണ്ടായിരുന്നു. തൽക്ഷണം ഇരുവരും വഴിയരികിൽ മാറി മുട്ടുകുത്തി കൈകൾ കൂപ്പിപ്പിടിച്ചുകൊണ്ടു "കർത്താവിന്റെ മാലാഖ ചൊല്ലി. വെള്ളക്കാരായ കാണികളെല്ലാം അത്ഭുതഭരിതരായി നിന്നുപോയി.

## മെത്രാൻപദം ഒട്ടും അഭികാമ്യമല്ല

ഓസ്ട്രേലിയായിൽ പുതുതായി അഭിഷേചിക്കപ്പെട്ട പാർക്കെസിലെ മെത്രാന്റെ ബഹുമാനാർത്ഥം നടന്ന ഒരു ബാൻക്വറ്റിൽ ടോസ്റ്റ് പ്രസംഗം ചെയ്ത കാർഡിനൽ ഗിൽറോയി തിരുമേനി പറഞ്ഞു: മെത്രാൻപദം ഇത്ര അഭികാമ്യമല്ലാതായിത്തീർന്നിട്ടുള്ള ഒരു കാലഘട്ടം സഭാചരിത്രത്തിൽ അധികം ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദികാദ്ധ്യക്ഷന്മാർ അതിഭീഷണമായ പീഡനത്തിനും മറ്റങ്ങൾക്കും ഇരയായിക്കൊണ്ടിരിക്കുന്നു. എന്നാൽ വേറൊരുവിധത്തിൽ ചിന്തിച്ചാൽ മെത്രാൻപദത്തിലേക്കു ഉയർത്തപ്പെടുന്നവർക്കു ഇത്ര ആശാവഹമായ കാലങ്ങൾ ചരിത്രത്തിലുണ്ടായിട്ടില്ലെന്നു പറയാം. ഇരുമ്പുയവനികക്കുള്ളിൽ ഈ വിനാശപ്പിശാചുക്കളെല്ലാം വരുത്തിക്കൂട്ടിക്കൊണ്ടിരിക്കുന്ന നശീകരണശക്തി നമ്മുടെ ഓസ്ട്രേലിയായിലും അതേ വിത്തുകൾതന്നെ വിതക്കുന്നതിനുള്ള തീവ്രയത്നങ്ങൾ ചെയ്യുന്നുണ്ട്. അവരുടെ ശ്രമങ്ങൾ ഫലപ്രദമാകുന്നില്ലെന്നു വന്നാൽത്തന്നെയും, ഓസ്ട്രേലിയൻ മെത്രാന്മാരെ ഇന്നു അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ഏറെയും ഭയവിഹ്വലരാക്കിത്തീർക്കത്തക്കവയായിരിക്കുന്നു. പല പ്രശ്നങ്ങൾ അവർക്കു നേരിടാനുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഈ പരിതഃസ്ഥിതിയിൽ നന്നാകാൻ പാടില്ലെന്നു പറയത്തക്കതരത്തിലുള്ള ശക്തിയേറിയ ഒരു വൈദികദൈന്യം അവരുടെ പിമ്പലുണ്ടെന്നുള്ളതു് നിസ്തുലമായ ഒരു അനുഗ്രഹമാണ്. നമ്മുടെ വൈദികസന്നാഹത്തേക്കാൾ മേലേക്കിടയിലുള്ള വൈദികവൃന്ദമുള്ള മറ്റൊരു രാജ്യത്തും ഇന്നു കാണാനാകയില്ല.

## മരിയവത്സരത്തിലെ നാമകരണച്ചടങ്ങുകൾ

ഏപ്രിൽ, മേയ്, ജൂൺ എന്ന മാസങ്ങളിലായി 7 പേരെ പരിശുദ്ധന്മാരായും, 3 പേരെ അനുഗൃഹീതരായും പേരുവിളിക്കുന്നതിനുള്ള പരിപാടിയാണ് ഇപ്പോൾ രൂപവൽക്കരിച്ചിട്ടുള്ളതു്. വിശുദ്ധന്മാരുടെ നാമാവലിയിൽ 10-ാം പീയൂസ് മാർപ്പാപ്പായും, സലേഷ്യൻ വിദ്യാർത്ഥിയായ ഡോമിനിക്ക് സാവിയോയും ഉൾപ്പെടുന്നതാണെന്നറിയുന്നു. 19-ാം ശതകത്തിന്റെ ആരംഭത്തിൽ ഫുത്തൂനാ ദ്വീപിൽവച്ചു രക്തസാക്ഷിമകുടമണിഞ്ഞ ഫ്രഞ്ചുകാരനായ ഫാദർ പീറ്റർ ചാനൽ, ഹാൻഡ് മെയിഡ്സ് ഓഫ് ചാരിറ്റി എന്ന ഇറ്റാലിയൻ കോൺഗ്രിഗേഷന്റെ സ്ഥാപകയായ മേർ മരിയ ക്രൂചിഫിസ്സായും വിശുദ്ധപദത്തിലേക്കുയർത്തപ്പെടുന്നതായിരിക്കും.

## പ്രഥമ ഏതദ്ദേശീയ സഹായമെത്രാൻ

ഫ്രഞ്ചുകാരുടെ വകയായി ഇൻഡ്യയിലുള്ള പോണ്ടിച്ചേരിയിൽ ഇപ്പോൾ സഭാഭരണം നടത്തുന്നതു പാരീസുകാരനായ ആഗസ്റ്റു കോളാസ് മെത്രാപ്പോലീത്തായാണ്. അദ്ദേഹത്തിനു 76 വയസ്സു കഴിഞ്ഞിരിക്കുന്നു. ആകയാൽ ഭാരതീയനായ ബിഷപ്പ് രായപ്പൻ അംബ്രോസ് എന്ന ദേഹത്തെ അദ്ദേഹത്തിന്റെ സഹായമെത്രാനും പിൻഗാമിയുമായി പരിശുദ്ധ സിംഹാസനത്തിൽനിന്നു നിയമിച്ചിരിക്കുന്നു. പുതിയ മെത്രാനു 52 വയസ്സു പ്രായമേയുള്ളു. അദ്ദേഹം മെത്രാപ്പോലീത്താപദത്തിലെത്തുമ്പോൾ പോണ്ടിച്ചേരിയിലെ പ്രഥമ ഭാരതീയമേലദ്ധ്യക്ഷനായിരിക്കും.

## ബ്രിട്ടീഷ് ആറ്റംചീഫ് ഒരു കത്തോലിക്കൻ

ബ്രിട്ടനിലെ ആറ്റംവകുപ്പിന്റെ അദ്ധ്യക്ഷനായി സർ എഡ്വിൻ നോയൽ പ്ലവ്ഡൻ എന്ന കത്തോലിക്കനെ നിയമിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഗവർമെന്റിന്റെ ചീഫ് പ്ലാനിങ്ങ് ഓഫീസർ ജോലി വഹിച്ചുവരികയായിരുന്നു അദ്ദേഹം. 46 വയസ്സുള്ള ഈ ശാസ്ത്രജ്ഞൻ സ്വിറ്റ്സർലണ്ടിലും കേംബ്രിഡ്ജിലുമാണ് വിദ്യാഭ്യാസം നടത്തിയതു്. 1939-ൽ അദ്ദേഹം ഗവർമെന്റുദ്യോഗത്തിൽ പ്രവേശിച്ചു. വിവാഹിതനായ ഇദ്ദേഹത്തിനു 4 സന്താനങ്ങളുണ്ട്.

## ഫാദർ പാട്രിക്ക് പെയ്റ്റൻ

കുടുംബജപമാല പ്രസ്ഥാനത്തിന്റെ പ്രചാരണാർത്ഥം ലോകപര്യടനം നടത്തുന്ന ഫാദർ പെയ്റ്റൻ ഇതിനകം മൂന്നുലക്ഷത്തോളം മൈൽ സഞ്ചരിച്ചിട്ടുള്ളതായി കാണുന്നു. 20 ലക്ഷത്തിൽപ്പരം ജനങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രവിച്ചിട്ടുണ്ട്. ഏകദേശം ഒരുകോടിയാളുകൾ പ്രതിദിനം ജപമാല നടത്തിക്കൊള്ളാമെന്നുള്ള ഉടമ്പടിയിൽ ഒപ്പിട്ടുകൊടുത്തിട്ടുമുണ്ട്. അമേരിക്കാ, കാനഡാ, ഇംഗ്ലണ്ട്, വെയിൽസ്, സ്പെയിൻ, ഉത്തരാഫ്രിക്കാ, ഫിലിപ്പൈൻസ് ആദിയായ രാജ്യങ്ങളിൽ പ്രസംഗപര്യടനം നടത്തിക്കഴിഞ്ഞു. ഓസ്ട്രേലിയായിൽ ഏതാനും ഭാഗങ്ങൾ രണ്ടുകൊല്ലം മുമ്പു സന്ദർശിച്ചതാണ്. ബാക്കിസ്ഥലങ്ങളിൽ ഇപ്പോൾ പര്യടനം ആരംഭിച്ചിരിക്കുന്നു. മെൽബോണിൽ ഈയിടെ അദ്ദേഹം നടത്തിയ ഒരു പ്രസംഗയോഗത്തിൽ ഒന്നരലക്ഷം ജനങ്ങളാണ് സംബന്ധിച്ചതു്. ഇത്രയും വലിയ ജനക്കൂട്ടം സ്പെയിനിൽ മാത്രമേ അദ്ദേഹം ദർശിച്ചിട്ടുള്ളു. ന്യൂയോർക്കിൽ 75000 വും, ലണ്ടനിൽ 83000 വും, ന്യൂകാർഷിയർസിൽ ഒന്നേകാൽലക്ഷവും, സിഡ്നിയിൽ ഒരുലക്ഷത്തിപതിനായിരവും ആളുകൾ സംബന്ധിച്ചിരുന്നു. ഐക്യമത്യത്തിൽ അടിയുറച്ച ഉണർച്ചയാണ് സകലത്ര ദൃശ്യമായിക്കൊണ്ടിരിക്കുന്നതു്. ഭക്തിയും സന്മനസ്സും അദ്ദേഹം പ്ലാനിട്ടിട്ടുള്ളപടി അറിയുന്നു.

## കർദ്ദിനാളന്മാർ ആരും മരിക്കാത്ത കൊല്ലം

ഇക്കഴിഞ്ഞ 1953 നു ഒരു പ്രത്യേകത പറയാനുണ്ട്. കർദ്ദിനാളന്മാരിലാരും അക്കൊല്ലം മരിച്ചിട്ടില്ല. തന്നെയുമല്ല മരിക്കുന്ന കർദ്ദിനാളന്മാർക്കുവേണ്ടി സിസ്റ്റൈൻ കപ്പേളയിൽ പ്രതിവർഷം നവമ്പർമാസത്തിൽ ഒരു സ്മരണബലി അർപ്പിക്കാറുള്ളതു അതിനാൽ നടന്നില്ല. കഴിഞ്ഞ 50 കൊല്ലങ്ങൾക്കിടയ്ക്കു ആദ്യമായിട്ടാണ് ഇങ്ങനെയൊരു സംഭവമുണ്ടായതെന്നും പറയപ്പെടുന്നു. 1952 ജൂൺമാസത്തിൽ കാർഡിനൽ ഫൊൺ ഫാൾഹാബർ ചരമമടഞ്ഞതിനുശേഷം ഇതുവരെയും കർദ്ദിനാൾസംഘത്തിൽനിന്നു ആരും മരണമടഞ്ഞിട്ടില്ല. അതിനാൽ ഈ അവസരത്തിലുള്ള കർദ്ദിനാൾസംഘത്തിലെ അംഗങ്ങൾ എഴുപതും പൂർത്തിയായിട്ടു ഒരു സംവത്സരം കഴിഞ്ഞുകൂടിയിട്ടുള്ളതും ഇതാദ്യമായാണ്.

## കത്തോലിക്കാസഭയുടെ കൊയ്ത്തുകാലം

പ്രസിദ്ധ ചിന്തകനും സാഹിത്യകാരനുമായ സർ അർനോൾഡ് ലൺ ഡബ്ലിൻ നഗരത്തിൽവച്ചു, 1900 ത്തിനും 1950 നും മദ്ധ്യേയുള്ള കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. പ്രോത്സാഹജനകങ്ങളായ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞതു്, മതപരിവർത്തനങ്ങളുടെ ഈ ശതാബ്ദം കത്തോലിക്കാസഭയ്ക്കു ഒരു കൊയ്ത്തുകാലമാണെന്നത്രെ. "ചരിത്രങ്ങൾ അടിക്കടി ചരിത്രഭിന്നമായി തീർന്നുകൊണ്ടിരിക്കയാണ്. കത്തോലിക്കാസഭയെപ്പറ്റി അറിയുന്നതിനും പഠിക്കുന്നതിനുമുള്ള ഔൽസുക്യം സർവ്വത്ര വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മിഷനറിപ്രവർത്തനങ്ങൾ വർദ്ധമാനമായിക്കൊണ്ടാണിരിക്കുന്നതു്. ബ്രിട്ടീഷ് മിഷനറിമാർ ഈ ശേഖരത്തിൽ വഹിച്ചുവരുന്ന പങ്കു സവിശേഷം ശ്ലാഘനീയമാണെന്നു എടുത്തുപറയേണ്ടതുണ്ട്."

## ഫിലിപ്പൈൻസിൽ ഞായറാഴ്ചയാചരണ നിയമം

കഴിഞ്ഞകൊല്ലം അവസാനത്തോടെ ഫിലിപ്പൈൻ ഗവർമെന്റ് ഞായറാഴ്ചകളും വിശുദ്ധ ദിവസങ്ങളും കടമായി ആചരിക്കുന്നതിനു ആജ്ഞാപിച്ചുകൊണ്ടുള്ള ഒരു നിയമം പാസ്സാക്കിയിരിക്കുന്നു. ലേബർ വകുപ്പുമന്ത്രി ജോസ് ഫിഗുവേരാസ് പുതിയ നിയമത്തിൽ പറയുന്നു: മതാനുഷ്ഠാനം ഫിലിപ്പൈൻ ജനസഞ്ചയത്തിനു സർവ്വപ്രധാനമായ കാര്യമാണ്. ആകയാൽ എല്ലാ ഞായറാഴ്ചകളിലും, ക്രിസ്തുമസ്സ്, നവവത്സരദിനം, പെസഹാവ്യാഴാഴ്ച, ദുഃഖവെള്ളിയാഴ്ച ഈ ദിവസങ്ങളിലും സകല കൂലിവേലകളും നിരോധിച്ചിരിക്കുന്നു. ഇതുകൂടാതെ പെസഹാവ്യാഴാഴ്ചയും, ദുഃഖവെള്ളിയാഴ്ചയും, കോഴിപ്പോര്, കുതിരപ്പന്തയം, നാടകം, സിനിമാ ആദിയായ വിനോദങ്ങളും മുടക്കിയിരിക്കുന്നു. ഇതിലേക്കു വല്ല ഒഴിവും വേണ്ടിവരുന്നവർ തൊഴിൽവകുപ്പിലേക്കു അപേക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ടുമെന്റിൽനിന്നു ഓരോ അപേക്ഷയെപ്പറ്റിയും വേണ്ട അന്വേഷണങ്ങൾ നടത്തി തീരുമാനം ചെയ്യുന്നതാകുന്നു.

## ക. മിഷനറിമാർ എത്യോപ്യായിലേക്ക്

എത്യോപ്യായിലേക്കു ഏതാനും മിഷനറിമാരെ ലഭിക്കുന്നതിനു അന്വേഷണം തുടങ്ങിയിട്ടു കുറേമാസങ്ങളായി. കാനഡായിൽനിന്നു കുറെ മിഷനറി വൈദികർ അതിലേക്കു സമ്മതിച്ചു പേരുകൊടുത്തിരിക്കുന്നു. അന്തോനീഡസ്സിലുള്ള മിഷനറിമാർക്കു സസന്തോഷം പ്രവേശനം നൽകുന്നതാണെന്നത്രെ എത്യോപ്യൻ ഗവർമെന്റ് അറിയിച്ചിരിക്കുന്നതു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

